المملكة العربية السعودية
وزارة الشؤون الإسلامية والأوقاف والدعوة والإرشاد
المكتب التعاوني للدعوة والإرشاد
وتوعية الجاليات بغرب الديرة

٦٣

# തവസ്സുൽ

## കെ.പി. മുഹമ്മദുബ്നു അഹ്മദ്(റ)

# التوسل

المليبارية

مع تحيات المكتب التعاوني للدعوة والإرشاد وتوعية الجاليات بغرب الديرة
هاتف : ٤٣٩١٩٤٢ ناسوخ : ٤٣٩١٨٥١ ص.ب : ١٥٤٤٨٨ الرياض : ١١٧٣٦
حساب رقم : ٤/٩٢٦٠ شركة الراجحي المصرفية فرع سلطانة

# الخير بين يديك

## ۞ أهداف المكتب:

**يسعى المكتب لتحقيق الأهداف الرئيسة التالية :-**

١. دعوة غير المسلمين إلى الإسلام .
٢. تعليم و توجيه حديثي الإسلام أصول الدين .
٣. تصحيح العقيدة و تنقيتها من البدع و الخرافات .
٤. نشر العلم الشرعي و ترسيخ العقيدة الصحيحة .

## ۞ إنجازات المكتب التعاوني بغرب الديرة :

**تم إنجاز ما يلي :-**

١. تم طباعة عدد (( ٨٠٠,٠٠٠ )) كتاب بمختلف اللغات .
٢. تم طباعة عدد (( ٦٧٢,٠٠٠ )) مطوية بمختلف اللغات .
٣. تم طباعة عدد (( ٤٢,٠٠٠ )) نشرة باللغة العربية .
٤. بلغ عدد المحاضرات و الدروس (( ٧٠٥ )) بمختلف اللغات .
٥. بلغ عدد الكلمات الوعظية (( ٣٩٠ )) كلمات باللغة العربية .
٦. إقامة رحلة عمرة لعدد (( ٦١ )) شخصاً خلال شهر رمضان ١٤٢٠ هـ .
٧. تم توزيع عدد (( ١٢٨٠ )) مصحفاً و ترجمةً لمعاني القرآن الكريم بمختلف اللغات ـ طباعة مجمع الملك فهد للمصحف الشريف ـ .
٨. تم توزيع عدد (( ١٤٢٠٠٠ )) كتاب و مطوية بمختلف اللغات .

فيا أخي الحبيب ليكن لك نصيب من هذا الخير .

# അത്തവസ്സുൽ

കെ. പി. മുഹമ്മദ് ബിൻ അഹ്മദ്
(സെക്രട്ടറി, കേരള നദ്‌വത്തുൽ മുജാഹിദീൻ)

പ്രസാധകർ

കേരള നദ്‌വത്തുൽ മുജാഹിദീൻ
(അൽമനാർ മാസിക)
മുജാഹിദ് സെൻറർ, കോഴിക്കോട്-2.

# AL-THAVASSUL

(Malayalam)

By: K. P. MUHAMMED BIN AHMED
(Secretary, Kerala Naduvathul Majahideen)

Copies : 3000

Publishers : Kerala Nadvathul Mujahideen,
(Al-Manar Monthly)
Mujahid Centre, Calicut-2.

Printed at : Amina Printers, Kallai Road, Calicut-673 003.

ك . بى . محمد بن احمد

الامين العام لندوة المجاهدين ـ كيرالا

التوسل

الناشر : ندوة المجاهدين كيرالا. الهند ( مجلة المنار )

مع مساعدة : احياء التراث الاسلامى ـ الكويت

مركز المجاهدين . كاليكوت ـ ٢ . كيرالا

مَثَلُ الَّذِينَ اتَّخَذُوا مِنْ دُونِ اللهِ
أَوْلِيَاءَ كَمَثَلِ الْعَنْكَبُوتِ اتَّخَذَتْ
بَيْتًا وَإِنَّ أَوْهَنَ الْبُيُوتِ لَبَيْتُ
الْعَنْكَبُوتِ لَوْ كَانُوا يَعْلَمُونَ ۝

— ٢٩ - ٤٠

# പ്രസ്താവന

കഴിഞ്ഞ ഒരു നൂററാണ്ടുകാലം, കേരള മുസ്ലിംകളുടെ സർവ്വതോമുഖമായ അഭിവൃദ്ധി ലക്ഷ്യംവെച്ചു നടന്ന എല്ലാ സാംസ്കാരിക സംരംഭങ്ങളിലും നവീകരണ പ്രവത്തനങ്ങളിലും പത്രമാസികകൾ പ്രധാന പങ്ക് വഹിച്ചിരുന്നു. ഇസ്ലാമിക വിജ്ഞാനത്തോടൊപ്പം പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിലും, സ്വഭാവ രൂപീകരണത്തിലും, ധാർമ്മികനിലവാരം വളർത്തിയെടുക്കുന്നതിലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉന്മൂലനം ചെയ്യുന്നതിലും സ്ത്രീ വിഭാഗത്തിന്റെ അവശതകൾ പരിഹരിക്കുന്നതിലും വായനാശീലം വളർത്തിയെടുക്കുന്നതിലും.....ഇങ്ങനെ നാനാതുറകളിലും പത്രമാസികകൾ മഹത്തായ സേവനങ്ങളനുഷ്ഠിച്ചിട്ടുണ്ട്.

1987ൽ മുപ്പത്തിമൂന്നു വയസ്സുതികയുന്ന അൽമനാർ, ആയുസ്സിന്റെ കാര്യത്തിൽ മാത്രമല്ല; പ്രവർത്തന ക്ഷമതയിലും സേവന തുറയിലും മുന്നിട്ടുനില്ക്കുന്ന ഒരു മാസികയാണ്. നാനാതരം പ്രതികൂല സാഹചര്യങ്ങളതിജീവിച്ചു, ദീർഘകാലം രംഗത്തുനിന്നു മാറാതെ പിടിച്ചുനിന്ന

സമാനമായ മറെറാരു മതപത്രം ചൂണ്ടിക്കാണിക്കപ്പെടുകയില്ല ജനങ്ങളുടെ അഭിരുചികാംക്ഷം അഭിലാഷങ്ങാംക്ക മൊത്താംതരംതാഴാതെ, മാത്രമല്ല, പലപ്പോഴും അവരുടെ അഭിരുചികാംക്ഷം അഭിലാഷങ്ങാംക്കമെതിരായും സ്വന്തം കാലിൽ വ്യാഴവട്ടങ്ങളതിജീവിച്ച അൽമനാർ, ആ രംഗത്തെ ഒററയാനുമാണ്. കേരള നദ്വത്തുൽ മുജാഹിദീൻെറ മുഖപത്രമെന്നനിലക്ക്, സംഘടനയുടെ ആദർശ ലക്ഷ്യപരിപാടികാംക്കനുസൃതമായി തൗഹീദിനനുകൂലമായ മാററം സൃഷ്ടിക്കുന്നതിലും ഇസ്ലാമിക വിജ്ഞാനം വളർത്തിയെടുക്കുന്നതിലും, കാലിക സംഭവങ്ങാം ഇസ്ലാമിക വീക്ഷണത്തിൽ വിലയിരുത്തുന്നതിലും, അപശബ്ദങ്ങാം യഥോചിതം പ്രതികരിക്കുന്നതിലും, മുസ്ലിം സാംസ്ക്കാരിക പൈതൃകം തലമുറകാംക്ക് പകരുന്നതിലുമെല്ലാം അൽമനാർ മുന്നണിയിൽതന്നെ നിലകൊള്ളുന്നു.

പുരുഷജീവിതത്തിൻെറ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോാം മുപ്പത്തിമൂന്നു വയസ്സ്, പക്വതയും പാകതയും കൈവന്ന യവ്വനകാലമാണ്. പാളിച്ചകളിൽ നിന്നും വീഴ്ചകളിൽ നിന്നും മുക്തമായ ബഹുമുഖ പ്രവർത്തനങ്ങളുടെ വസന്തകാലം. സൗന്ദര്യവും സൗരഭ്യവുമൊത്തുചേരുന്ന ഈ അനർഘ കാലത്തിൻെറ സമാഘോഷമെന്ന നിലക്ക് മുസ്ലിം സാംസ്കാരിക കേരളത്തിന്നു ഉപഹാരമായി അൽമനാർ നൽകുന്ന രണ്ടു വാടാമലരുകളാണ് രണ്ടു സുകൃതികാം-'അത്തവസ്സുൽ, അൽ ഇസ്തിഗാസ':

1982 മുതൽ അൽമനാറിൽ തന്നെ ഖണ്ഡശ: പ്രസിദ്ധീകരിച്ച ലേഖന പരമ്പരകളുടെ സമാഹരണമാണ് രണ്ടു കൃതികളും. അത്യാവശ്യമായ ചില ഭേദ

ഗതികളും പരിഷ്കരണങ്ങളും നടത്തിയിട്ടുണ്ടെന്ന് മാത്രം.

മുസ്ലിംകളുടെ വിശ്വാസവും പരലോക ജീവിത വിജയവുമായി ബന്ധപ്പെടുന്ന പരമപ്രധാനങ്ങളായ വിഷയങ്ങളാണ് തവസ്സുലും ഇസ്തിഗാസയും. അതു കൊണ്ടു തന്നെ കേരളത്തിലെ മുസ്ലിം പണ്ഡിതൻ മാർക്കിടയിൽ നടന്ന എല്ലാ വാദപ്രതിവാദങ്ങളുടേയും ഖണ്ഡന-മണ്ഡന പ്രസംഗങ്ങളുടേയും പ്രധാന ഇതിവൃത്തവും ആ രണ്ടു വിഷയങ്ങൾ തന്നെയായിരുന്നു. മാത്രമല്ല; മുസ്ലിം സാധാരണക്കാരും ഇതിൽ അങ്ങേ യററം ജിജ്ഞാസുക്കളും തൽപ്പരരുമായിരുന്നു.

ഈ രണ്ടു കൃതികളുടേയും കർത്താവു കേരള നദ്വ ത്തുൽ മുജാഹിദീൻ ജനറൽ സിക്രട്ടരി കെ. പി. മുഹമ്മദ് മൗലവി സാഹിബ് അവർകളാണ്. പാണ്ഡിത്യ ത്തിലും കാര്യങ്ങൾ നിഷ്പക്ഷമായും വസ്തുനിഷ്ട മായും സമീപിക്കുന്നതിലും പൊതു സമ്മതനാണ് ജനാബ് കെ. പി. അതിനാൽ, ഗ്രന്ഥകർത്താവിനെ പരിചയപ്പെടുത്തി വല്ലതും പറയുക അനാവശ്യം മാത്ര മായിരിക്കും.

പക്ഷം ചാരി എന്തെങ്കിലും എങ്ങനെയെങ്കിലും പറഞ്ഞു പോകുന്ന പ്രചാരണശൈലിയല്ല; വിഷയ ത്തിന്റെ നാനാവശവും അവതരിപ്പിച്ചു തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രം സത്യത്തിന്നു ഊന്നൽ കൊ ടുക്കുന്ന പഠന രീതിയാണ് വിഷയ വിശകലനത്തിൽ ഇതിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നതു. പണ്ഡിതൻ മാർക്കും പാമരൻമാർക്കും ഒരുപോലെ ഉപകാരപ്പെടുന്ന ഉത്തമ കൃതികളാണു രണ്ടും. അതെ അവസരം. ഉപകാ

രപ്പെടുന്നതിനു വളരെ പ്രധാനപ്പെട്ട ഒരു നിബന്ധന പാലിക്കപ്പെടേണ്ടതായുണ്ട്. വിഷയങ്ങളെക്കുറിച്ചു അനുകൂലമോ പ്രതികൂലമോ ആയ മുൻതീരുമാനങ്ങളൊന്നുമില്ലാതെ സത്യം ഗ്രഹിക്കണമെന്ന ഏക ലക്ഷ്യം മാത്രമായിരിക്കണം ഇതിന്റെ വായനക്ക് പ്രേരകം. എങ്കിൽ, അല്ലാഹു അനുഗ്രഹിച്ചു ആ ലക്ഷ്യം വായനക്കാർക്ക് നേടാൻ കഴിയും-സംശയമില്ല.

പുസ്തകങ്ങളെസംബന്ധിച്ചുള്ള മററുകാര്യങ്ങൾ. വായനക്കിടയിൽ സ്വയം അറിയാൻ കഴിയുന്നതുകൊണ്ട് ഈ പ്രസ്താവനയിൽ പരാമർശിക്കുന്നില്ല. സാമ്പത്തികമായ യാതൊരു പ്രതിഫലേഛയുമില്ലാതെ, പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനനുവദിച്ച ഗ്രന്ഥകത്താവിന്നും.,

പ്രസിദ്ധീകരിക്കുന്നതിൽ സാമ്പത്തിക സഹായം നൽകി സഹായിച്ച 'ഇഹ്യാഉത്തുറാസിൽ ഇസ്ലാമി' (കുവൈത്ത്)ന്നും ഹൃദയംഗമായ നന്ദി രേഖപ്പെടുത്തുന്നു.

പരാമൃഷ്ടകൃതികളിൽ 'തവസ്സുൽ' എന്ന ആദ്യഭാഗമാണ് വായനക്കാരുടെ കയ്യിലിരിക്കുന്ന ഈ പുസ്തകം. കരുണാനിധിയായ അല്ലാഹു നമ്മുടെ എല്ലാ ദീനീപ്രവത്തനങ്ങളെയും പ്രതിഫലാർഹങ്ങളായ സേവനങ്ങളായി സ്വീകരിക്കുമാറാകട്ടെ-ആമീൻ.

**മൂസാ-വാണിമേൽ**

പത്രാധിപർ, അൽമനാർ

മുജാഹിദ് സെൻറർ കോഴിക്കോട്-2.

# വിഷയങ്ങൾ

പേജ്:


| | |
|---|---|
| ആമുഖം | 9 |
| ഭാഷാപരമായ ചർച്ച | 11 |
| ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളിൽ | 18 |
| ഹദീസു വ്യാഖ്യാനഗ്രന്ഥങ്ങളിൽ | 20 |
| ദുർവ്യാഖ്യാനങ്ങൾ—വേറെയും | 33 |
| ഹദീസുകളുടെ വെളിച്ചത്തിൽ | 45 |
| അന്ധന്റെ തവസ്സുൽ | 63 |
| ചോദിക്കുന്നവരുടെ ഹഖ്ഖ് | 71 |
| ആരോപണം—ആദംനബിയുടെ പേരിലും | 78 |
| ഹഖ്കൊണ്ടുള്ള മററൊരു ഇടതേട്ടം | 85 |
| ഉസ്മാൻ (റ)വും ആവശ്യക്കാരനും | 92 |
| മാലിക്ക് (റ) വിന്റെ ഉപദേശം | 100 |
| അങ്ങനെയും കുറെ തെളിവുകൾ | 111 |
| ഖജ്റു മാന്തലും മേൽപ്പുര തുളക്കലും | 117 |
| അഅ്റാബിയുടെ ഇടതേട്ടം | 125 |
| മററൊരു സ്വപ്നത്തിന്റെ കഥ | 138 |
| സമാപനം | 147 |
| തെററുതിരുത്തി വായിക്കുക. (ശുദ്ധിപത്രം) | 162 |

# ആമുഖം

കേരള മുസ്ലിംകൾക്കിടയിൽ പരക്കെ അറിയപ്പെടുന്ന ഒരു അറബി പദമാണ് തവസ്സുൽ. കൊല്ലങ്ങളായി അവർക്കിടയിൽ നടന്നു വരുന്ന മതപ്രസംഗങ്ങളിലും പത്ര-മാസികകളിലും പ്രസിദ്ധീകരണങ്ങളിലുമെല്ലാം ആവർത്തിച്ചു വിശദീകരിച്ചു വരുന്ന ഒരാശയവുമാണത്. ഒട്ടേറെ വാദപ്രതിവാദങ്ങളും ഖണ്ഡനാമണ്ഡനങ്ങളും അതിൻെറ പേരിൽ അരങ്ങേറുകയും ചെയ്തിരിക്കുന്നു. മുസ്ലിംകൾക്കിടയിൽ തവസ്സുലിനുള്ള സ്ഥാനവും പ്രാധാന്യവുമാണ് അതിന്നു കാരണം.

'തവസ്സുൽ ഉൾപ്പെടാത്ത പ്രാർത്ഥനയും ആരാധനയും അല്ലാഹു സ്വീകരിക്കുകയില്ല. നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയ എല്ലാ ഇബാദത്തുകളിലും തവസ്സുൽ കൂടിയേ കഴിയൂ. തവസ്സുൽ നിഷേധിക്കുന്നവർ ഇസ്ലാമിൽ നിന്നു തന്നെ പുറത്ത് പോകുന്നു....' ഈ നിലക്ക് ഒരു വലിയ വിഭാഗം പണ്ഡിതൻമാർ ശക്തിയായി വാദിക്കുന്നു. അവരുടെ പ്രസംഗങ്ങളിലും പ്രസിദ്ധീകരണങ്ങളിലും ഈ വാദം ആവർത്തിക്കുകയും ചെയ്തിരിക്കുന്നു.

'തവസ്സുൽ, അതിൻെറ ശരിയായ അർത്ഥത്തിൽ നിന്നും ഉദ്ദേശത്തിൽ നിന്നും എടുത്തുമാററപ്പെട്ടിരിക്കു

ന്നു. തൽഫലമായി തവസ്സുലിൻെറ പേരിൽ ബഹുദൈവ വിശ്വാസവു (ശിർക്കു)മായി ബന്ധപ്പെടുന്ന പല ആരാധനകളും മുസ്ലിംകൾക്കിടയിൽ കടന്നുകൂടാനിടയായിട്ടുണ്ട്. അല്ലാഹുവുമായി അടുക്കുന്നതിന്നു പകരം അകലുവാനാണു ഇന്നതു കാരണമായിത്തീരുന്നതു....' എന്നിങ്ങനെ മറെറാരു വിഭാഗം പണ്ഡിതൻമാരും സമർത്ഥിക്കുന്നു. ഇങ്ങനെ ഏകദൈവ വിശ്വാസവും (തൗഹീദും) ബഹുദൈവ വിശ്വാസവു (ശിർക്കു)മായി ബന്ധപ്പെട്ട ഒരു സുപ്രധാന വിഷയമായിത്തീർന്നിരിക്കയാണ് 'തവസ്സുൽ', ഈ പശ്ചാത്തലത്തിൽ തവസ്സുലിനെക്കുറിച്ചു നിഷ്പക്ഷവും വസ്തുനിഷ്ഠവുമായ ഒരു പഠനം നടത്തുന്നതു എത്രയും ആവശ്യമായിത്തീർന്നിരിക്കയാണ്. സത്യാവസ്ഥ അറിയാനാഗ്രഹിക്കുന്നവർക്ക് കാര്യം മനസ്സിലാക്കുവാനും യാഥാർത്ഥ്യം കണ്ടെത്താനും അതു സഹായകമാവുകയും ചെയ്യും.

ഈ പഠനത്തിൽ സ്വന്തം നിലക്കുള്ള അഭിപ്രായങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും വില കൽപിക്കാവതല്ല. എന്തുകൊണ്ടെന്നാൽ, ഏതു വിഷയത്തെക്കുറിച്ചും സ്വന്തമായ ചില അഭിപ്രായങ്ങളും അനുമാനങ്ങളും ആർക്കുമുണ്ടാവാം. തദടിസ്ഥാനത്തിൽ അതു വ്യാഖ്യാനിക്കാനും കഴിയും, അതുകൊണ്ടു മുസ്ലിംലോകം മുഴുവൻ അംഗീകരിക്കുകയും, സംശയനിവൃത്തിക്കായി അവലംബിക്കുകയും ചെയ്യുന്ന പ്രസിദ്ധ ഗ്രന്ഥങ്ങൾ മാത്രമാണ് ഈ പഠനത്തിൽ നാം ആധാരമാക്കുന്നത് മുൻവിധിയൊന്നുമില്ലാതെ, സത്യം ഗ്രഹിക്കാൻ കഴിയണമെന്ന തെളിഞ്ഞ മനസ്സോടെ ഈ പഠനത്തിൽ സഹകരിക്കുമെന്നു വായനക്കാരിൽനിന്നു പ്രതീക്ഷിക്കുന്നു. കരുണാനിധിയായ അല്ലാഹു അതിന്നു തൗഫീഖ് നൽകുമാറാകട്ടെ—ആമീൻ.

# തവസ്സുൽ
# ഭാഷാപരമായ ചർച്ച

(1) പരിശുദ്ധ ഖുർആനിലെ പദങ്ങൾക്ക് അർത്ഥവും ആശയവും വിവരിക്കുന്ന ഒരു വിശിഷ്ട നിഘണ്ടുവാണ് ഇമാം റാഗിബിന്റെ 'അൽമുഫ്റദാത്ത്.'

(المفردات فى غريب القرأن لراغب الاصفهانى توفى ٥٠٢ ه)

തവസ്സുൽ എന്ന പദത്തിന്നു പ്രസ്തുത ഗ്രന്ഥത്തിൽ നൽകിയ അർത്ഥം ഇങ്ങനെയാണ്:–

الوسيلة التوصل الى الشيئ برغبة، وهى اخص من الوصيلة

لتضمنها لمعنى الرّغبة:... وحقيقة الوسيلة الى الله تعلى مراعاة

سبيله بالعلم والعبادة وتحرى مكارم الشريعة : وهى كالقربة

( مفردات الرّاغب )

'വസീലത്തു എന്നാൽ, ആഗ്രഹപൂർവ്വം ഒരു വസ്തുവിലേക്കെത്തുകയെന്നാണ്. ആഗ്രഹപൂർവ്വം' എന്നു കൂടി അതിനർത്ഥമുള്ളതുകൊണ്ടു, 'എത്തുക'യെന്ന മാത്രം അർത്ഥമുള്ള 'വസ്വീല'യിൽ നിന്നു അതു പ്രത്യേകപ്പെടുന്നു; അഥവാ പരിമിതപ്പെടുന്നു. മത കാര്യങ്ങൾ പഠിക്കുകയും ആരാധനകൾ നടത്തുകയും ശരീഅത്തിൻെറ ബഹുമതികൾ കാത്തുസൂക്ഷിക്കുകയും ചെയ്തുകൊണ്ടു അല്ലാഹുവിലേക്ക് അടുക്കുവാനുള്ള മാർഗ്ഗം, ശ്രദ്ധിച്ചു സൂക്ഷ്മത പാലിക്കുകയെന്നതാണു 'വസീല'യുടെ യഥാർത്ഥ്യം. അതു സാമീപ്യം എന്നതിന്ന തുല്യമാണ്.

(2) ഹദീസുകളിൽ വന്ന പദങ്ങൾക്ക് അർത്ഥവും ഉദ്ദേശവും വിശദീകരിക്കുന്ന പ്രസിദ്ധ നിഘണ്ടുവാണ് ഇമാം ഇബ്നുൽ അസീറിൻെറ ( ٦٠٦ - ٥٤٤ ) 'നിഹായത്ത്' (نهاية ابن الاثير) അതിൽ 'വസീല'ക്ക് ഇങ്ങനെ അർത്ഥം നൽകുന്നു.

الوسيلة : هى فى الاصل ما يتوصل به الى الشيئ ويتقرب به وجمعها وسائل ، يقال وسل اليه وسيلة وتوسّل والمراد به فى الحديث القرب الى الله تعالى وقيل هى الشفاعة يوم القيمة ، وقيل هى منزلة من منازل الجنة كذا جاء فى الحديث — نهاية

'വസീല എന്നാൽ, ഒരു വസ്തുവിലേക്ക് ചെന്നുചേരാനും ആ വസ്തുവുമായി സമീപിക്കാനും ഉതകുന്ന കാര്യം എന്നാണ് വാക്കർത്ഥം. ബഹുവചനം 'വസാ

ഇൽ'. 'വസല ഇലൈഹി, തവസ്സല എന്നിങ്ങനെയും പ്രയോഗങ്ങളുണ്ട്. ഹദീസിൽ ഈ പദംകൊണ്ടുദ്ദേശിക്കുന്നതു അല്ലാഹുവുമായുള്ള സാമീപ്യമാണ്. അന്ത്യദിനത്തിൽ നബി തിരുമേനിക്കനുവദിക്കപ്പെടുന്ന 'ശുപാർശ'യെന്നും സ്വർഗ്ഗത്തിലെ ഒരു പദവിയെന്നും അഭിപ്രായപ്പെടുന്നുണ്ട്.' (നിഹായത്ത്)

(3) പൊതുവായ നിലക്ക് അറബിഭാഷയിലെ ഒററവാക്കുകളുടെ അർത്ഥവും ആശയവും മനസ്സിലാക്കാൻ നിരാക്ഷേപം അവലംബിക്കപ്പെടുന്ന ഒരു പ്രാചീന നിഘണ്ടുവാണ് 'ഫൈറൂദാബാദി'യുടെ അൽഖാമൂസ്. തവസ്സുലിന്റെ അർത്ഥം അതിൽ ഇങ്ങനെ പറയുന്നു.

الوسيلة والواسلة المنزلة عند الملك والدّرجة والقربة ، وسل

الى الله توسلا عمل عملا تقرب به اليه كتوسّل (القاموس)

'വസീല, വാസില' എന്നിവയുടെ പദാർത്ഥം രാജസന്നിധിയിലെ സ്ഥാനം, പദവി, അടുപ്പം എന്നൊക്കെയാണ്. എന്നാൽ, അതു അല്ലാഹുവിലേക്ക് ചേർത്തു പറയുമ്പോൾ, അല്ലാഹുവിലേക്കടുപ്പിക്കുന്ന വല്ല പുണ്യകർമ്മവും ചെയ്തു എന്നും അർത്ഥം വരുന്നു. (ഖാമൂസ്).

(4) പ്രസിദ്ധമായ മറെറാരു ഭാഷാനിഘണ്ടു വാണ് ജമാലുദ്ദീൻ ഇബ്നുമൻസൂറുൻമിസ്രിയുടെ 'ലിസാനുൽ അറബ്'. അതിൽ, തവസ്സുലിന്റെ അർത്ഥം ഇങ്ങനെ നൽകുന്നു.

الوسيلة : المنزلة عند الملك والدّرجة والقربة وتوسل فلان
اليه بوسيلة اذاتقرب اليه بعمل — لسان العرب

'വസീലയെന്നാൽ രാജസന്നിധിയിൽ ലഭിക്കുന്ന സ്ഥാനവും പദവിയും അടുപ്പവും. ഒരാൾ വല്ല പ്രവൃത്തിയുംമുഖേന അല്ലാഹുവിലേക്കടുത്താൽ അയാൾ അല്ലാഹുവിലേക്ക് 'വസീല:' ചെയ്തു എന്നുപറയുന്നു.' (ലിസാനുൽ അറബ്)

(5) ഇക്കാലത്ത് കൂടുതലും ഉപയോഗിച്ചു വരുന്ന ഒരു അറബി നിഘണ്ടുവാണ്. 'അൽമുൻജിദ്'' മുസ്ലിംകളിൽ ഒരു കക്ഷിയുമായും പ്രത്യേകബന്ധമൊന്നുമില്ലാത്ത ഒരു ക്രിസ്ത്യൻ പാതിരിയാണ് അതിന്റെ കർത്താവ്. തവസ്സുലിന്നു മുൻജിദിൽ നൽകുന്ന അർത്ഥമിതാണ്.

وسل يسل وسيلة ووسل وتوسّل الى الله بعمل او وسيلة
عمل عملا تقرب به اليه تعالى ، الوسيلة ايضا المنزلة عند
الملك والدّرجة (المنجد)

'വല്ലകർമ്മവും കൊണ്ട്, അല്ലെങ്കിൽ അടുപ്പവും കൊണ്ടു അല്ലാഹുവിലേക്ക് തവസ്സുൽ ചെയ്തു എന്നുപറഞ്ഞാൽ അവനിലേക്കടുപ്പിക്കുന്ന പുണ്യ കർമ്മംചെയ്തു എന്നർത്ഥം. വസീലക്ക് രാജസന്നിധിയിലെ സ്ഥാനം, പദവി എന്നിങ്ങനെയും അർത്ഥമുണ്ട്.' (അൽ-മുൻജിദ്).

(6) 'ഇമാം സമഖ്ശരി' ( المتوفى - ٥٣٨ هـ ) യുടെ 'അസാസുൽ ബലാഗ:' അറിയപ്പെടുന്ന മറ്റൊരു ഗ്രന്ഥമാണ്. അതിൽ തവസ്സുലിനെ നിർവ്വചിക്കുന്നതിങ്ങനെയാണ്:

توسلت الى الله بعمل تقربت ( اساس البلاغة )

'വല്ല പ്രവൃത്തിയും ചെയ്തു ഞാൻ അല്ലാഹുവിൽ തവസ്സുൽ ചെയ്തു എന്നാൽ ഞാൻ അവനുമായി അടുത്തു എന്നർത്ഥം'. (അസാസുൽ ബലാഗ:)

ഒററവാക്കുകൾക്ക് അർത്ഥവും ഉദ്ദേശവും നിർണ്ണയിക്കുന്ന പ്രസിദ്ധങ്ങളായ അറബി നിഘണ്ടുക്കളിലും, മത സംബന്ധങ്ങളായ സാങ്കേതിക പദങ്ങൾക്ക് അർത്ഥവും ആശയവും വിവരിക്കുന്ന പ്രത്യേക ഗ്രന്ഥങ്ങളിലും തവസ്സുൽ, വസീല: എന്നീ പദങ്ങൾക്ക് നൽകപ്പെട്ട അർത്ഥവും ആശയവും എന്താണെന്നു നാം മനസ്സിലാക്കി. അതായത്, സ്ഥാനം, പദവി, അടുപ്പം എന്നൊക്കെയാണ് തവസ്സുലിന്റെ ഭാഷാപരമായ അർത്ഥം, അതു അല്ലാഹുവിങ്കലേക്ക് ചേർത്തു പറയുമ്പോൾ, അവനുമായി അടുപ്പിക്കുന്ന പുണ്യ കർമ്മം ചെയ്തു എന്നും.

ഇനി നമുക്ക്, ഭാഷയുടെ അടിസ്ഥാനത്തിൽ തന്നെ മറെറാരു നിലക്ക്കൂടി തവസ്സുലിനെക്കുറിച്ചു പഠിക്കാം. ഏതു പദത്തിനും അർത്ഥവും ആശയവും നിർണ്ണയിക്കുമ്പോൾ അതുൾക്കൊള്ളുന്ന മൂല ഭാഷാ സാഹിത്യങ്ങളിൽ ഏതെല്ലാം അർത്ഥത്തിലും ആശയത്തിലും അതുപയോഗിക്കപ്പെട്ടിട്ടുണ്ട് എന്നറിയുക

ആവശ്യമാണ്. അർത്ഥത്തിന്നും ആശയത്തിന്നും പുറമെ ഓരോ പദമുംകൊള്ളുന്ന സ്പിരിററും വികാരവും കൂടി ഗ്രഹിക്കാൻ അത് സഹായകമാകും. ഭാഷാ സാഹിത്യത്തിലെ കവിതാ വിഭാഗമാണ് സാധാരണ ഗതിയിൽ ഇതിനാശ്രയിക്കുന്ന മുഖ്യ ഘടകം. ഖുർആൻ-ഹദീസുകളുടെ വ്യാഖ്യാനത്തിനുപോലും ഈ മാർഗ്ഗം അവലംബിച്ചുകാണാം.

(1) ഇസ്ലാമിന്നു മുമ്പ് 'ജാഹിലിയ്യാ' കാലത്ത് ജീവിച്ചു മരിച്ച ഒരു വിശ്രുത കവിയാണ് 'അൻതറ:'. 'സബ്ഉൽമുഅല്ലഖ:' എന്ന പേരിൽ അറിയപ്പെടുന്ന പ്രസിദ്ധ കവിതാസമാഹാരത്തിലെ ഒരു കവികൂടിയാണദ്ദേഹം. പിണങ്ങി നിൽക്കുന്ന തന്റെ കാമിനിയോടു അദ്ദേഹം പറയുന്നു:

إِنَّ الرِّجَالَ لَهُمْ إِلَيْكِ وَسِيلَةٌ -

أَنْ يَأْخُذُوكِ تَكَحَّلِي وَ تَخَضَّبِي -

'നിന്നെ പ്രാപിക്കാൻ വേണ്ടി പുരുഷൻമാർക്കു നിന്നിലേക്കു ഒരടുപ്പമുണ്ട്, അതുകൊണ്ടു അവർക്കുവേണ്ടി നീ സുറുമയിടുകയും മൈലാഞ്ചിയണിയുകയുമൊക്കെ ചെയ്യുക'. (ദിവാനു അൻതറ) അടുപ്പം, സമീപനം എന്ന അർത്ഥത്തിലാണ് ഈ കവിതാശകലത്തിൽ 'വസീല'യെന്ന പദം ഉപയോഗിക്കപ്പെട്ടിരിക്കുന്നത്.

(2) പ്രസിദ്ധനായ മറെറാരുകവിയാണ് 'ലബീദ്'. അദ്ദേഹത്തിന്റെ കവിതയിലും 'വസീല' ഇതേ അർത്ഥത്തിൽ തന്നെ പ്രയോഗിക്കപ്പെട്ടിരിക്കുന്നു.

وَلَمَّا رَأَيْتُ الْقَوْمَ لاَ وُدَّ فِيهِمُ -
وَقَدْ قَطَعُوا كُلَّ الْعُرَى وَالْوَسَائِلِ .

'ആ ജനതയിൽ ഒരു സ്നേഹവും അവശേഷിക്കുന്നില്ലെന്നും, സർവ്വ ബന്ധങ്ങളും അടുപ്പങ്ങളും അവർ അറുത്തു മുറിച്ചു കളഞ്ഞെന്നും എനിക്ക് ബോധ്യമായപ്പോൾ........'

(3) അബൂത്വാലിബിൻെറ 'ലാമിയ്യാ' എന്ന വിശ്രുത കവിതാസമാഹാരത്തിലും അടുപ്പം, സാമീപ്യം എന്ന അർത്ഥത്തിൽ തവസ്സുൽ പ്രയോഗിച്ചുകാണാം.

أَرَى النَّاسَ لاَ يَدْرُونَ مَا قَدْرُ أَمْرِهِمْ
بَلَى كُلُّ ذِي دِينٍ إِلَى اللهِ وَاسِلُ

'ജനങ്ങൾ അവരുടെ പ്രശ്നത്തിൻെറ ഗൗരവം അർഹിക്കുന്ന വിധം മനസ്സിലാക്കിയിട്ടില്ലെന്നു എനിക്ക് തോന്നുന്നു. എന്നാൽ മതം അവലംബിക്കുന്നവരെല്ലാം അല്ലാഹുവിൻെറ സാമീപ്യത്തിന്നായി പ്രയത്നിക്കുന്നു'.

ഇങ്ങനെ, 'വസീല', 'തവസ്സുൽ' വാസിൽ, വസാഇല് തുടങ്ങിയ എല്ലാ പ്രയോഗങ്ങളും അടുപ്പം, സാമീപ്യം, അടുക്കാനും സാമീപ്യത്തിനുമുള്ള പുണ്യ കർമ്മങ്ങൾ എന്നീ അർത്ഥങ്ങളിലാണ് ഭാഷാസാഹിത്യങ്ങളിലും പ്രയോഗിച്ചതെന്നുകാണാം.

ഇനി നമുക്ക് ഈ പഠനവുമായി മററു മേഖലകളിലേക്ക് കടക്കാം.

## ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ:

(1) മുസ്ലിം പണ്ഡിതൻമാരിൽ പരക്കെ അറിയപ്പെടുകയും, അവലംബിക്കപ്പെട്ടു വരികയും ചെയ്യുന്ന ഒരു പ്രശസ്ത ഖുർആൻ വ്യാഖ്യാന ഗ്രന്ഥമാണ് 'തഫ്സീറുൽ ബൈസാവി'. ( تفسير البيضاوى )

'വസീല' കൊണ്ടുദ്ദേശിക്കപ്പെടുന്നതെന്താണെന്ന ബൈസാവി ഇങ്ങനെ വിശദീകരിക്കുന്നു:

الوسيلة ما يتوسلون به الى ثوابه والزّلفى منه من فعل الطاعات و ترك المعاصى ( ١٠ - ١٠٢ )

'വസീലയെന്നാൽ, അല്ലാഹുവിൽനിന്ന പ്രതിഫലം ലഭിക്കാനും അവനുമായി അടുക്കാനുംവേണ്ടി പുണ്യ കർമ്മങ്ങൾ ചെയ്യുകയും, കുററ കൃത്യങ്ങളിൽനിന്ന വിരമിക്കുകയുമാണ്. (വാ: 10: പേ: 120)

(2) وَابْتَغُوا إِلَيْهِ الْوَسِيلَةَ അവനിലേക്ക് (അല്ലാഹുവിങ്കലേക്ക്) 'വസീല' കാംക്ഷിക്കുക' എന്ന ഖുർആൻ വാക്യത്തിൻെറ വ്യാഖ്യാനത്തിൽ 'ജലാലൈനി'യിൽ വിവരിക്കുന്നു:

الوسيلة : ما يقربكم اليه من الطاعات ( جلالين )

'അല്ലാഹുവിങ്കലേക്ക് അടുപ്പമുണ്ടാക്കുന്ന സൽകർമ്മങ്ങളാണ് വസീല' (ജലാലൈനി)

(3) ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രാചീനം എന്നറിയപ്പെടുന്ന 'തഫ്സീറുത്ത്വബ്‌രി'

ابو جعفر محمد بن جرير الطبرى ( تفسير الطبرى ) യിൽ

തവസ്സുലിനെക്കുറിച്ചു നടത്തിയ ദീർഘ ( ٣١٠ هـ ) മായ ചർച്ച അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്.

يعنى بالوسيلة القربة (٦ - ٢٢٦) 'വസീല കൊണ്ടു വിവക്ഷിക്കപ്പെടുന്നതു അടുപ്പമാകുന്നു'.

(4) സുപ്രസിദ്ധമായ മറ്റൊരു ഖുർആൻ വ്യാഖ്യാന ഗ്രന്ഥമാണ് 'തഫ്സീറു ഇബ്നു കസീർ'.

( تفسير ابن كثير ) اسمعيل بن كثير القرشى الدمشق

സ്വഹാബി വര്യനായ ഇബ്നു ( المتوفى ٧٧٤ هـ ) അബ്ബാസു (റ), മുജാഹിദു, ഖത്താദ: (റ) തുടങ്ങിയ താബിഉകൾ തുടങ്ങിയവരെല്ലാം വസീലക്ക് 'അടുപ്പം' എന്ന അർത്ഥമാണ് നൽകിയതെന്നു സ്ഥാപിച്ച ശേഷം ഇബ്നു കസീർ തദ്സംബന്ധമായ ചർച്ച ഇങ്ങനെ ഉപസംഹരിക്കുന്നു:

هذا الذى قاله هؤلاء الائمة لاخلاف بين المفسرين فيه (٢ - ٥٢)

'നേതാക്കളായ ഈ എല്ലാ പണ്ഡിതൻമാരും തവസ്സുലിനും വസീലക്കും നൽകിയ അർത്ഥത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ യാതൊരഭിപ്രായ വ്യത്യാസവുമില്ല' (٢-52).

## ഹദീസു വ്യാഖ്യാനഗ്രന്ഥങ്ങളിൽ

വസീലയുടെ അർത്ഥം അടുപ്പം എന്നാണ്; ഖുർആൻ വ്യാഖ്യാതാക്കാംക്കിടയിൽ അക്കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല എന്ന ഇബ്നു കസീറി(റ)ൻെറ പ്രസ്താവം വായനക്കാർ കണ്ടു. പ്രസിദ്ധങ്ങളും മുസ്ലിം ലോകം പൊതുവെ അംഗീകരിക്കുകയും ചെയ്യുന്ന പല തഫ്സീറുകളിലെയും വാചകങ്ങളും നാം ഉദ്ധരിച്ചു. തവസ്സുൽ ചെയ്യുക; അല്ലെങ്കിൽ വസീല തേടുക എന്നാൽ, അല്ലാഹുവിലേക്ക് അടുപ്പം ആഗ്രഹിക്കുകയും അതിന്നുവേണ്ടി പുണ്യ കർമ്മങ്ങാം ചെയ്യുകയുമാണുദ്ദേശമെന്നു നാം മനസ്സിലാക്കുകയും ചെയ്തു. ഇനി നമുക്ക്, ഈ വിഷയത്തിൽ ഹദീസു ഗ്രന്ഥങ്ങാം എന്തു പറയുന്നു എന്നു നോക്കാം.

(1) പ്രസിദ്ധ ഹദീസു പണ്ഡിതനും, സ്വഹീഹുൽ ബുഖാരിയുടെ വ്യാഖ്യാതാക്കളിൽ പ്രധാനിയുമായ ഇമാം ഇബ്നു ഹജറുൽ അസ്ഖലാനീ (റ) 'തവസ്സുൽ' ഇങ്ങനെ വിശകലനം ചെയ്യുന്നു'

والمراد بالوسيلة القربة اخرجه عبد الرّزّاق عن معمر عن قتادة و اخرجه الطبرى من طريق اخرى عن قتادة ومن طريق ابن عباس ( فتح البارى ٣٩٨ - ٨ ) വസീലകൊണ്ടു വിവക്ഷിക്കപ്പെടുന്നതു 'അടുപ്പ'മാകുന്നു. അബ്ദുൽ റസാക്കും ത്വബ്രിയും പല മാർഗങ്ങളിലൂടെ അങ്ങനെ റിപ്പോർട്ടു ചെയ്യുന്നു. (ഫത്ത്ഹുൽബാരി. 8-398)

(2) സ്വഹീഹുൽ ബുഖാരിയുടെ തന്നെ മറ്റൊരു വ്യാഖ്യാതാവ് 'ഖസ്ത്വല്ലാനി'യുടെ 'ഇർശാദുസ്സാരി'

ഒ ന്നു ഗ്രന്ഥത്തിലും ഈ അർത്ഥത്തിൽ തന്നെ തവസ്സുൽ നിർവ്വചിക്കപ്പെട്ടിരിക്കുന്നു. അതിലെ വാചകം ഇങ്ങനെയാണ്:

الوسيلة اى القربة كما اخرجه عبد الرزّاق عن قتادة (٧ - ٢٠٨)

'അബ്ദുൽ റസാഖ് ഖത്താദയിൽ നിന്ന് ഉദ്ധരിക്കുന്നതു പോലെ, വസീലയുടെ ഉദ്ദേശം 'അടുപ്പം' എന്നാകുന്നു. (7-208)

അറബിഭാഷയിലെ പദങ്ങൾക്ക് അർത്ഥവും ആശയവും വിവരിക്കുന്ന പ്രധാന നിഘണ്ടുക്കൾ, സാഹിത്യ കൃതികളിലെ പ്രയോഗങ്ങൾ, ഖുർആൻ-ഹദീസുകളിലെ പദങ്ങൾക്ക് അർത്ഥവും ആശയവും വിശദീകരിക്കുന്ന പ്രത്യേക ഗ്രന്ഥങ്ങൾ, പ്രസിദ്ധങ്ങളായ ഖുർആൻ, ഹദീസു വ്യാഖ്യാനങ്ങൾ....ഇവയുടെയെല്ലാം അടിസ്ഥാനത്തിൽ നടത്തിയ തവസ്സുൽ വസീലകളെക്കുറിച്ചുള്ള ഭാഷാപരമായ ചർച്ച ഇവിടെ അവസാനിക്കുകയാണ്. 'അനുഗ്രഹവും പ്രതീക്ഷയും പുലർത്തിക്കൊണ്ടു പുണ്യകർമ്മം ചെയ്തു അല്ലാഹുവുമായി അടുപ്പമുണ്ടാക്കുക'-ഇതാണ് ഭാഷാപരമായും സാങ്കേതികമായും തവസ്സുലിന്റേയും വസീലയുടേയും അർത്ഥവും ആശയവും. ഇതാണു ദീർഘമായ ഈ ചർച്ചയിൽ നിന്നു ഒരു സത്യാന്വേഷിക്ക് മനസ്സിലാക്കാൻ കഴിയുക. ഇനി നമുക്ക് മറ്റൊരു മേഖലയിലേക്കു കടക്കാം.

# 2

മനുഷ്യന്നു തന്റെ സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിലേക്ക് അടുക്കുവാനും അവന്റെ സ്നേഹവും സാമീപ്യവും സമ്പാദിക്കുവാനുമുള്ള മാർഗ്ഗം അവന്റെ പ്രവാചകൻ വിശദീകരിച്ചു തരികയും സ്വന്തം ജീവിതം മുഖേനെകാണിച്ചു തരികയും ചെയ്തിട്ടുണ്ട്. ഒരു നൻമയെക്കുറിച്ചും അവിടുന്ന കൽപിക്കാതിരുന്നിട്ടില്ല; ഒരു തിൻമയെക്കുറിച്ചും വിരോധിക്കാതിരുന്നിട്ടുമില്ല. നമ്മുടെ പഠനവിഷയമായ തവസ്സുലിന്റെ ശരിയായ വിവക്ഷയെക്കുറിച്ചും, പുണ്ണ്യകർമ്മങ്ങൾ ചെയ്തുകൊണ്ടു അല്ലാഹുവിലേക്ക് അടുക്കുകയെന്നാണല്ലോ. അല്ലാഹുവിങ്കലേക്ക അടുക്കുവാനുള്ള കാര്യങ്ങളെ പ്രവാചക വചനങ്ങളിൽനിന്ന തന്നെ നമുക്ക് മനസ്സിലാക്കാം.

عن ابی هريرة رضی : قال قال رسول الله صلعم انّ

الله تعالى قال من عادى لی وليا فقد آذنته بالحرب وما تقرب

الى عبدى بشـــيئ احبّ الىّ مما افترضـــته عليه ، وما زال عبدى يتقرب الىّ بالنّوافل حتى أحبه فاذا أجـببتـة فـكنت سمعه الذى يسمع به وبصره الذى يبصر به ويده التى يبطش بها ورجله التى يمشـــى بها وان ســـألنى لا عطينّه وان اســـتعاذنى لا عيذنّـه ( بخارى )

അല്ലാഹു പറഞ്ഞിട്ടുണ്ടെന്നു്,

'നബി (സ) പറഞ്ഞു. എന്റെ വലിയ്യിനോടു (ഞാന്ന മായിഅടുത്തവനോട്) ആരെങ്കിലും ശത്രുത പുലർ ത്തുകയാണെങ്കിൽ, അവനുമായി ഞാൻ യുദ്ധം പ്രഖ്യാ പിച്ചിരിക്കുന്നു ഞാനുമായി അടുക്കുന്നതിനു എന്റെ അടിമക്ക് ഞാൻ ഏററവും ഇഷ്ടപ്പെടുന്നതു ഞാൻ അവനുനിർബ്ബന്ധമാക്കി കൽപിച്ച കാര്യങ്ങൾ അനു ഷ്ടിക്കലാകുന്നു. സുന്നത്തായ (ഐഛികമായ) കർ മ്മങ്ങൾ മുഖേന എന്റെ അടിമ ഞാനുമായി അടുത്തു കൊണ്ടേയിരിക്കും, എത്രത്തോളമെന്നാൽ ഞാൻ അവ നെ സ്നേഹിച്ചാൽ അവൻ കേൾക്കുന്ന കാതും, കാണു ന്നകണ്ണും, പിടിക്കുന്ന കയ്യും, നടക്കുന്നകാലും എല്ലാം ഞാനായിത്തീരും. എന്നോട് ചോദിച്ചാൽ ഞാനവനു നൽകും; എന്നിൽ അഭയം തേടിയാൽ ഞാനവനു അഭ യംനൽകുകയും ചെയ്യും. (ബുഖാരി)

ഈ തിരുവചനത്തിൽ നിന്നു രണ്ടു കാര്യങ്ങൾ വ്യ ക്തമായി മനസ്സിലാക്കാൻ കഴിയുന്നു: അടിമക്ക് അല്ലാ ഹുവിലേക്കടുക്കാനുള്ള ഒന്നാമത്തെ മാർഗ്ഗം, അല്ലാ ഹു നിർബ്ബന്ധമാക്കി കൽപിച്ച കാര്യങ്ങൾ അനുഷ്ഠി ക്കുക എന്നതാണ്. അതായതു, ഓരോ വ്യക്തിയും ക ണിശമായി നിർവ്വഹിക്കേണ്ട നിർബ്ബന്ധ കർമ്മങ്ങൾ ഒ

ഴിച്ചു നിർത്തിക്കൊണ്ടു അല്ലാഹുവുമായി അടുക്കാൻ സാധ്യമല്ല. അതോടൊപ്പം നിർബ്ബന്ധമല്ലാത്ത സുന്നത്തുകൾകൂടി അനുഷ്ടിക്കുകയാണെങ്കിൽ ആ 'അടുപ്പം' കൂടുതൽ സുദൃഢവും രൂഢമൂലവുമായിരിക്കും. അല്ലാഹുവിൻെറ 'വലിയ്യ്'ആകാൻ അഥവാ അല്ലാഹുവിൻെറ സാമീപ്യം നേടുവാൻ ഇതല്ലാത്ത മൂന്നാമതൊരു മാർഗ്ഗവും ഇല്ല തന്നെ.

ഈ തിരുവചനത്തിലെ 'അല്ലാഹു അടിമയുടെ ചെവിയാകുക, കണ്ണാകുക, കയ്യും കാലുമാകുക' എന്നീ പ്രയോഗങ്ങൾ കേവലം ആലങ്കാരികമാണ്. നിർബ്ബന്ധ കർമ്മങ്ങൾക്ക് പുറമെ സുന്നത്തുകൾകൂടി അനുഷ്ടിച്ചു ഒരടിമ അല്ലാഹുവിൻെറ സാമീപ്യം സമ്പാദിക്കുകയാണെങ്കിൽ പിന്നെ, അവൻ അല്ലാഹു ഇഷ്ടപ്പെടുന്നതേ കേൾക്കുകയുള്ളൂ; അല്ലാഹു തൃപ്തിപ്പെടുന്നതേ കാണുകയുള്ളൂ. അല്ലാഹു അനുവദിക്കുന്നതേ പ്രവൃത്തിക്കുകയുള്ളൂ എന്ന ആശയം പരമമായ പ്രോത്സാഹന ശൈലിയിൽ അവതരിപ്പിച്ചിരിക്കയാണ്. മറിച്ചു, അതിന്നു ബാഹ്യമായ അർത്ഥവും ആശയവും കൽപിക്കുന്നതു അജ്ഞതയും അവിവേകവും മാത്രമായിരിക്കും. അതു ഇസ്ലാമിന്ന നിരക്കാത്ത അദ്വൈത സിദ്ധാന്തികളുടെ പിഴച്ച വാദവും കൂടിയായിരിക്കുമെന്നു ഈ ഹദീസിൻെറ വ്യാഖ്യാനത്തിൽ ഇബ്നു ഹജറുൽ അസ്ഖലാനീ പ്രസ്താവിക്കുന്നു:-

قال العوفى : اتفق العلماء ممن يعتد بقوله إن هذا مجاز و كناية عن نصرة العبد و تأييده واعانته حتى كأنه سبحانه ينزل نفسه من عبده منزلة الآلات التى يستعين بها .... قال

والاتحادية زعموا انّه على حقيقته وان الحق عين العبد ●

— فتح البارى : ٣٤٤ ١١

പരിശുദ്ധ ഖുർആനിൽ രണ്ടു സ്ഥലങ്ങളിലാണ് "വസീലത്ത്" എന്ന പദം പ്രയോഗിക്കപ്പെട്ടത്—'സൂറത്തുൽ മാഇദ'യിലെ മുപ്പത്തിഅഞ്ചാം സൂക്തത്തിലും, സൂറത്തുൽ ഇസ്റാഇലെ അമ്പത്തിഏഴാം സൂക്തത്തിലും. സൂറത്തുൽ മാഇദയിലെ സൂക്തം ഇതാണ്.

يٰٓاَيُّهَا الَّذِيْنَ اٰمَنُوا اتَّقُوا اللّٰهَ وَابْتَغُوْا اِلَيْهِ الْوَسِيْلَةَ وَجَاهِدُوْا فِىْ سَبِيْلِ اللّٰهِ لَعَلَّكُمْ تُفْلِحُوْنَ ●

— المائدة ٣٥

'വിശ്വസിച്ചവരെ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക; അവന്റെ സാമീപ്യം ആഗ്രഹിക്കുകയും അവന്റെ മാർഗ്ഗത്തിൽ സമരം നടത്തുകയും ചെയ്യുക. നിങ്ങൾ വിജയിക്കുന്നവരായേക്കാം. (അൽമാഇദാ: 35) സത്യവിശ്വാസികളുടെ ഇഹത്തിലും പരത്തിലുമുള്ള വിജയത്തിനു നിദാനമായി മൂന്നു കാര്യങ്ങളാണ് ഈ ഖുർആൻ വാക്യത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

(1) അല്ലാഹുവിനെ സൂക്ഷിക്കുക. ( التقوى )

അല്ലാഹുവിന്റെ കല്പനകൾ കഴിവിന്റെ പരമാവധി അനുസരിക്കുകയും, അവൻ വിരോധിച്ച എല്ലാകാര്യങ്ങളിൽനിന്നും ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക—ഇതാണ് 'തഖ്‌വാ' കൊണ്ടുദ്ദേശിക്കപ്പെടുന്നത്.

اتقوا! الله يقول أجيبوا الله فيما أمركم ونهاكم بالطاعة له في ذلك وحققوا ايمانكم وتصديقكم ربكم ونبيكم بالصالح من أعمالكم — تفسير المائدة ( ابن جرير الطبرى - ١٤٦ - ٦ )

അല്ലാഹു വിരോധിച്ച കാര്യങ്ങൾ വർജ്ജിക്കുകയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നു 'ഇബ്നുകസീർ' അഭിപ്രായപ്പെടുന്നു.

يقول تعالى امر عباده المؤمنين بتقواه وهي اذا قرنت بطاعته كان المراد منها الا نكفاف عن المحارم وترك المنهيات له ( ابن كثير ٥٢ - ٢ )

(2) അല്ലാഹുവിലേക്ക് വസീല തേടുക;

( التوسل الى الله ) അല്ലാഹു കൽപിച്ചതും അവൻ ഇഷ്ടപ്പെടുന്നതുമായ പുണ്യകർമ്മങ്ങൾ അനുഷ്ടിച്ചു. അവനുമായുള്ള അടുപ്പവും സാമീപ്യവും സമ്പാദിക്കുകയെന്നതാണ് ഇതിന്റെ വിവക്ഷയെന്നു മേൽപറഞ്ഞതണു ഖുർആൻ വ്യാഖ്യാതാക്കളും സമർത്ഥിക്കുന്നു.

١ - ابن وائل ٢ - عطاء ٣ - السدى ٤ - قتادة ٥ - مجاهد
٦ - الحسن ٧ - ابن زيد ٨ - عبد الله بن كثير

മുതലായവർ എല്ലാം الوسيلة എന്നതിനു القربة എന്ന ർത്ഥമാണ് നൽകിട്ടുള്ളതു എന്നു ابن جرير الطبرى വ്യക്ത

മാക്കിയിരിക്കുന്നു. വേറെ അർത്ഥം ആരെങ്കിലും പറഞ്ഞതായി അദ്ദേഹം ഉദ്ധരിച്ചിട്ടേയില്ല. (6-146-147) മേൽ പ്രസ്താവിച്ച 8 ഖുർആൻ വ്യാഖ്യാതാക്കളായ മഹാപണ്ഡിതൻമാരിൽനിന്നും الوسيلة യുടെ അർത്ഥം القربة തന്നെയാണെന്നു ابو عبد الله محمد بن أحمد الانصارى തന്റെതഫ്സിറിൽ (3-107ൽ ഉദ്ധരിച്ചിരിക്കുന്നു.القرطبى വസീലയുടെ അർത്ഥം അടുപ്പം, സാമീപ്യം എന്നാണെന്നകാര്യത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ യാതൊരഭിപ്രായ വ്യത്യാസവുമില്ലെന്നുകൂടി ഇബ്നുകസീർ അവകാശപ്പെടുന്നു.

وهذا الّذى قال هؤلاء الائمة لاخلاف بين المفسرين فيه
( ابن كثير ٥٢ - ٢ )

ഈ 'മതത്തിന്റെ നേതാക്കൾ വസീലക്ക് നൽകിയ ഈ അർത്ഥത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ യാതൊരഭിപ്രായ വ്യത്യാസവുമില്ല.' (2-52) പ്രസ്തുത ആയത്തിന്റെ വ്യാഖ്യാനത്തിൽ തവസ്സുൽ വസീലത്തു എന്നതിനെ സംബന്ധിച്ചു.

ابوالفضل شهاب الدين السيد محمد الالوسى المتوفى (١٢٧٠ ﻫ)

ദീർഘമായി ഉപന്യസിച്ചിട്ടുണ്ട്. സൽകർമ്മങ്ങൾ കൊണ്ടു സാമീപ്യം തേടുക എന്നുതന്നെയാണ് അദ്ദേഹം സ്ഥാപിച്ചിട്ടുള്ളത്. കൂടുതൽ പഠിക്കുവാൻ ആഗ്രഹിക്കുന്നവർ അതു വായിക്കുന്നതു നന്നായിരിക്കും.

(3) അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുക. (الجهاد في سبيل الله) അല്ലാഹുവിന്റെ മതത്തെ ( دين الاسلام ) സ്വന്തം ജീവിതത്തിൽ പകർത്തുകയും മററുള്ളവർക്കിടയിൽ പ്രചരിപ്പിക്കുകയും അതു നിലനിർത്താനാവശ്യമായ എല്ലാ മാർഗ്ഗങ്ങളും അവലംബിക്കുകയുമാണു ദൈവമാർഗ്ഗത്തിലെ സമരം. അപ്പോൾ, മേൽപറഞ്ഞ ഈ മൂന്നുകാര്യങ്ങളും പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്ന വിശ്വാസികൾക്കാണു ഇഹലോകത്തും പരലോകത്തും വിജയം നേടാൻ കഴിയുക— ഇതാണു പ്രസ്തുത വാക്യത്തിലൂടെ പരിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നത്.

"വസീലത്ത്" എന്ന പദം പരിശുദ്ധ ഖുർആനിൽ പ്രതിപാദിക്കപ്പെട്ട രണ്ടാമത്തെ സ്ഥലം സൂറത്തുൽ ഇസ്റാഇലാണ്. അതിങ്ങനെയാണ്:

قُلِ ادْعُوا الَّذِينَ زَعَمْتُمْ مِنْ دُونِهِ فَلَا
يَمْلِكُونَ كَشْفَ الضُّرِّ عَنْكُمْ وَلَا تَحْوِيلًا
أُولَٰئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ
الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ
وَيَخَافُونَ عَذَابَهُ إِنَّ عَذَابَ رَبِّكَ كَانَ
مَحْذُورًا ۝ ( الاسراء )

'നബീ, പറയുക–അവനെ (അല്ലാഹുവിനെ) കൂടാതെ (സഹായികളാണെന്നു) നിങ്ങാം ജൽപ്പിക്കുന്നവരെ നി ങ്ങാം വിളിച്ചു പ്രാർത്ഥിക്കുക-നിങ്ങളിൽനിന്നു ബു ദ്ധിമുട്ടുകാം ഇല്ലായ്മ ചെയ്യുവാനോ,നീക്കം ചെയ്യുവാ നോ അവക്ക സാധ്യമല്ല. നിങ്ങാം വിളിച്ചു പ്രാർത്ഥി ക്കുന്നവരുടെ കൂട്ടത്തിൽ അല്ലാഹുവിൽ ഏററവും അ ടുത്തവർ തന്നെ, അവരുടെ രക്ഷിതാവിലേക്ക് (അ ല്ലാഹുവിലേക്ക്) സാമീപ്യം തേടുകയും അവൻെറ അ നുഗ്രഹം ആഗ്രഹിക്കുകയും അവൻെറ ശിക്ഷ ഭയ പ്പെടുകയും ചെയ്യുന്നു. നിൻെറ രക്ഷിതാവിൻെറ ശി ക്ഷയാകട്ടെ-അതു സൂക്ഷിക്കേണ്ടതുതന്നെയാകുന്നു'. (അൽ ഇസ്റാഉ്)

ഈ സൂക്തത്തിലും 'വസീലത്ത്' എന്ന പദത്തിന്നു അടുപ്പം, സാമീപ്യം എന്ന അർത്ഥം തന്നെയാണു എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും നൽകിയിരിക്കുന്നത്. പ്രവാചകൻമാർ, സ്വാലിഹുകാം, ഔലിയാക്കാം തുട ങ്ങിയ മൺമറഞ്ഞ പുണ്യാത്മാക്കളെ ഇടയാളൻമാരാക്കി നിർത്തി, അവരോടു സഹായാഭ്യർത്ഥന നടത്തിയ മക്കാ മുശ്രിക്കുകളെ ആക്ഷേപിക്കുകയും അവരുടെ വിശ്വാ സത്തെ ഖണ്ഡിക്കുകയും ചെയ്യുകയാണു ഈ സൂക്ത മെന്നത്രെ പ്രത്യേകം പ്രസ്താവ്യമാണ്. അവരെ വിളിച്ചു പ്രാർത്ഥിക്കുന്നതുകൊണ്ട് നിങ്ങാംക്ക് യാതൊരു പ്രയോ ജനവും ഉണ്ടാകുകയില്ല. എന്തെങ്കിലും സഹായം ചെ യ്യാൻ അവർക്ക്സാധ്യവുമല്ല, അവർ അല്ലാഹുവിൻെറ സാമിപ്യവും അനുഗ്രഹവും ആഗ്രഹിക്കുന്നവരും ശിക്ഷ യെ ഭയന്നു കഴിയുന്നവരുമാണ്-എന്നെല്ലാം മുശ്രിക്കു കളെ അല്ലാഹു ഉണർത്തുകയാണ്. അപ്പോാം, ഈ സൂക്തത്തിലെ 'വസീലത്തി'ന്നു 'ഇടയാളൻ' എന്ന

അത്ഥമോ, ആ നിലക്കുള്ള ആശയമോ ഉണ്ടാകുന്ന പ്രശ്നമേ ഉൽഭവിക്കുന്നില്ല.

മനുഷ്യരിൽ, ജിന്നുകളെ വിളിച്ചു സഹായം തേടിയിരുന്ന വിഭാഗമാണ് ഈ സൂക്തത്തിൽ പ്രതിപാദിക്കപ്പെട്ടതെന്നു ഖുർആൻ വ്യാഖ്യാതാക്കളിൽ ചിലർ അഭിപ്രായപ്പെടുന്നു. സ്വഹീഹുൽ ബുഖാരിയിലെ ഒരു ഹദീസാണു അവർക്കു അതിനാധാരം:—'ഒരു വിഭാഗം ജിന്നുകൾ സത്യവിശ്വാസം സ്വീകരിച്ചു. എന്നാൽ ഇക്കാര്യം അറിയാതെ, മുമ്പ് അവരെ വിളിച്ചു പ്രാർത്ഥിച്ചിരുന്നവർ വീണ്ടും അവരെ സഹായത്തിനുവേണ്ടി വിളിച്ചു പ്രാർത്ഥിച്ചു. പക്ഷെ, ആ ജിന്നുകളാകട്ടെ ആരാധനകളിലൂടെ അല്ലാഹുവിൻെറ സാമീപ്യം ആഗ്രഹിക്കുകയും അനുഗ്രഹം തേടുകയും ശിക്ഷ ഭയപ്പെടുകയും ചെയ്തു കഴിയുകയാണ്.' ഇതാണു പ്രസ്തുത വ്യാഖ്യാനപ്രകാരം മേൽസൂക്തത്തിൽ വിവരിക്കപ്പെടുന്ന ആശയം. ഇതു സംബന്ധിച്ചുള്ള ഇബ്നു കസീറിൻെറ പരാമർശം ഇങ്ങനെയാണ്.

روى البخارى من حديث سليمان بن مهران — فى قوله تعالى ( أُولَٰئِكَ الَّذِينَ يَدْعُونَ . . . . ) قال ناس من الجنّ كانُوا يعبدون فاسلموا وفى رواية كان ناس من الانس يعبدون ناسا من الجن فاسلم الجن وتمسك هؤلاء بدينهم . . . . ( ابن كثير ٤٦ - ٣ )

ഇതു സംബന്ധിച്ചു ഇബ്നു ജരീറുത്ത്വിബ്രി രേഖപ്പെടുത്തിയ അഭിപ്രായം ഇങ്ങനെയാണ്.

نزلت فى نفر من العرب كانوا يعبدون نفرا من الجن فاسلم الجنيون والانس الذين كانوا يعبدونهم لا يشعرون باسلامهم فنزلت هذه الاية

'ജിന്നുകളെ ആരാധിച്ചു വന്നിരുന്ന അറബികളിൽ ഒരു വിഭാഗത്തെക്കുറിച്ചാണ്‌ ഈ സൂക്‌തത്തിൽ പരാമർശിക്കപ്പെടുന്നതു. എന്നാൽ, ജിന്നുകൾ ഇസ്‌ലാമാകുകയും, അവരെ ആരാധിച്ചിരുന്നവർ അതു അറിയാതെ പോകുകയും ചെയ്‌തു. അപ്പോൾ ഈ ഖുർആൻ വാക്യം അവതരിച്ചു....'

ഇത്രയും വിവരിച്ചതിൽനിന്നു്, 'സാമീപ്യം എന്ന അർത്ഥത്തിലാണ്‌ രണ്ട്‌ സ്‌ഥലങ്ങളിലും വസീലത്തു എന്ന പദം പരിശുദ്ധ ഖുർആനിൽ പ്രയോഗിച്ചിട്ടുള്ളതെന്നു കാണാം. ഖുർആൻ വ്യാഖ്യാതാക്കളെല്ലാം അതേ അത്ഥം നൽകിക്കൊണ്ടുതന്നെയാണ്‌ പ്രസ്‌തുത ഖുർആൻ വചനങ്ങൾ വ്യാഖ്യാനിച്ചിട്ടുള്ളതും. ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായ വ്യത്യാസമില്ലാത്ത, അവരുടെ 'ഇജ്‌മാഉ' കൂടിയാണെന്ന്‌ 'ഇബ്നുകസീർ രേഖപ്പെടുത്തിയതു നാം കണ്ടു കഴിഞ്ഞു. ഈ ശരിയായ അത്ഥത്തിൽ, തവസ്സുൽ ഓരോ മുസ്ലീമിന്നും ആവശ്യമാണെന്നതിൽ ഇവിടെ ആർക്കും സംശയമില്ല; ആക്‌ഷേപവുമില്ല.

എന്നാൽ, തവസ്സുലിന്റെ ഈ ശരിയായ അർത്ഥത്തിൽനിന്നും വളരെ വിഭിന്നമായ ഒരത്ഥമാണ്‌ ഇവിടെ ഒരു വിഭാഗം പണ്‌ഡിതൻമാർ-സമസ്‌ത കേരള ജംഇയ്യത്തുൽ ഉലമാ - അതിന്നു നൽകി വരുന്നതു്. തവ

സ്സുലിന്നു അവർ നൽകുന്ന 'ഇടയാളൻ' എന്നോ, 'രൂപം തിരിഞ്ഞു കാണുന്ന ബോത്തുകളെന്ന തടികളെ' ന്നോ ഉള്ള ആശയത്തിൽ പ്രസ്തുത പദം പൂർവ്വ പണ്ഡിതൻമാരിലാരും വ്യാഖ്യാനിച്ചു കാണുകയില്ല.

'സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ' ഏകദേശം അരനൂററാണ്ടു മുമ്പ് പ്രസിദ്ധീകരിച്ച 'റദ്ദുൽ വഹാബിയ്യ' എന്ന കൃതിയിൽ വസീലക്കും തവസ്സുലിന്നും നൽകിയ അർത്ഥവും വ്യഖ്യാനവും അതേപടി ഇവിടെ ഉദ്ധരിക്കാം.

'അദില്ലതുസ്സാനീ: (രണ്ടാമത്തെ തെളിവ്)

يا ايّها الذين آمنوا اتقوا الله وابتغوا اليه الوسيلة:

(സത്യവിശ്വാസികളെ, അല്ലാഹുവിന്നു നിങ്ങൾ വഴിപ്പെടുകയും അവനെക്കൊള്ളെ എടയാളനെ നിങ്ങൾ തേടുകയും ചെയ്‌വിൻ!)' എന്നാൽ വസീലത്ത് വേണ്ടതാണെന്നു ഈ തിരുവചനത്താലും മനസ്സിലായല്ലോ. ഇനി വസീലത്തിനെ പററി രണ്ടു വാക്കു പറയാം. വസീലത്തുകൾ, 'അമലുകൾ' മാത്രമാണെന്ന് വഹ്ഹാബികളും; രൂപം തിരിഞ്ഞു കാണുന്ന ബോത്തുകൾ എന്ന തടികൾ മാത്രമാണെന്നു സുന്നിയാക്കളും വാദിക്കുന്നു'. (റദ്ദുൽ വഹ്ഹാബിയ്യ പേജ്. 67)

അപ്പോൾ, 'റദ്ദുൽ വഹാബിയ്യ'യിലെ സുന്നിയാക്കളുടെ ഈ വാദപ്രകാരം പൂർവ്വീകരായ എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും ഹദീസു പണ്ഡിതൻമാരും ഭാഷാകാരൻമാരുമെല്ലാം വഹാബികളാണെന്നു വരുന്നു. എന്തുകൊണ്ടെന്നാൽ വസീലത്തിന് പുണ്യകർമ്മങ്ങൾ എ

ന്നാണ് അവരെല്ലാം അത്ഥം പറഞ്ഞിരിക്കുന്നത്. ഇതു അവരുടെ വാചകങ്ങളിലൂടെ വായനക്കാർ കണ്ടതാണ്. മറിച്ചു; 'ഇടയാളൻ', രൂപം തിരിഞ്ഞു കാണുന്ന ദേവാത്തുകളെന്ന തടി' എന്നിങ്ങനെ സുന്നിയാക്കൾ പറയുന്ന അത്ഥം പൂർവ്വികരാരും നല്കിക്കാണുന്നുമില്ല. എങ്കിൽ, തവസ്സുലിനെക്കുറിച്ചും വസീലയെക്കുറിച്ചുമുള്ള പുതിയ വാദം ആരുടേതാണെന്ന മനസ്സിലാക്കാം.

## ദുർവ്യാഖ്യാനങ്ങൾ —വേറെയും

എന്നാൽ, വസീലത്ത് എന്ന പദംപോലും പ്രയോഗിച്ചിട്ടില്ലാത്ത ചില ഖുർആൻ വചനങ്ങളും ഇടതേട്ടം ന്യായീകരിക്കാൻവേണ്ടി തല്പരകക്ഷികൾ ദുർവ്യാഖ്യാനം ചെയ്യുന്നു. അതിനൊരുദാഹരണമാണ് സൂറത്തുൽ ബഖറ:യിലെ എമ്പത്തി ഒമ്പതാം വചനം:—

وَلَمَّا جَاءَهُمْ كِتَابٌ مِنْ عِنْدِ اللهِ مُصَدِّقًا لِمَا
مَعَهُمْ وَكَانُوا مِنْ قَبْلُ يَسْتَفْتِحُونَ عَلَى
الَّذِينَ كَفَرُوا فَلَمَّا جَاءَهُمْ مَا عَرَفُوا كَفَرُوا
بِهِ فَلَعْنَةُ اللهِ عَلَى الْكَافِرِينَ ۝ (٢ - ٧٩)

'അവരുടെ കൈവശമുള്ളതിനെ (തൗറാത്തിനെ) സത്യപ്പെടുത്തുന്ന ഒരുഗ്രന്ഥം (ഖുർആൻ) അല്ലാഹുവിൽ നിന്നു അവർക്കു വന്നപ്പോൾ-ഇതിന്നുമുമ്പ് സത്യനിഷേധികൾക്കെതിരിൽ അവർ വിജയം തേടിയിരുന്നതുമാണ്. അങ്ങിനെ അവരറിയുന്ന ആ സത്യം അവക്കു വന്നപ്പോൾ അതിനെ അവർ നിഷേധിച്ചുകളഞ്ഞു. അതുകൊണ്ടു

അല്ലാഹുവിന്റെ ശാപം ആ അവിശ്വാസികൾക്കാകുന്നു.' (2-89)

'തൗറാത്ത്' കൈവശമുണ്ടായിരുന്ന ജൂതജനതയാണ് ഈ സൂക്തത്തിലെ പരാമർശിതർ. അറേബ്യയിൽ ജനിക്കുന്ന അന്ത്യപ്രവാചകനായ മുഹമ്മദു (സ)നെക്കുറിച്ചു മുമ്പുതന്നെ അവർക്ക് വിവരം ലഭിച്ചിരുന്നു തിരുമേനിയുടെ ചില വിശേഷണങ്ങൾ തൗറാത്തിലൂടെ അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. ശത്രുക്കളുമായുള്ള എല്ലാ സമരങ്ങളിലും തിരുമേനി വിജയം വരിക്കുമെന്നു അവർ ഗ്രഹിച്ചു. അതിനാൽ, അറേബ്യയിലെ മുശ്‌രിക്കുകളുമായി സമരങ്ങളും ഏററുമുട്ടലുകളുമുണ്ടാകുമ്പോഴെല്ലാം, വരാനിരിക്കുന്ന ആ പ്രവാചകനോടൊപ്പം നിന്നു ഞങ്ങൾ നിങ്ങളെ പരാജയപ്പെടുത്തുമെന്നു ജൂതർ അറബികളെ ഭീഷണിപ്പെടുത്താറുണ്ടായിരുന്നു. എന്നിട്ടു അവസാനം അവക്ക് പരിചിതനായ, അവർ പ്രതീക്ഷിച്ചുകൊണ്ടിരുന്ന ആ പ്രവാചകൻ സമാഗതനായപ്പോൾ, അദ്ദേഹത്തെ അവർ നിഷേധിക്കുകയും അവിശ്വസിക്കുകയും ചെയ്തുവെന്നതാണ് ഈ ഖുർആൻ വചനത്തിന്റെ ഉദ്ദേശവും ഉള്ളടക്കവും. പ്രസിദ്ധരായ ഖുർആൻ വ്യാഖ്യാതാക്കളെല്ലാം ഈ നിലക്ക് അതു വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഇബ്നു കസീറിൽ ഇങ്ങനെ കാണാം.

من قبل مجيئ هذا الرّسـول بهذا الكتاب كانوا يَنتصـرون

بمجيئه على اعدائهم من المشركين اذا قاتلوهم يقولون انّـه سيبعث

نبى فى آخر الزّمان نقتلكم معه قتل عادوارم (ابن كثير ١٢٤-١)

'അന്ത്യപ്രവാചകൻ ഖുർആനുമായി വരുന്നതിനു മുമ്പ് ജൂതർ മുശ്‌രിക്കുകളോടു പറയുമായിരുന്നു. അവസാന കാലത്ത് നിയോഗിക്കപ്പെടുന്ന പ്രവാചകനോടൊപ്പം നിന്നു ആദു ഇറം ഗോത്രങ്ങളെ നശിപ്പിച്ചതുപോലെ ഞങ്ങളും നിങ്ങളെ യുദ്ധം ചെയ്തു നശിപ്പിക്കും' തഫ്സീറുന്നസഫി (1-65), ബൈസാവി (1-90), കശ്ശാഫ് (1-89) തുടങ്ങിയ തഫ്സീർ ഗ്രന്ഥങ്ങളിലെല്ലാം മേൽസൂക്തം ഈ നിലക്ക് വ്യാഖ്യാനിച്ചിരിക്കുന്നു. അതായതു, മുഹമ്മദു നബി (സ)യുടെ ആഗമനത്തെക്കുറിച്ചു പൂർവ്വവേദക്കാർ മുമ്പു തന്നെ മനസ്സിലാക്കിയിരുന്നു, ആ പ്രവാചകനോടൊപ്പം നിന്നു സമരം ചെയ്തു ശത്രുക്കളെ ജയിക്കാൻ അവർ കാത്തുനിൽക്കുകയും ചെയ്തിരുന്നു. പക്ഷെ, ആ പ്രവാചകൻ നിയുക്തനായപ്പോഴാം അദ്ദേഹത്തിൽ അവർ അവിശ്വസിക്കുകയാണു ചെയ്തത്.

എന്നാൽ, ഇടതേട്ടത്തെ ന്യായീകരിക്കാൻ വേണ്ടി ഒരു വിഭാഗം പണ്ഡിതൻമാർ (സമസ്തക്കാർ) ഈ സൂക്തം ഇങ്ങനെ ദുർവ്യാഖ്യാനം ചെയ്യുന്നു: 'നബി (സ)നു മുമ്പ് അറബികളും ജൂതരും തമ്മിൽ നടന്നിയ യുദ്ധങ്ങളിൽ വിജയം നേടാൻവേണ്ടി തിരുമേനിയെ ഇടയാളനാക്കി നിർത്തി ജൂതർ അല്ലാഹുവോടു പ്രാർത്ഥിക്കാറുണ്ടായിരുന്നു. അങ്ങനെ അവർ വിജയിക്കുകയും ചെയ്തിരുന്നു. പക്ഷെ, തിരുമേനി നിയുക്തനായപ്പോഴാം അവർ അദ്ദേഹത്തിൽ അവിശ്വസിച്ചു.' ഇതാണത്രെ പ്രസ്തുത ഖുർആൻ വചനത്തിന്റെ താൽപര്യം. ഈ ദുർവ്യാഖ്യാനം സ്ഥിരപ്പെടുത്താൻവേണ്ടി ഹാക്കിം മുസ്തദ്റക്കിൽ ഉദ്ധരിച്ച ഒരു ദുർബ്ബലമായ ഹദീസു അവർ കൂട്ടുപിടിക്കുകയും ചെയ്യുന്നു. ഹദീസു ഇതാണ്:

عن عبد الله بن هارون بن عنترة عن ابيه عن سعيد بن جبير عن ابن عباس (رضهم) قال كانت يهود خيبر تقاتل غطفان فكلما التقوا هزمت يهود فعادت بهذا الدّعاء اللهم انا نسئلك بحق محمد النّبى الامّى الذى وعدتنا ان تخرجه لنا آخر الزمان الانصرتنا عليهم فكانوا اذا دعوا بهذا لدّعاء هزموا غطفان فلما بعث الله النّبىّ كفروا به فانزل الله تعالى « وَكَانُوا مِنْ قَبْلُ يَسْتَفْتِحُونَ عَلَى الَّذِينَ كَفَرُوا ....... الآية

( المستدرك للحاكم كتاب التفسير )

'ഖൈബറിലെ ജൂതൻമാർ അറബികളിലെ 'ഗത്ത്ഫാൻ' ഗോത്രവുമായി യുദ്ധം ചെയ്യുകയും പരാജയപ്പെടുകയും ചെയ്യും. പിന്നെ ജൂതൻമാർ ഇങ്ങനെ പ്രാർത്ഥിച്ചു തുടങ്ങി. അല്ലാഹുവേ, അന്ത്യനാളിൽ നിയോഗിക്കമെന്ന് നീ ഞങ്ങളോട് വാഗ്ദത്തം ചെയ്ത നീ രക്ഷകനായ മുഹമ്മദ് നബിയുടെ 'ഹഖ്', കൊണ്ട് ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു-ഞങ്ങളെ സഹായിക്കവാൻ. അങ്ങനെ ഈ പ്രാർത്ഥനകൊണ്ട് 'ഗത്ത്ഫാൻ' ഗോത്രത്തെ അവർ പരാജയപ്പെടുത്തി. എന്നിട്ട് അവസാനം ആ പ്രവാചകൻ നിയുക്തനായപ്പോൾ അദ്ദേഹത്തിൽ അവർ അവിശ്വസിക്കുകയും ചെയ്തു....'.

ഇമാം ഹാക്കിം ഒരു ഹദീസു ഉദ്ധരിക്കുകയോ സ്വഹീഹാക്കുകയോ ചെയ്തതുകൊണ്ടു മാത്രം ആ ഹദീസ് സ്വീകാര്യമാകണമെന്നില്ലെന്നാണ് പണ്ഡിതൻമാരുടെ നിഗമനം. ഇമാം നവവി അദ്ദേഹത്തെക്കുറിച്ചു അഭിപ്രായപ്പെടുന്നത് وهومتسا هل എന്നാണ്. അതായത്, ആ വിഷയത്തിൽ അദ്ദേഹം അശ്രദ്ധനാണ് എന്നു. ( التقريب ) മാത്രമല്ല, ഈ ഹദീസിൻെറ റിപ്പോർട്ടർമാരിൽ 'അബ്ദുൽ മലിക്കബ്നു ഹാറൂനെ'ക്കുറിച്ച് 'ഏററവും ബലഹീനൻ' എന്നും 'സ്വയം ഹദീസുകൾ നിർമ്മിക്കുന്ന വ്യാജ'നെന്നും 'തള്ളപ്പെടേണ്ടവൻ' എന്നും, 'ദജ്ജാൽ' എന്നും മററും ഹദീസ് പണ്ഡിതൻമാർ വിശേഷിപ്പിക്കുകയും ചെയ്തിരിക്കുന്നു.

قال الدّارقطنى هما ضعيفان وقال احمد عبد الملك ضعيف،
قال يحيى كذّاب، وقال ابو حاتم متروك ذاهب الحديث،
وقال ابن حبّان يصنع الحديث، وقال السعدى عبد الملك بن
هارون دجال كذاب — لسان الميزان للعسقلانى (٧٣ - ٤)

അപ്പോൾ, ഇത്തരമൊരു 'കള്ള ഹദീസിൻെറ പിൻബലത്തിലാണ് മേൽ ഖുർആൻ വാക്യം ദുർവ്യാഖ്യാനം ചെയ്തു ഇവർ ഇടതേട്ടത്തിന്നു ന്യായീകരണം തേടുന്നത്!

ഇമാം ഹാക്കിം ഉദ്ധരിച്ച പ്രസ്തുത ഹദീസു, അതിൻെറ റിപ്പോർട്ടിലെ ഇത്തരം തകരാറുകളൊന്നും മനസ്സിലാക്കാതെ ചിലർ മേൽ സൂക്തത്തിൻെറ വിവ

ണത്തിൽ അതു എടുത്തു ചേർത്തിട്ടുണ്ട്. ഇമാം ഖുർത്തുബീ അക്കൂട്ടത്തിൽപെടുന്നു. പക്ഷെ, ഹദീസു കള്ളമാണെന്ന വ്യക്തമായ നിലക്ക് അതാരെടുത്തുദ്ധരിച്ചാലും സ്വീകരിക്കാൻ നിവൃത്തിയില്ല. ഇതു ഹദീസിന്റെ റിപ്പോർട്ടുമായി ബന്ധപ്പെട്ട തകരാറുകളെക്കുറിച്ചുള്ള വിലയിരുത്തലാണ്. ചരിത്രപരമായി നോക്കിയാലും അതിന്നു അടിസ്ഥാനമില്ലെന്നു കാണാം. എന്തെന്നാൽ ഈ റിപ്പോർട്ടിൽ പ്രസ്താവിച്ചത്പോലെ ഖൈബറിലെ ജൂതൻമാരും 'ഗത്ഫാൻ' ഗോത്രവും തമ്മിൽ ഒരിക്കലും ഒരു യുദ്ധമേ ഉണ്ടായിട്ടില്ല. എങ്കിൽ പിന്നെ, ഇങ്ങനെയൊരു പ്രാർത്ഥനക്കവസരമുണ്ടാകുന്നുമില്ല. ഇനി അഥവാ ആ പ്രാർത്ഥന (തവസ്സുൽ) നടന്നുവെന്നു സങ്കൽപിച്ചാൽതന്നെയും, പ്രാർത്ഥന നടത്തിയത് ആരായിരുന്നുവെന്നുകൂടി അൽപം ചിന്തിക്കേണ്ടതുണ്ട്. മുഹമ്മദുനബി (സ)യുടെ 'ഹഖ്' കൊണ്ടു ഇടതേടിയതു ജൂതൻമാരാണല്ലോ ഈ ഹദീസു പ്രകാരം? അപ്പോൾ, ജൂതൻമാരെ പിൻപററാൻ മുസ്ലിംകൾക്ക് വല്ല നിർദ്ദേശവുമുണ്ടോ? ഈ ഹദീസിൽ തന്നെയും അങ്ങനെ വല്ല സൂചനയുമുണ്ടോ? ഇല്ലെന്നു വളരെ വ്യക്തമാണ്. ഇനി, ഇടതേട്ടംകൊണ്ടു ജൂതക്കു യുദ്ധം ജയിക്കാൻ കഴിഞ്ഞു എന്നാണെങ്കിൽ നബി (സ) നടത്തിയ യുദ്ധങ്ങളിലൊന്നിലും ശത്രുക്കൾക്കെതിരെയുള്ള വിജയത്തിന്നുവേണ്ടി ഇടതേട്ടത്തിന്റെ ഈ എളുപ്പമാർഗ്ഗം സ്വീകരിച്ചതായി കാണുന്നില്ല. തിരുമേനിക്ക് ശേഷം ഖുലഫാഉൽറാശിദുകൾ നടത്തിയ പരശതം യുദ്ധങ്ങളിലൊന്നിലും നബിയുടെ ഹഖ്കൊണ്ടു ഇടതേടിയ ഒരു സംഭവവും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. അപ്പോൾ, ഇടതേട്ടംകൊണ്ടു ഗുണം കിട്ടിയാൽതന്നെയും മുസ്ലിംകൾക്ക് അതു സ്വീകാര്യമല്ലെന്നും. ജൂതരുടെ

പ്രസ്തുത സമ്പ്രദായത്തിൽ മുസ്‌ലിംകൾക്ക് മാത്രമല്ല കയില്ലെന്നമാണല്ലോ മനസ്സിലാക്കാൻ കഴിയുന്നത്. ചുരുക്കത്തിൽ പ്രസ്തുത ഖുർആൻ വാക്യം വസീല (ഇടതേട്ട)ത്തിന്ന തെളിവായുദ്ധരിക്കുന്നതിൽ പ്രമാണങ്ങളുടെ അടിസ്ഥാനത്തിലോ ചരിത്രത്തിൻെറ പിൻബലത്തിലോ സാധാരണ ബുദ്ധിയുടെ വെളിച്ചത്തിൽ തന്നെയുമോ യാതൊരു ന്യായീകരണവുമില്ല. ഖുർആൻ വാക്യം ഓതിക്കേൾപ്പിച്ചു. അതിൻെറ അർത്ഥവും ആശയവും അലങ്കോലപ്പെടുത്തി ദുർവ്യാഖ്യാനം നടത്തുകയും, കള്ളഹദീസുകളുടെ മറപിടിച്ചു ആ ദുർവ്യാഖ്യാനം ന്യായീകരിക്കുകയും, അങ്ങനെ മുസ്‌ലിം ബഹുജനങ്ങളെ അന്ധവിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുകയുമാണ് മേൽപറഞ്ഞ വിഭാഗം പണ്ഡിതൻമാർ ചെയ്യുന്നതെന്ന പറയാതെ നിവൃത്തിയില്ല.

ഈ വിഷയത്തിൽ ദുർവ്യാഖ്യാനത്തിന്നിരയായ മറെറാരു ഖുർആൻ വാക്യമാണ് സൂറത്തുന്നിസാഇലെ തൊണ്ണൂററിനാലാം വചനം, അതിങ്ങനെയാണ്:

وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذْنِ اللَّهِ
وَلَوْ أَنَّهُمْ إِذ ظَّلَمُوا أَنفُسَهُمْ جَاءُوكَ فَاسْتَغْفَرُوا
اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ
تَوَّابًا رَّحِيمًا (٤ - ٩٤)

'അല്ലാഹുവിൻെറ അനുമതിയോടെ അനുസരിക്കപ്പെടാനല്ലാതെ ഒരു പ്രവാചകനേയും നാം നിയോഗിച്ചിട്ടില്ല. അവർ തങ്ങളോട് തന്നെ വല്ല അക്രമവും പ്രവർത്തി

ക്കുകയും അനന്തരം നിന്നെ സമീപിക്കുകയും; അല്ലാഹുവോട് മാപ്പ് ചോദിക്കുകയും; എന്നിട്ട് പ്രവാചകനും അവർക്കുവേണ്ടി മാപ്പു ചോദിക്കുകയുമാണെങ്കിൽ അല്ലാഹുവിനെ മാപ്പ് സ്വീകരിക്കുന്നവനും ദയാലുവുമായി അവർക്ക് കാണാൻ കഴിയും'.

അല്ലാഹുവിൻേറയും അവൻെറ ദൂതൻെറയും കല്പനകാം സ്വീകരിക്കാൻ സന്നദ്ധമാകാതെ, സ്വേഛക്കൊത്ത വിധി വിലക്കുകാം നടത്തുന്ന അധിക്രമകാരികളെ സമീപിക്കുന്ന കപട വിശ്വാസികളാണ് ഈ ഖുർആൻ വചനത്തിൽ പരാമർശിക്കപ്പെടുന്നത്. അതായത്, അല്ലാഹു നിയോഗിച്ച എല്ലാ പ്രവാചകരും നിരുപാധികം അനുസരിക്കപ്പെടേണ്ടവരും അവരുടെ സമുദായം അതിന്നു കടപ്പെട്ടവരുമാണ്. അന്ത്യ പ്രവാചകൻെറയും അവിടുത്തെ സമുദായത്തിൻെറയും നിലയും ഇതുതന്നെ, എന്നാൽ, ഇതിനെതിരിൽ ചില കപട വിശ്വാസികാം പ്രവർത്തിക്കുകയുണ്ടായി, ആ തെററിൽനിന്നു മുക്തരാകാൻ ഇനി അവർ എന്തു ചെയ്യണമെന്നാണ് ഈ സൂക്തം വിവരിക്കുന്നത്. നബി തിരുമേനിയോട് അനുസരണക്കേട് കാണിച്ചതിന്നു ആദ്യം അവിടുത്തെ സമീപിക്കുക; അല്ലാഹുവിൻെറ കൽപന ധിക്കരിച്ചതിനെ തുടർന്ന അല്ലാഹുവോട് മാപ്പപേക്ഷിക്കുകയും, ആ മാപ്പ് സ്വീകരിക്കാൻവേണ്ടി തിരുമേനിയും അവർക്കവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. ഇങ്ങനെയെല്ലാമാകുമ്പോാം, വന്നുപോയ തെററിൽ യഥാർത്ഥമായും ആത്മാർത്ഥമായും അവർ ഖേദിക്കുന്നുണ്ടെന്ന് വരുന്നു. അവരുടെ പശ്ചാത്താപം സ്വീകാര്യയോഗ്യമായും തീരുന്നു. 'അല്ലാഹു മാപ്പു ചെയ്യുന്നവനും ദയാലുവുമാണെന്ന് അവർക്ക് കാണാമെന്ന' വാചകാന്ത്യം

ഇതാണ് സൂചിപ്പിക്കുന്നത്. പൂർവ്വകാല ഖുർആൻ വ്യാഖ്യാതാക്കളെല്ലാം ഈ നിലക്കാണ് പ്രസ്തുത വചനം വ്യാഖ്യാനിച്ചതും. ഉദാഹരണത്തിന്നു ഇബ്നു ജരീറുത്ത്വബ്‌രീയുടെ വാചകങ്ങൾ ഇവിടെ ഉദ്ധരിക്കാം.

قـوله (وَلَـو اَنـهُـم اِذ ظَلَمـُوا اَنـفُسَـهُـم ...... الآية ) يعنى بذلك جل ثناته ولو انّ هـؤلاء المنافقين الذين وصف صفتهم فى هاتين الآيتين الذين اذا دعوا الى حكم الله وحكم رسـوله صدّوا صدودا اذ ظلموا انفسهم باكتسابهم اياها العظيم من الاثم فى احتكامهم الى الطاغوت وصدودهم عن كتاب الله وسنّة رسـوله اذا دعوا اليها جاؤك يا محمد حين فعلوا مافعلوا من مصيرهم الى الطاغوت راضين بحكمه دون حكمك جاؤك تائبين منيبين فسألوا الله ان يصفح لهم عن عقوبة ذنبهم بتغطية عليهم وسأل لهم الله رسوله مثل ذلك وذلك معنى قوله تعالى ( فَاسْتَغْفَرُوا الله وَاسْتَغْفَرَ لَهُمُ الرَّسُولُ ) ٥ - ١٠٠ -

മൂന്ന കുററങ്ങളാണ് ഈ വചനത്തിൽ കപടവിശ്വാസികളുടെ മേൽ ചുമത്തിയിരിക്കുന്നത്.

1 തങ്ങളും അനുസരിക്കാൻ ബാധ്യസ്ഥരായ പ്രവാചകനെ അവർ ധിക്കരിച്ചു.

2 തങ്ങളുമായി ബന്ധപ്പെട്ട ഒരു പ്രശ്നത്തിൻെറ പരിഹാരത്തിന്ന് അവർ പ്രവാചകനെ സമീപിച്ചില്ല.

(3) മാത്രമല്ല, പകരം ദേഹേഛയെക്കൊത്ത് തീരുമാനം കാണുന്ന അധികാരിയെ വിധികർത്താവാക്കുകയും ചെയ്തു.

ഈ മൂന്നു കുററങ്ങളിൽ നിന്നുള്ള വിമുക്തിക്ക് മൂന്നു മാർഗ്ഗങ്ങളും അല്ലാഹു നിർദ്ദേശിക്കുന്നു.

1 നബി തിരുമേനിയെ അവഗണിച്ചു മററൊരാളെ സമീപിച്ചതിന്നുപകരം, അതിൽ ആത്മാർത്ഥമായും ഖേദിച്ചു തിരുമേനിയെ സമീപിക്കുക.

2 നബി തിരുമേനിയോടു കാണിച്ച അവഗണന ഫലത്തിൽ അല്ലാഹുവെ ധിക്കരിക്കുകയാണല്ലോ, അതുകൊണ്ടു അല്ലാഹുവോടും മാപ്പപേക്ഷിക്കുക.

3 തന്നോടുകാണിച്ച അവഗണന ക്ഷമിച്ചു നബി തിരുമേനിയും അവർക്ക്വേണ്ടി അല്ലാഹുവോട് മാപ്പു ചോദിക്കുക.

ഇവയിൽ നബിയെ സമീപിക്കുകയെന്ന ഒന്നാമത്തെ നിബന്ധന കൂടുതൽ പ്രാധാന്യമർഹിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവർ ചെയ്ത കുററത്തിൻെറ ആരംഭം തന്നെ അതാണ്. മാത്രമല്ല, നബിതിരുമേനി അവക്കിടയിൽ ഉണ്ടായിരിക്കെയാണു അവിടുത്തെ അവർ അവഗണിച്ചിരിക്കുന്നത്. തിരുമേനിയോടു കാണിച്ച വ്യക്തമായ ധിക്കാരവും അനുസരണക്കേടുമത്രെ അത്. അതുകൊണ്ടാണ്, നബി [സ] യെ സമീപിക്കുകയെന്നത്, അവർ ചെയ്ത തെററിൻെറ ഒന്നാമത്തെ പരി

ഹാര മാർഗ്ഗമായി അല്ലാഹു ചൂണ്ടിക്കാണിക്കുന്നു. ഈ നിലക്കാണ് ഈ കുററത്തിൽ നബിയെ സമീപിക്കുന്നതും പാപമോചനവുമായി ബന്ധപ്പെടുന്നതും.

നബി (സ) യുടെ ജീവിത കാലത്തുതന്നെ, അവിടത്തെ അനുയായികളിൽ ചിലരിൽ നിന്നെല്ലാം ചെറുതും വലുതുമായ പാപങ്ങൾ വന്നുവശായിട്ടുണ്ട്. എന്നാൽ, അവരുടെ പാപമോചനത്തിന്ന ആദ്യം നബിയെ സമീപിക്കുക, എന്നിട്ടു നബി അവർക്കുവേണ്ടി മാപ്പപേക്ഷിക്കുക എന്നീ നിബന്ധനകൾ നിശ്ചയിക്കപ്പെട്ടതായി കാണാൻ കഴിയുകയില്ല. അതേ അവസരം ഇവിടെ ഇങ്ങനെയൊരു നിബന്ധന നിശ്ചയിച്ചതിന്ന കാരണം, അവർ നബി തിരുമേനിയോട് ധിക്കാരം കാണിച്ചതാണ്; അഥവാ അവർ കാപട്യം കാണിച്ചതാണ്.

ഏതായാലും, ഇതെല്ലാം നബി തിരുമേനിയുടെ ജീവിത കാലത്ത്തന്നെ നടന്ന സംഭവങ്ങളാണെന്നത് വളരെ വ്യക്തമാണ്. പക്ഷെ, ഈ സംഭവവും ഇടതേട്ടത്തെ ന്യായീകരിക്കാൻ ദുർവ്യാഖ്യാനം ചെയ്യുന്നു. അതായതു, നബി (സ) യുടെ വിയോഗത്തിന്നശേഷവും അവിടുത്തെ ഖബറിടത്തിൽ ചെന്നു ചെയ്തുപോയ കുററം തിരുമേനിയോട് ഏററു പറയുകയും തിരുമേനിയെ ഇടയാളാക്കി അല്ലാഹുവോട് മാപ്പപേക്ഷിക്കുകയും ചെയ്യുക, അല്ലെങ്കിൽ നബി തിരുമേനിയോട് നേരിട്ടുതന്നെ പാപമോചനം തേടുക, ഇതും പ്രസ്തുത ഖുർആൻ വചനത്തിന്റെ പരിധിയിൽ ഉൾപ്പെടുമെന്നാണവരുടെ വാദം. വളരെ ആദരപൂർവ്വം പാരായണം ചെയ്യപ്പെടുന്ന 'മൻഖൂസ്മൗലൂദി'ൽ ഇങ്ങനെ കാണാം.

إِرْتَكَبْتُ عَلَى الْخَطَا غَيْرَ حَصْرٍ وَعَدَدٍ
لَكَ أَشْكُو فِيهِ يَا سَيِّدِي خَيْرَ النَّبِي

'പ്രവാചകൻമാരിൽ ഏററവും ഉത്തമനായ നബിയേ, എണ്ണിക്കണക്കാക്കുവാനോ എത്രയാണെന്നു തിട്ടപ്പെടുത്താനോ കഴിയാതത്രയും പാപങ്ങൾ ഞാൻ ചെയ്തു കൂട്ടീട്ടുണ്ട്,—അതിനെക്കുറിച്ച് അങ്ങയോടാണ് ഞാൻ ആവലാതിപ്പെടുന്നത്". സുപ്രസിദ്ധമായ 'ബുർദ' യിലും ഇതുപോലെ ഒരു വരി കാണാം.

يَا أَكْرَمَ الْخَلْقِ مَا لِي مَنْ أَلُوذُ بِهِ
سِوَاكَ عِنْدَ حُلُولِ الْحَادِثِ الْعَظَمِ

'ഭയങ്കരങ്ങളായ ആപത്തുകൾ ആപതിക്കുമ്പോൾ, അവയിൽനിന്നു രക്ഷ പ്രാപിക്കാൻ, സൃഷ്ടികളിൽ ഉത്തമനായ നബിയെ, അവിടുന്നല്ലാതെ മററൊരാളേ കേന്ദ്രം എനിക്കില്ല തന്നെ'. പാപം പൊറുത്തു കിട്ടാനും ആപത്തുകളിൽനിന്ന രക്ഷപ്പെടുത്താനും നബി തിരുമേനിയെ നേരിട്ടുതന്നെ വിളിച്ചു പ്രാർത്ഥിക്കുന്നതിൻെറ രണ്ടുദാഹരണങ്ങളാണിത്. പണ്ടേന്നോ മരിച്ചു മൺ മറഞ്ഞ ഔലിയാക്കളേയും സ്വാലിഹീങ്ങളേയും നേരിട്ടുതന്നെ വിളിക്കുകയും പാപമോചനത്തിന്നും രക്ഷക്കും അവരോട് നേരിട്ടപേക്ഷിക്കുകയും ചെയ്യുന്ന ഇത്തരത്തിലുള്ള പദ്യങ്ങളും ഗദ്യങ്ങളും മുനാജാത്തുകളുമെല്ലാം മേൽ ഖുർആൻ വചനം ദുർവ്യാഖ്യാനം ചെയ്തതാണ് ഇവർ ന്യായീകരിക്കുന്നത്. യഥാർത്ഥത്തിൽ, 'അല്ലാഹുവിൻെറ പ്രവാചകനും അവർക്കു

വേണ്ടി അല്ലാഹുവോട് മാപ്പപേക്ഷിക്കുകയാണെങ്കിൽ ( وَاسْتَغْفَرَ لَهُمُ الرَّسُولُ ) എന്ന പ്രസ്തുത വചനത്തിലെ വാക്യംതന്നെ ഈ ന്യായീകരണത്തെ ഖണ്ഡിക്കുന്നു. നബി തിരുമേനി ജീവിച്ചിരിക്കുകയാണെങ്കിൽതന്നെയും പാപം പൊറുത്തു കൊടുക്കാനുള്ള അധികാരം തിരുമേനിക്കില്ലെന്നും, മറിച്ച് തിരുമേനി അവർക്ക് പൊറുത്തു കൊടുക്കാൻ അല്ലാഹുവോട് പ്രാർത്ഥിക്കണമെന്നുമാണ് ഈ വചനം വ്യക്തമാക്കുന്നത്. ചുരുക്കത്തിൽ, പാപമോചനത്തിന്നും സഹായലബ്ധിക്കും അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുന്നതിനും, അല്ലാഹുവിന്നും തങ്ങൾക്കുമിടയിൽ ഇടയാളന്മാരെ നിർത്തുന്നതിന്നും ഈ ഖുർആൻ വചനത്തിൽ യാതൊരു തെളിവും ന്യായീകരണവുമില്ല. എന്നു മാത്രമല്ല; അതു രണ്ടും അനുവദനീയമല്ല എന്നതിനാണ് വ്യക്തമായും അതിൽ സൂചനയുള്ളതെന്നു കാണാം.

## ഹദീസുകളുടെ വെളിച്ചത്തിൽ.

വസീലത്തു എന്ന പദം പ്രയോഗിക്കപ്പെട്ട രണ്ടു ഖുർആൻ വചനങ്ങളും, ആ പദം പ്രയോഗിക്കാതെ തന്നെ വസീലക്കു തെളിവാണെന്നു വാദിക്കാറുള്ള മററു രണ്ടു ഖുർആൻ വചനങ്ങളും, അതുൾക്കൊള്ളുന്ന അർത്ഥവും ആശയവും, വ്യാഖ്യാനവുമാണ് ഇതുവരെ നാം വിവരിച്ചു പോന്നത്. ഇനി ഹദീസുകളിൽ, ഏതെല്ലാം അർത്ഥത്തിലും ഉദ്ദേശത്തിലുമാണ് പ്രസ്തുത പദം പ്രയോഗിക്കപ്പെട്ടതെന്നും, ഹദീസു പണ്ഡിതൻമാർ ഏതു നിലക്ക് അതു വ്യാഖ്യാനിച്ചു എന്നും പരിശോധിക്കാം.

ബാങ്കിന്നും, ഇഖാമത്തിന്നും ഇടയിൽ സാധാരണ നടത്തിവരാറുള്ള പ്രാർത്ഥനയിൽ 'വസീലത്ത്'' എന്നു പ്രയോഗിക്കപ്പെട്ടതു എല്ലാവർക്കുമറിയാം. ജാബിർ (റ) വിൽനിന്നു ബുഖാരി [റ] ഉദ്ധരിച്ച പ്രാർത്ഥന ഇങ്ങനെയാണ്.

اللهم ربّ هذه الدّعوة التّامّة والصلوة القائمة ، آت محمدا

الوسيلة والفضيلة وابعثه مقاما محمودا الذى وعدته

'പൂർണ്ണമായ ഈ വിളിയുടേയും നിലനിന്നു വരുന്ന നമസ്ക്കാരത്തിൻേറയും ഉടമസ്ഥനായ അല്ലാഹുവേ, മുഹമ്മദ് നബിക്ക് വസീലത്തും ഫസീലത്തും (ആ ഉന്നത പദവിയും ശ്രേഷ്ട സ്ഥാനവും) നീ നൽകേണമേ, നീ അദ്ദേഹത്തിന്നു വാഗ്ദത്തം ചെയ്ത സ്തുത്യർഹമായ സ്ഥാനത്ത് അദ്ദേഹത്തെ നിയോഗിക്കുകയും ചെയ്യേണമേ'.

നബി തിരുമേനിക്ക് 'വസീലത്ത്' എന്ന ഉന്നത പദവി നൽകാൻ നാം അല്ലാഹുവോടാണ് ഇവിടെ പ്രാർത്ഥിക്കുന്നത്. അങ്ങനെ പ്രാർത്ഥിക്കണമെന്നാണ് നാം കൽപ്പിക്കപ്പെട്ടിരിക്കുന്നതും. നബി തിരുമേനിയോട് നേരിട്ടോ, അല്ലെങ്കിൽ നബിയെ ഇടയാളാക്കി നിർത്തിയോ ഉള്ള പ്രാർത്ഥനയുമല്ല ഇത്. അതുപോലെ, ഈ പ്രാർത്ഥനയിലെ വസീലത്തിൻെറ അർത്ഥം എന്താണെന്ന് നബിതന്നെ വിശദീകരിച്ചു തരികയും ചെയ്തിരിക്കുന്നു. ആ വിശദീകരണം ഇങ്ങനെയാണ്:

عن عبد الله بن عمرو بن العاص رض قال قال رسول الله
صلعم اذا سمعت المؤذن فقولوا مثل ما يقول ثم صلوا على
فانّه من صلى على صلوة صلى الله بها عشرا ثم سلوا لى
الوسيلة فانّها منزلة فى الجنّة لا ينبغى الا لعبد من عباد الله
وارجوان اكون انا هو فمن سئل لى الوسيلة
حلت عليه الشفاعة — مسلم

'നിങ്ങൾ ബാങ്ക് കേൾക്കുമ്പോൾ, ബാങ്ക് വിളിക്കുന്നവൻ പറയുന്നതുപോലെതന്നെ നിങ്ങളും പറയുക തുടർന്ന് എന്റെ മേൽ സ്വലാത്ത് ചൊല്ലുക. (എനിക്ക് അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.) എന്തുകൊണ്ടെന്നാൽ എനിക്ക്‌വേണ്ടി ഒരാൾ അനുഗ്രഹം പ്രാർത്ഥിച്ചാൽ ആ പ്രാർത്ഥിച്ചവന്ന് പത്ത് അനുഗ്രഹം അല്ലാഹു ചെയ്തു കൊടുക്കും. അനന്തരം 'വസീലത്ത്' എന്ന പദവി എനിക്ക് നൽകാൻവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കുക. സ്വർഗ്ഗത്തിലെ ഒരു പദവിയാണ് വസീലത്ത്. അല്ലാഹുവിന്റെ അടിമകളിൽ ഒരാൾക്ക് മാത്രം അർഹപ്പെട്ട പദവിയാണത്. അതു ഞാനായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ, എനിക്ക്‌വേണ്ടി ആരെങ്കിലും വസീലത്തിന്ന് പ്രാർത്ഥിക്കുകയാണെങ്കിൽ അവന്ന് എന്റെ ശുപാർശ ലഭിക്കുന്നതാണ്' [മുസ്‌ലിം] വസീലത്തിന്റെ അർത്ഥവും ഉദ്ദേശവും എന്താണെന്ന് നബി തിരുമേനി ഈ ഹദീസിൽ സംശയത്തിനിടമില്ലാത്തവിധം വ്യക്തമാക്കിയിരിക്കുന്നു.

ഇബ്നു കസീർ (റ) വിൻെറ തഫ്സീറിൽ (2-53) അതിങ്ങനെ വിവരിക്കുന്നു. 'സ്വർഗ്ഗത്തിലെ ഏററവും ഉന്നതമായ പദവിയാണ് വസീലത്ത്. അത് നബി തിരുമേനിയുടെ സ്ഥാനവും സ്വർഗ്ഗത്തിലെ അവിടുത്തെ വസതിയുമാണ്. അല്ലാഹുവിൻെറ സിംഹാസനവുമായി ഏററവുമടുത്ത സ്ഥലവും അതുതന്നെ. ഇബ്നു കസീറിൻെറ വാചകം ഇങ്ങിനെയാണ്:

الوسيلة أيضا علم على أعلى منزلة في الجنة وهي منزلة رسول الله ﷺ
وداره في الجنة وهي اقرب أمكنة الجنة إلى العرش.

ഇബനു അസീറിൻെറ നിഹായയിൽ ഇങ്ങനെ ഉദ്ധരിക്കുന്നു.

والمراد به في الحديث القرب من الله تعالى وقيل هى الشفاعة يوم القيمة وقيل هى منزلة من منازل الجنة كذا جاء في الحديث

ഈ ഹദീസിൽ വന്ന വസീലകൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവുമായുള്ള സാമീപ്യമാണ്. അന്ത്യ നാളിലെ ശുപാർശയാണതെന്നും, സ്വർഗ്ഗ പദവികളിലൊന്നാണതെന്നും അഭിപ്രായങ്ങളുണ്ട്. സ്വർഗ്ഗത്തിലെ ഒരു പദവിയാണ് ഹദീസിൽ അതിൻെറ താല്പര്യം. 'ലിസാനുൽ അറബ്'' തുടങ്ങിയ ഭാഷാ ഗ്രന്ഥങ്ങളിലും ഈ നിലക്ക്തന്നെ വസീലത്ത് വിശദീകരിക്കപ്പെട്ടുകാണാം. ലിസാനുൽ അറബിലെ വാചകം ഇതാണ്: ഏതായാലും മേൽ ഹദീസിൻെറ വെളിച്ചത്തിൽ നടത്തിയ ഈ വിശദീകരണത്തിൽനിന്നു, ബാങ്കിൻെറ പ്രാർത്ഥനയിലെ 'വസീലത്തി'ൽ ഇടതേട്ടത്തിനനുകൂലമായ ഒരു സൂചന പോലുമില്ലെന്നു മനസ്സിലാക്കാവുന്നതാണ്.

വസീലത്തിന്നു ഇടതേട്ടം എന്ന അർത്ഥം സ്ഥാപിക്കാനും, ആ നിലക്ക് അത് ന്യായീകരിച്ചെടുക്കാനും

തൽപര കക്ഷികൾ എടുത്തുദ്ധരിക്കാറുള്ള ഒരു സംഭവമാണ് ഹ: അബ്ബാസുബ്നു അബ്ദിൽ മുത്തലിബിനെ കൊണ്ടു ഹ: ഉമർ (റ) നടത്തിച്ച പ്രാർത്ഥന. സംഭവം ഇതാണ്:

عن انس رضہ انّ عمربن الخطاب رضہ كان اذا قحطوا
استقى بالعباس بن عبد المطلب فقال اللّهم انّا كنا نتوسل اليك
بنبيّنا فتسقينا وانا نتوسل اليك بعم نبيّنا فاسقنا قال
فيسقون — ( بخارى )

അനസു (റ) വിൽനിന്നു നിവേദനം: 'ജനങ്ങൾക്ക് വരൾച്ച ബാധിക്കുമ്പോൾ, ഉമർ (റ) അബ്ബാസുബ്നു അബ്ദിൽ മുത്തലിബിനെകൊണ്ടു മഴക്കുവേണ്ടി പ്രാർത്ഥിപ്പിച്ചിരുന്നു. ഉമർ (റ) പറയും: അല്ലാഹുവേ ഞങ്ങൾ, ഞങ്ങളുടെ പ്രവാചകൻ മുഖേന [നബിയെകൊണ്ടു പ്രാർത്ഥന നടത്തിച്ചു) നിന്നിലേക്ക് സാമീപ്യം തേടുകയും അപ്പോൾ നീ ഞങ്ങൾക്ക് മഴ വർഷിപ്പിച്ചു തരികയും ചെയ്തിരുന്നു. ഇപ്പോൾ ഞങ്ങളിതാ, ഞങ്ങളുടെ പ്രവാചകന്റെ പിതൃവ്യൻ മുഖേനെ (അദ്ദേഹത്തെ കൊണ്ടു പ്രാർത്ഥന നടത്തിച്ചു) നിന്നെ സമീപിക്കുന്നു. അതുകൊണ്ടു നീ ഞങ്ങൾക്ക് മഴ വർഷിപ്പിച്ചു തരേണമേ. അപ്പോൾ അവർക്ക് മഴ വർഷിപ്പിക്കപ്പെടുകയും ചെയ്യും'. [ബുഖാരി]

ഇവിടെ ഉമർ [റ] മഴക്ക് വേണ്ടി പ്രാർത്ഥിച്ചതാണ് സംഭവം. അതു, നബി (സ) യുടെ പിതൃവ്യൻ അബ്ബാസ്

[റ] മുഖേനെ - അദ്ദേഹത്തെകൊണ്ടു പ്രാർത്ഥന നടത്തിച്ചുകൊണ്ടായിരുന്നു. തിരുമേനി ജീവിച്ചിരുന്ന കാലത്ത് തിരുമേനിയെക്കൊണ്ടു പ്രാർത്ഥിപ്പിച്ചു. അവിടുത്തെ വിയോഗ ശേഷം പിതൃവ്യൻ അബ്ബാസിനെ കൊണ്ടു പ്രാർത്ഥന നടത്തിച്ചു. മൂന്ന് കാര്യങ്ങളാണ് ഇവിടെ ശ്രദ്ധിക്കാനുള്ളത്. ഒന്ന്: ആദ്യം നബി[സ] മുഖേനെ പ്രാർത്ഥിച്ചതെങ്ങനെയായിരുന്നു, രണ്ട്: ഇപ്പോഴം അബ്ബാസ് (റ) മുഖേന പ്രാർത്ഥന നടത്തിയതെങ്ങനെയാണ്, മൂന്ന്: വഫാത്തിനുശേഷം എന്തുകൊണ്ട് നബി മുഖേന പ്രാർത്ഥിച്ചില്ല?

നബി മുഖേന പ്രാർത്ഥിക്കുക, അല്ലെങ്കിൽ നബിയെ കൊണ്ടു സാമീപ്യം തേടുക ( نتوسل اليك بنبينا ) എന്നാൽ, നബിയോടു് നേരിട്ട് മഴക്ക് വേണ്ടി പ്രാർത്ഥിക്കുകയോ നബിയെ ഇടയാളനാക്കുകയോ അല്ലെന്നു ഈ ഹദീസിൽനിന്നു വ്യക്തമാണ്. മഴക്ക് വേണ്ടി അല്ലാഹുവോട് പ്രാർത്ഥിക്കാൻ നബി[സ] യോടാവശ്യപ്പെടുകയും നബി (സ) പ്രാർത്ഥിക്കുകയുമാണുണ്ടായത്. മഴക്ക് വേണ്ടിയുള്ള നമസ്കാരത്തിന്നശേഷമായിരുന്നു ചിലപ്പോഴം ഈ പ്രാർത്ഥന നടന്നിരുന്നത്. അത് സഹീഹായ ഹദീസുകളിൽ വന്നതുമാണ്. മററു ചിലപ്പോഴം ജുമഅ:ഖുത്തുബയിൽ ആയിരുന്നു നബി (സ) മഴക്ക് വേണ്ടി പ്രാർത്ഥിച്ചിരുന്നത്. ബുഖാരി, മുസ്ലിം തുടങ്ങിയവരുദ്ധരിച്ച പ്രബലമായ ഹദീസുകളിൽ ഇതു വിശദമായി കാണാം. ഒരു വെള്ളിയാഴ്ച ദിവസം തിരുമേനി ഖുത്തുബ നടത്തിക്കൊണ്ടിരിക്കെ ഒരു ഗ്രാമീണൻ ആവലാതിപ്പെട്ടു-പ്രവാചകരെ, സ്വത്തുക്കൾ മുഴുവൻ നശിച്ചു. വെള്ളത്തിന് വളരെ ക്ഷാമം നേരിട്ടി

രിക്കുന്നു. അതുകൊണ്ട് അവിടുന്ന് ഞങ്ങൾക്ക് വേണ്ടി അല്ലാഹുവോട് പ്രാർത്ഥിക്കുക. അങ്ങനെ തിരുമേനി പ്രാർത്ഥിക്കുകയും ഒരാഴ്ചക്കാലം മഴ വർഷിക്കപ്പെടുകയും ചെയ്തു. തുടർച്ചയായുണ്ടായ മഴ കാരണം വിഷമമനുഭവപ്പെട്ടപ്പോൾ, അടുത്ത വെള്ളിയാഴ്ച തിരുമേനി ഖുത്തുബ നടത്തിക്കൊണ്ടിരിക്കെതന്നെ ഒരാൾ ആവലാതി പറഞ്ഞു. പ്രവാചകരെ, അതി വർഷം കൊണ്ടു വീടുകൾ തകരുകയും വഴി മുടങ്ങുകയും ചെയ്തിരിക്കുന്നു. അത്കൊണ്ട്, ഈ കഠിന വർഷം ഒഴിവാക്കാൻ അവിടുന്നു അല്ലാഹുവോട് പ്രാർത്ഥിക്കുക. തിരുമേനി പ്രാർത്ഥിച്ചു: അല്ലാഹുവേ, ഞങ്ങളുടെ പരിസരങ്ങളിൽ-കുന്നുകളിലും, മലയോരങ്ങളിലും വർഷിപ്പിക്കുക, ഇനിയും ഞങ്ങളുടെ മേൽ വർഷിപ്പിക്കരുതേ....

ഇങ്ങനെ മഴക്ക് വേണ്ടിയും അല്ലാതെയും, നബി തിരുമേനിയെക്കൊണ്ടു പ്രാർത്ഥന നടത്തിക്കുകയും തിരുമേനി പ്രാർത്ഥിക്കുകയും ചെയ്ത ധാരാളം സംഭവങ്ങൾ ഹദീസുകളിൽ ഉദ്ധരിക്കപ്പെടുന്നുണ്ട്. ഇതെക്കുറിച്ചാണു ഉമർ (റ) 'ഞങ്ങൾ നിന്റെ പ്രവാചകനെക്കൊണ്ടു 'തവസ്സുൽ' ചെയ്യുന്നു' എന്നു പറഞ്ഞതിന്റെ വിവക്ഷ. മഴക്ക് വേണ്ടി നബിയോടു പ്രാർത്ഥിക്കുന്നുവെന്നോ, നബിയെക്കൊണ്ടു ഇടതേടുന്നു എന്നോ അല്ല. ആ നിലക്ക് ആരും ഇത് വ്യാഖ്യാനിച്ചിട്ടുമില്ല.

അബ്ബാസു [റ] മുഖേനെ പ്രാർത്ഥിച്ച, അല്ലെങ്കിൽ, അബ്ബാസി (റ) നെക്കൊണ്ടു തവസ്സുൽ ചെയ്തു എന്നതാണ് രണ്ടാമത്തെ പ്രശ്നം. മഴക്ക് വേണ്ടി അബ്ബാസ് (റ) നെക്കൊണ്ടു അല്ലാഹുവിൽ പ്രാർത്ഥന നടത്തിച്ചു

എന്നാണു അതിന്റെ ഉദ്ദേശമെന്നു ഹദീസുകളിൽ നിന്നുതന്നെ മനസ്സിലാക്കാം. അബ്ബാസ് (റ) നടത്തിയ പ്രാർത്ഥന തന്നെ യഥാതഥമായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഇതായിരുന്നു ആ പ്രാർത്ഥന.

اللـــهم لم ينزل بلاء الا بذنب، ولم يكشف الا بتوبة وقـد
توجّـه القوم بى اليك لمكانى من نبيّـك وهذه ايدينا اليك
بالذنوب ونواصينا اليك بالتوبة فاسقنا الغيث - فتح البارى ٨ - ٢

'അല്ലാഹുവേ, പാപം പ്രവർത്തിക്കുന്നതുകൊണ്ടല്ലാതെ ആപൽ പരീക്ഷണം ഉണ്ടാകാറില്ല. പശ്ചാത്താപം കൊണ്ടല്ലാതെ അതിൽനിന്നു മോചനവുമുണ്ടാകാറില്ല. ഞാനും നിന്റെ പ്രവാചകനുമായുള്ള സ്ഥാന ബന്ധം പരിഗണിച്ചു ജനങ്ങൾ എന്നെക്കൊണ്ടു നിന്നിലേക്ക് തിരിഞ്ഞിരിക്കയാണ്. ഞങ്ങളിതാ പാപ പങ്കിലമായ കൈകളോടും, പശ്ചാത്താപ ഭരിതമായ മൂർദ്ധാവുകളുമായി നിന്റെ നേരെ തിരിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഞങ്ങൾക്ക് മഴ വർഷിപ്പിച്ചു തരേണമേ' (ഫത്ഹുൽ ബാരി 2-8)

'മഹാൻമാരെക്കൊണ്ടു അല്ലാഹുവോടു പ്രാർത്ഥിപ്പിക്കുക' എന്നതാണ് ഈ സംഭവങ്ങളിലെല്ലാം കാണപ്പെടുന്ന തവസ്സുൽ. ഈ തവസ്സുൽ മുസ്ലിം ലോകത്താരും എതിർക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നുമില്ല. ഇവിടെ അബ്ബാസു (റ) നബി (സ) യോടു പ്രാർത്ഥിക്കുകയോ, നബിയെ ഇടയാളനാക്കി നിർത്തി അല്ലാഹുവോടു പ്രാർത്ഥിക്കുകയോ അല്ല; അല്ലാഹുവോടാണ് പ്രാർത്ഥിക്കുന്നത്. അതുപോലെ, ജന

ത്തം (ഉമർ അടക്കം) അബ്ബാസിനോടു പ്രാർത്ഥിക്കുകയോ അബ്ബാസിനെ ഇടയാളനാക്കി പ്രാർത്ഥിക്കുകയോ അല്ല ചെയ്യുന്നതു-അബ്ബാസിനെക്കൊണ്ടു അല്ലാഹുവിൽ പ്രാർത്ഥന നടത്തിക്കുകയാണ്. ഹദീസിലെ വാചകങ്ങളിൽ നിന്നുതന്നെ ഇതു വ്യക്തമാകുന്നു.

ശ്രദ്ധിക്കപ്പെടേണ്ട മൂന്നാമത്തെ കാര്യം ഇതാണ്. നബി തിരുമേനിയുടെ വിയോഗശേഷം, തിരുമേനിയെ തവസ്സുലാക്കി എന്തുകൊണ്ടു മഴക്ക് വേണ്ടി പ്രാർത്ഥിച്ചില്ല? നമ്മുടെ വിഷയവുമായി ഏററവും ബന്ധപ്പെട്ട മർമ്മപ്രധാനമായ വശമാണിതു. എന്തുകൊണ്ടെന്നാൽ, 'അല്ലാഹുവിൻെറ ഔലിയാക്കളേയും പുണ്യാളന്മാരെയും അവരുടെ ജീവിതകാലത്തും മരണശേഷവും നമുക്ക് സഹായത്തിന്നു വിളിക്കാം. അവർക്ക് നമ്മെ സഹായിക്കാൻ കഴിയും. മരണത്തിന്നു മുമ്പും ശേഷവുമെല്ലാം, സ്വന്തം കഴിവുകൊണ്ടല്ല നമ്മുടെ പ്രാർത്ഥന അവർ കേൾക്കുന്നതും നമ്മെ സഹായിക്കുന്നതും അല്ലാഹു അവർക്ക് നൽകുന്ന കഴിവുകൊണ്ടാണ്''. ഈ പ്രമാണം ഉദ്ധരിച്ചാണ് മരിച്ചവരെ നേരിട്ടും ഇടയാളനാക്കിയുമുള്ള പ്രാർത്ഥന വസീലത്തിൻെറ പേരിൽ ഒരു വിഭാഗം പണ്ഡിതൻമാർ ന്യായീകരിക്കുന്നതു. കാര്യമറിയാതെ മുസ്ലിം ബഹുജനങ്ങൾ അതിൽ വഞ്ചിക്കപ്പെടുകയും ചെയ്യുന്നു!

നബി തിരുമേനി (സ) ജീവിച്ചിരുന്ന കാലത്ത്, മഴക്ക്വേണ്ടിയുള്ള നമസ്ക്കാരങ്ങളിൽ തിരുമേനിയെ ഇമാമാക്കി നിർത്തുകയും അല്ലാഹുവോടു പ്രാർത്ഥന നടത്തിക്കുകയും ചെയ്യുന്നു. തിരുമേനിയുടെ മരണശേഷം, അവിടത്തെ അടുത്ത കുടുംബാംഗമായ അബ്ബാസ്

(റ) നെ നബിക്ക് പകരം തെരഞ്ഞെടുക്കുന്നു. അദ്ദേഹത്തെകൊണ്ടു പ്രാത്ഥന നടത്തിക്കുകയും ചെയ്യുന്നു. ഔലിയാക്കൾക്കും പുണ്യാളൻമാർക്കും മരണത്തിന്നു മുമ്പും ശേഷവും ഒരുപോലെ അല്ലാഹു കഴിവു നൽകുകയും, ആ കഴിവുകൊണ്ടു അവർക്ക് നമ്മുടെ വിളി കേൾക്കുവാനും നമ്മെ സഹായിക്കുവാനും കഴിയുകയും ചെയ്യുമായിരുന്നെങ്കിൽ, സൃഷ്ടികളിൽ അത്യുത്തമനും ഏററവും വലിയ 'വലിയ്യും' പുണ്യാളനുമൊക്കെയായിരുന്ന നബി (സ) യെ അവിടുത്തെ മരണശേഷം എന്തുകൊണ്ടു ഉമർ (റ) വിളിച്ചു പ്രാർത്ഥിച്ചില്ല; അല്ലാഹുവോടു പ്രാർത്ഥിക്കുവാൻ എന്തുകൊണ്ടു തിരുമേനിയോടു ആവശ്യപ്പെട്ടുമില്ല.? ജീവിച്ചിരുന്ന അബ്ബാസ് (റ) വിനേക്കാൾ ശ്രേഷ്ടനായിരുന്നില്ലെ മരണശേഷവും തിരുമേനി? അപ്പോൾ, ഏതെങ്കിലുമൊരു മഹാനെക്കൊണ്ടു അല്ലാഹുവോടു പ്രാർത്ഥന നടത്തിക്കുന്നതും, അവരോടുനേരിട്ടോ അവരെ ഇടയാളരാക്കിയോ പ്രാത്ഥിക്കുന്നതും തമ്മിലുള്ള അന്തരം വളരെ വ്യക്തമാണ്. ആദ്യത്തേത് അനുവദനീയവും, രണ്ടും മൂന്നും നിഷിദ്ധവുമാണെന്നു ഈ ഹദീസിൽനിന്നു മനസ്സിലാക്കാം.

ഇടതേട്ടം ന്യായീകരിക്കാൻ തൽപര കക്ഷികൾ എടുത്തുദ്ധരിക്കുന്ന ഒരു ഹദീസാണ് അബുദ്ദർദാഉ് (റ) വിൽനിന്ന് ഇമാം തുർമുദി ഉദ്ധരിക്കുന്നത്. ഹദീസ് ഇതാണ്:

عن ابى الدّرداء رضہ قال سمعت رسول الله صلّى الله عليه
وسلّم يقول ابغونى فى ضعفائكم فانّما ترزقون وتنصرون
بضعفائكم، — حديث حسن صحيح ( ترمذى ٢٣ - ١)

നബി (സ) പറഞ്ഞു: നിങ്ങളിൽ ദുർബ്ബലർക്കിടയി ലാണ് എന്നെ നിങ്ങൾ അന്വേഷിക്കേണ്ടത്. എന്തെന്നാൽ, നിങ്ങൾക്ക് ആഹാരം നൽകപ്പെടുന്നതും, നിങ്ങൾക്ക് സഹായം ലഭിക്കുന്നതുമെല്ലാം ആ ദുർബ്ബലർ കാരണമാണ്'' (തുർമുദി 1-23)

ഈ വചനം ഇമാം ബുഖാരിയും ഇമാം നസാഇയും റിപ്പോർട്ട് ചെയ്യുന്നതിങ്ങനെയാണ്:

عن مصعب بن سعد رضي قال رأى سعد ان له فضلا على من دونه فقال النبى صلى الله عليه وسلم هل ترزقون وتنصرون الا بضعفائكم — بخارى كتاب الجهاد

'സഅദു (റ) വിന്നു തന്നെക്കുറിച്ച് ഒരു മതിപ്പുണ്ടായിരുന്നു-തനിക്ക് മററുള്ളവരേക്കാൾ ശ്രേഷ്ടതയുണ്ടെന്നും. അതു മനസ്സിലാക്കി തിരുമേനി പറഞ്ഞു. നിങ്ങൾക്ക് ആഹാരം നൽകപ്പെടുന്നതും നിങ്ങൾ സഹായിക്കപ്പെടുന്നതും യഥാർത്ഥത്തിൽ നിങ്ങളിലെ ദുർബ്ബലർ കാരണമായിട്ടാകുന്നു' (ബുഖാരി)

'ദുർബ്ബലർ കാരണമായിട്ടാണ് നിങ്ങൾക്ക് ആഹാരം നൽകപ്പെടുന്നതും സഹായം ലഭിക്കുന്നതും' എന്നതിന്റെ വിവക്ഷയെന്താണെന്നു ഇമാം നസാഇ (റ) ഉദ്ധരിക്കുന്ന ഹദീസിൽ ഇങ്ങനെ വിശദീകരിക്കുന്നു:

قال النبى صلى الله عليه وسلم انما تنصر هذه الامة بضعفائها بدعواتهم وصلاتهم واخلاصهم

'തിരുനേി പറഞ്ഞു. ഈ സമുദായം സഹായിക്കപ്പെടുന്ന ത് അതിലെ ദുർബ്ബലർ കാരണമാകുന്നു. അവരുടെ പ്രാർത്ഥനകളും നമസ്ക്കാരങ്ങളും ആത്മാർത്ഥതയു മൊക്കെകൊണ്ട്''. സഅദുബ്നു മാലിക്ക് (റ) വിൽ നിന്ന്ഇമാം അഹമദ് ഉദ്ധരിക്കുന്ന ഹദീസിൽനിന്ന പ്ര സ്തുത നബി വചനങ്ങളുടെ പശ്ചാത്തലം കൂടി ഗ്രഹിക്കാം.

قلت يا رسول الله ، الرجل يكون حامية القوم ايكون سهمه وسهم غيره سواء ، قال ثكلت امك ابن ام سعد وهل ترزقون وتنصرون الا بضعفائكم ؟

'സഅദുബ്നു മാലിക്ക് ചോദിച്ചു: അല്ലയോ പ്രവാ ചകരെ, സമുദായ സംരക്ഷകരുടെ ഓഹരിയും അ ല്ലാത്തവരുടെ ഓഹരിയും ഒരുപോലെ തന്നെയോ? തിരുമേനി പറഞ്ഞു; ഉമ്മുസഅദിൻെറ മകനെ, നിൻെറ മാതാവിനു നഷ്ടം! നിങ്ങൾക്ക ആഹാരം നൽകപ്പെടുന്ന തും സഹായം ലഭിക്കുന്നതുമെല്ലാം ആ ദുർബ്ബലർ കാര ണമായിട്ടാണ്'' (അഹ്മദ്)

ഇപ്പോൾ, ഈ എല്ലാ ഹദീസുകളും ചേർത്തു വായി ക്കുമ്പോൾ നടന്ന കാര്യം എന്താണെന്ന മനസ്സിലാക്കാൻ കഴിയുന്നു. സ്വന്തം ജീവൻ തൃണവൽഗണിച്ച് ശത്രു ക്കളുമായി ഏററുമുട്ടുകയും, ധീരപരാക്രമങ്ങളിലൂടെ വിജയം വരിക്കുകയും അങ്ങനെ സമുദായത്തെ രക്ഷി ക്കുകയും ചെയ്ത യോദ്ധാക്കൾക്കും, യുദ്ധത്തിൽ പങ്കെ ടുക്കാൻ ശേഷിയില്ലാത്ത ദുർബ്ബലൻമാർക്കും യുദ്ധ സ്വത്തിൽ തുല്ല്യാവകാശമാണോ' എന്നു സഅദ്ബ്നു

മാലിക്ക് തിരുമേനിയോടന്വേഷിക്കുന്നു. യോദ്ധാക്കൾക്ക് കൂടുതൽ ഓഹരിക്കവകാശമുണ്ടെന്നാണ് ഈ അന്വേഷണത്തിലെ സൂചന. ഏതാനും പ്രബലന്മാരുടെ ശക്തിയും ധീരതയും കൊണ്ടു മാത്രമല്ല യുദ്ധം വിജയിക്കുന്നതെന്നും, ദുർബ്ബലരുടെ പ്രാർത്ഥനകളും ആത്മാർത്ഥമായ സഹകരണങ്ങളുംകൂടി അതിന്നു കാരണമായിട്ടുണ്ടെന്നും നബി (സ) അതിന്നു മറുപടി പറയുന്നു. എല്ലാ വിജയങ്ങൾക്കും അടിസ്ഥാനമായ അല്ലാഹുവിൻെറ സഹായം ദുർബ്ബലരുടെ പ്രാർത്ഥന മുഖേനയാണ് ഉണ്ടായതെന്നും അപ്പോൾ ഓഹരിയിൽ എല്ലാവരും തുല്യരാണെന്നും ആർക്കും ആരേക്കാളും മേൻമ അവകാശപ്പെടാൻ അർഹതയില്ലെന്നും ആ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു. ഇതു സംബന്ധിച്ചുള്ള ഹദീസു പണ്ഡിതൻമാരുടെ വിശദീകരണംകൂടി കാണുക.

قال ابن بطال : تأويل الحديث انّ الضعفاء اشد اخلاصا فى الدّعاء واكثر خشوعا فى العبادات لخلاء قلوبهم عن التعلق بزخرف الدّنيا. وقال المهلب اراد النّبىّ بذلك حضّ سعد على التواضع ونفى الزّهو على غيره وترك احتقار المسلم فى كل حاله — فتح البارى ٨٨ - ٦

'ഹൃദയങ്ങളിൽ ഐഹിക ജീവിതത്തിൻെറ അലങ്കാരങ്ങളുമായി ബന്ധപ്പെടാൻ അവസരമില്ലാത്തതുകൊണ്ടു, ആരാധനകളിൽ കൂടുതൽ ഭയഭക്തിയും, പ്രാർത്ഥനകളിൽ കൂടുതൽ ആത്മാർത്ഥതയും ഉണ്ടാ

കുക സ്വാഭാവികമായും ദുർബ്ബലരായ ജനവിഭാഗത്തി ലാണ്, ഇതാണ് ഈ ഹദീസിൻെറ ഉള്ളടക്കമെന്നു 'ഇബ്നുബത്താൽ' അഭിപ്രായപ്പെടുന്നു. കൂടുതൽ വിനയം കൈക്കൊള്ളാൻ സഅദുബ്നു മാലിക്കിനെ പ്രേരിപ്പിക്കുകയും മററുള്ളവരേക്കാൾ തനിക്ക് അർഹ തയും ശ്രേഷ്ഠതയും ഉണ്ടെന്ന കരുതുന്നതും ഏതു മു സ്ലിമിനേയും നിസ്സാരപ്പെടുത്തുന്നതും ഒഴിവാക്കാൻ അദ്ദേഹത്തെ ഉണർത്തുകയുമാണു നബി തിരുമേനി അ തുകൊണ്ടുദ്ദേശിച്ചതെന്നു 'മുഹല്ലബും' അഭിപ്രായ പ്പെടുന്നു, (ഫത്ഹുൽബാരി 6-88)

'ദുർബ്ബലർ മുഖേനയാണ് നിങ്ങൾ സഹായിക്കപ്പെ ടുന്നതും നിങ്ങൾക്ക് ആഹാരം നൽകപ്പെടുന്നതും' എന്നതിൻെറ ഉദ്ദേശം ഹദീസുകളിൽ നിന്നുതന്നെ സുത രാം വ്യക്തമാണ്, ഹദീസ് പണ്ഡിതൻമാർ അതു കൂടുതൽ വിശദീകരിക്കുകയും ചെയ്തു. പക്ഷെ, ദുർബ്ബലരെ വസീലയാക്കി ഇടതേടിയതുകൊണ്ടാണു നിങ്ങൾ സഹായിക്കപ്പെടുന്നതും ആഹാരം നൽകപ്പെടു ന്നതുമെന്നാണ് അതിൻെറ ഉദ്ദേശമെന്ന ഇടതേട്ട വാദിക ളായ പണ്ഡിതൻമാർ ജൽപ്പിക്കുന്നു.

اَللّٰهم انصر على الاعداء بحق عبادك الفقراء

'അല്ലാഹുവേ നിൻെറ ദരിദ്രരായ അടിമകളുടെ 'ഹഖു' കൊണ്ടു ശത്രുക്കൾക്കെതിരിൽ നീ ഞങ്ങളെ സഹാ യിക്കേണമേ' എന്ന് നബി (സ) പ്രാർത്ഥിക്കാറുണ്ടായി രുന്നപോൽ, എന്നാൽ ഹദീസു ഗ്രന്ഥങ്ങളിൽ രേഖപ്പെ ടുത്തപ്പെട്ട നബി (സ)യുടെ പ്രാർത്ഥനകളിലൊന്നിലും വല്ലതിനേയും മുൻനിർത്തി തിരുമേനി ഇടതേട്ടം നട

ത്തിയതായി കാണാൻ കഴിയുകയില്ല. അങ്ങനെയൊന്നുണ്ടാകാൻ സാദ്ധ്യതയുമില്ല. തിരുമേനിയുടെ മേൽ ഇവർ കെട്ടിച്ചമക്കുന്ന വ്യക്തമായ ഒരാരോപണമത്രേ ഇത്.

ഇടതേട്ടം ന്യായീകരിക്കാൻ തൽപര കക്ഷികളായ പണ്ഡിതൻമാർ നടത്തുന്ന ദുർവ്യാഖ്യാനത്തിനുള്ള മറെറാരുദാഹരണമാണ് ഇബ്ന് ഉമർ (റ) വിൽ നിന്നു ഇമാം ബുഖാരിയും ഇമാം മുസ്ലീമും ഉദ്ധരിക്കുന്ന പ്രസിദ്ധമായ ഹദീസ്. അനുയായികൾക്ക് നബി (സ) വിവരിച്ചുകൊടുത്ത ഒരു സംഭവമാണ് പ്രസ്തുത ഹദീസിലെ പ്രമേയം. അതിന്റെ രത്നച്ചുരുക്കം ഇതാണ്.

'പണ്ട്, മലമുകളിലെ ഒരു ഗുഹയിൽ സംഗതിവശാൽ മൂന്നുപേർ അകപ്പെട്ടുപോയി; രാത്രി സമയം. മുകളിൽനിന്നുരുണ്ടുവന്ന ഒരു വലിയ പാറക്കല്ലു പതിച്ചു ഗുഹാമുഖം പൂർണ്ണമായും അടഞ്ഞു. ഇനി, തങ്ങൾ ചെയ്ത സൽക്കർമ്മങ്ങൾ 'വസീല'യാക്കി അല്ലാഹുവോട് പ്രാർത്ഥിക്കലല്ലാതെ മറെറാരു രക്ഷാമാർഗ്ഗവുമില്ലെന്ന് അവർക്ക് ബോദ്ധ്യമായി. അവരിലൊരാൾ പറഞ്ഞു.

അല്ലാഹുവെ, വാർദ്ധക്യം പ്രാപിച്ച മാതാപിതാക്കളുണ്ടായിരുന്നു എനിക്ക്. അവർക്ക നൽകിയശേഷമല്ലാതെ എന്റെ കുടുംബങ്ങൾക്കോ മൃഗങ്ങൾക്കോ ഞാൻ ഭക്ഷണം നൽകിയിരുന്നില്ല. ഒരു ദിവസം എനിക്ക് വിറകിന്നു മരത്തടികൾ തേടി വളരെ ദൂരം പോകേണ്ടി വന്നു. തിരിച്ചെത്തുമ്പോഴേക്കും മാതാപിതാക്കൾ ഉറങ്ങിയിരുന്നു. എന്നാൽ, അവർക്കു

നൽകാതെ കുടുംബത്തിനോ മൃഗങ്ങൾക്കോ ആഹാരം നൽകുന്നതു ഞാൻ ഇഷ്ടപ്പെട്ടില്ല. വിശന്നു വലഞ്ഞ കുട്ടികൾ ആഹാരത്തിന്നുവേണ്ടി എൻെറ കാൽക്കൽ കിടന്നു കരഞ്ഞു. എന്നിട്ടും മാതാപിതാക്കൾ ഉണരുന്നതുവരെ അവരുടെ ഭക്ഷണവും (പാല്) കയ്യിൽ പിടിച്ചു ഞാൻ കാത്തിരുന്നു. അവർ എഴുന്നേററ് ആഹാരം കഴിച്ചശേഷം മാത്രമാണ് ഞാൻ മററുള്ളവക്ക് ഭക്ഷണം നൽകിയത്. അല്ലാഹുവേ, നിൻെറ പ്രീതിയെ കാംക്ഷിച്ചു മാത്രമാണ് ഞാനങ്ങനെ ചെയ്തത്. അതുകൊണ്ട് ഞങ്ങളിപ്പോൾ അകപ്പെട്ട വിഷമത്തിൽ നിന്നു നീ ഞങ്ങൾക്ക് തുറസ്സു നൽകേണമേ. അപ്പോൾ ഗുഹാമുഖത്ത്നിന്ന് പാറക്കല്ല് അല്പം നീങ്ങി ചെറിയ ഒരു തുറസ്സു കാണപ്പെട്ടു.

അനന്തരം രണ്ടാമൻ പറഞ്ഞു:

അല്ലാഹുവേ, എനിക്കൊരു പിതൃവ്യ പുത്രിയുണ്ടായിരുന്നു. എനിക്കേററവും ഇഷ്ടപ്പെട്ട എൻെറ പ്രേമ ഭാജനം. (അവിഹിതമായി) അവളെയൊന്നു പ്രാപിക്കാൻ ഞാൻ കഠിനമായി ആഗ്രഹിച്ചു. പക്ഷെ, അവൾ കൂട്ടാക്കിയില്ല. അങ്ങനെയൊരിക്കൽ കടുത്ത ക്ഷാമം ബാധിച്ചപ്പോൾ നൂററിരുപതു സ്വർണ്ണ നാണയത്തിൻമേൽ എൻെറ ആഗ്രഹം നിവർത്തിക്കാമെന്ന് അവൾ സമ്മതിച്ചു. ഞാനത് നൽകുകയും അവൾ എനിക്ക് വഴങ്ങുകയും ചെയ്തു. അവസാന നിമിഷം അവൾ പറഞ്ഞു: താങ്കൾ അല്ലാഹുവിനെ സൂക്ഷിക്കുക, അവകാശമില്ലാതെ മുദ്രപൊളിക്കരുത്'' അതു കേട്ട മാത്രയിൽ അവളെ സ്പർശിക്കാതെ ഞാൻ തിരിച്ചു പോരികയും ചെയ്തു. നൽകിയ സ്വർണ്ണ നാണയം

തിരിച്ചു വാങ്ങിയുമില്ല. അല്ലാഹുവെ, ഇതു ഞാൻ ചെയ്തത് നിൻെറ പ്രീതിയെ ആഗ്രഹിച്ചു മാത്രമാണ്. അതുകൊണ്ട് ഇപ്പോൾ ഞങ്ങൾ അകപ്പെട്ട ഈ വിഷമത്തിൽ ഞങ്ങൾക്ക ആശ്വാസം നൽകേണമേ'. അപ്പോൾ ഗുഹാമുഖം ഒന്നുകൂടി വിശാലമായി. എന്നാലും അതിലൂടെ അവർക്ക് പുറത്തു കടക്കാമായിരുന്നില്ല.

മൂന്നാമത്തെ ആൾ പറഞ്ഞു:

'അല്ലാഹുവെ, ഞാൻ ചിലരെക്കൊണ്ട് കൂലിക്കു പണിയെടുപ്പിച്ചിരുന്നു. ഒരു ദിവസം അവരിലൊരാൾ കൂലി വാങ്ങാതെ എങ്ങോ പോയി. ആ കൂലി കൊണ്ട് ഞാനൊരു സ്വത്തു വാങ്ങി. അതു വർദ്ധിച്ചു കൊണ്ടേയിരുന്നു. കുറെ കാലത്തിനുശേഷം അയാൾ തിരിച്ചു വന്നു. അന്നത്തെ കൂലി ആവശ്യപ്പെട്ടു. ഇത്രയും ഒട്ടകങ്ങളും പശുക്കളും ആടുകളും അടിമകളുമൊക്കെ നിൻെറ ആ കൂലിയിൽപെട്ടതാണെന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിന്ന് വിശ്വസിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം പറഞ്ഞു: അല്ലാഹുവിൻെറ അടിമയായ മനുഷ്യാ, നിങ്ങൾ എന്നെ പരിഹസിക്കുകയാണോ? ഞാൻ പറഞ്ഞു. അല്ല സുഹൃത്തേ, ഇതെല്ലാം നിങ്ങളുടെ അന്നത്തെ കൂലികൊണ്ട് ഞാൻ വർദ്ധിപ്പിച്ചതാണ്. ഇതെല്ലാം നിങ്ങൾക്ക് കൊണ്ടുപോകാം. അങ്ങനെ, അതെല്ലാം അയാൾ കൊണ്ടുപോകുകയും ചെയ്തു. അല്ലാഹുവെ, നിൻെറ പ്രീതി ആഗ്രഹിച്ചു മാത്രമാണ് ഞാനിതു ചെയ്തത്. അതുകൊണ്ട് ഞങ്ങളുടെ വിഷമത്തിൽ നിന്ന് പൂർണ്ണമായ ആശ്വാസം തരൂ. അപ്പോൾ പാറക്കല്ല് തീരെ നീങ്ങുകയും അവർ ഗുഹയിൽനിന്ന് രക്ഷപ്പെടുകയും ചെയ്തു'.

ഈ സംഭവവുമായി ബന്ധപ്പെട്ട മൂന്നപേരും നടത്തിയ 'തവസ്സുൽ' എന്തായിരുന്നവെന്ന വ്യാഖ്യാനമാവശ്യമില്ലാത്തവിധം എത്രയും വ്യക്തമാണ്. അവരിൽ ആരുടെ പ്രാത്ഥനയിലും ഏതെങ്കിലും വലിയ്യിനേയോ പുണ്യാളനേയോ ഇടയാളനാക്കിയില്ല. ആരുടെയും ഹഖും ജാഹും ബർക്കത്തും കൊണ്ട് ഇടതേടിയുമില്ല. മറിച്ചു മാതാപിതാക്കളോട് പുലത്തിയ അതിരററ സ്നേഹാദരങ്ങൾ, സ്വന്തം ദേഹേഛയെ നിഷ്പ്രഭമാക്കിയ ദൈവഭക്തി, തന്നെക്കാൾ കഴിവു കുറഞ്ഞവരോട് കാണിച്ച ഔദാര്യവും സ്നേഹവും ഇതൊക്കെയായിരുന്നു അവരുടെ പ്രാർത്ഥനകളിലെ 'വസീല'കൾ. 'സൽകർമ്മങ്ങൾ മുഖേനെ നിങ്ങൾ അല്ലാഹുവിലേക്ക് സാമീപ്യം തേടുക'യെന്ന ഖുർആൻ വചനത്തിൻെറ വിവക്ഷയാണിത്. പ്രകടമായ മാതൃകയും.

അല്ലാഹുവിൻെറ പ്രീതി സമ്പാദിക്കുന്നതിന്നു പുറമെ, വിഷമങ്ങളിൽനിന്ന രക്ഷപ്പെടുവാനും ആഗ്രഹങ്ങൾ സാധിക്കാനും അവരവർ ചെയ്ത സൽക്കർമ്മങ്ങൾ വസീലയാക്കി പ്രാർത്ഥിക്കുകകൂടി ചെയ്യാമെന്ന ഈ ഹദീസിൽനിന്ന മനസ്സിലാക്കാം. അല്ലാഹുവിൻെറ പ്രീതിമാത്രം ലക്ഷ്യംവെച്ചു നിർബ്ബന്ധങ്ങളും ഐഛികങ്ങളുമായ സൽകർമ്മങ്ങൾ അനുഷ്ടിക്കുന്നവർ അല്ലാഹുവുമായി കൂടുതൽ കൂടുതൽ അടുത്തുകൊണ്ടേയിരിക്കുന്നു. ആ അടുപ്പം ഇഹത്തിലും പരത്തിലും അവന്ന രക്ഷയും മോക്ഷവുമാകുന്നു. അതുകൊണ്ടാണ് പുണ്യകർമ്മങ്ങൾ ചെയ്തു അല്ലാഹുവിൻെറ സാമീപ്യം സമ്പാദിക്കുക എന്ന സത്യവിശ്വാസികളോട് അല്ലാഹു നിർദ്ദേശിച്ചത്. അതെ അവസരം, ഔലിയാക്കളെയും പുണ്യാളൻമാരെയും ഇടയാളരാക്കിയാണ്

പ്രാർത്ഥിക്കുന്നതെങ്കിൽ അതു അല്ലാഹുവിൽനിന്നു അകലുവാൻ കാരണമായിത്തീരുന്നു. ഏതായാലും അമ്പിയാക്കളെ, ഔലിയാക്കളെ, സ്വാലിഹുകളെ മുതലായവരെ വസീലയാക്കി ഇടതേടുന്നതിന്ന മേൽഹദീസിൽ യാതൊരു തെളിവുമില്ലെന്നതു വളരെ വ്യക്തമാണ്. ഉണ്ടെന്ന വരുത്തിത്തീർക്കുന്നത് ദുർവ്യാഖ്യാനത്തിലൂടെ മാത്രമാണ്. പൂർവ്വകാലപണ്ഡിതൻമാരാരും തന്നെ ആ നിലക്ക് ഈ ഹദീസു വ്യാഖ്യാനിച്ചിട്ടുമില്ല.

## അന്ധന്റെ തവസ്സുൽ

അന്ധനായ ഒരു മനുഷ്യൻ, ഒരിക്കൽ നബി (സ) യെ സമീപിച്ചു തനിക്ക് കാഴ്ച ശക്തി ലഭിക്കുവാൻ വേണ്ടി അല്ലാഹുവോട് പ്രാത്ഥിക്കണമെന്നാവശ്യപ്പെട്ടു. തിരുമേനി പ്രാത്ഥിക്കുകയും, ആ പ്രാത്ഥനയുടെ ഫലമായി അദ്ദേഹത്തിന്ന കാഴ്ചശക്തി ലഭിക്കുകയും ചെയ്തു. ഈ സംഭവം 'ജാമിഉ തുർമുദി' ( جامع الترمذى ) യിലും (ബുഖാരി, മുസ്ലിം ഒഴിച്ചുള്ള) മററു ചില ഹദീസു ഗ്രന്ഥങ്ങളിലും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. തവസ്സുലി (ഇടതേട്ട) ന്ന ഇതൊരു വലിയ തെളിവായി തൽപര കക്ഷികൾ എടുത്തുദ്ധരിക്കുന്നത് കാണാം. അതിനാൽ. പ്രസ്തുത സംഭവം 'ജാമിഉത്തുർമുദി'യിൽ വന്ന വാചകത്തിന്റെ വെളിച്ചത്തിൽതന്നെ നമുക്ക് വിശകലനം നടത്താം

عن عثمان بن حنيف رضى ان رجلا ضرير البصر اتى النبى صلى الله عليه وسلم فقال ادعو الله ان يعافينى قال ان شئت دعوت

وان شئت صبرت فهو خير لك قال فادعه فامره ان يتوضأ فيحسن وضوءه ويدعو بهذا الدعاء اللهم انى اسئلك واتوجه اليك بنبيك محمد نبى الرحمة انى توجهت بك الى ربى فى حاجتى هذه لتقضى لى اللهم فشفعه فى (هذا حديث حسن صحيح غريب لا نعرفه الا من هذا الوجه من حديث ابى جعفر وهو غير الخطمى — ترمذى ٢ - ١٩٢

'അന്ധനായ ഒരു മനുഷ്യൻ നബി (സ)യെ സമീപിച്ചു തനിക്ക് സൗഖ്യം നൽകാൻവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്നാവശ്യപ്പെട്ടു. തിരുമേനി പറഞ്ഞു: നീ അങ്ങനെ ഉദ്ദേശിക്കുകയാണെങ്കിൽ ഞാൻ പ്രാർത്ഥിക്കാം. അഥവാ, നീ ഉദ്ദേശിക്കുകയാണെങ്കിൽ നിനക്ക് ക്ഷമിക്കുകയും ചെയ്യാം. അതാണ് നിനക്ക് ഉത്തമവും. അദ്ദേഹം പറഞ്ഞു: അല്ലാഹുവോട് നിങ്ങൾ പ്രാർത്ഥിക്കുക. അപ്പോൾ തിരുമേനി അദ്ദേഹത്തോടു പറഞ്ഞു: നല്ല നിലക്ക് ഒരു 'വുസു' ഉണ്ടാക്കുകയും അനന്തരം ഇങ്ങനെ പ്രാർത്ഥിക്കുകയും ചെയ്യുക: അല്ലാഹുവെ, കാരുണ്യത്തിന്റെ ദൂതനായ നിന്റെ പ്രവാചകൻ മുഹമ്മദ് നബിയെകൊണ്ട് ഞാൻ നിന്നോട് ചോദിക്കുകയും നിന്നിലേക്ക് തിരിയുകയും ചെയ്യുന്നു. എന്റെ ഈ ആഗ്രഹം നിർവ്വഹിച്ചു തരാൻ വേണ്ടി അങ്ങയെകൊണ്ടു ഞാൻ എന്റെ രക്ഷിതാവിലേക്ക് തിരിഞ്ഞിരിക്കുന്നു. അല്ലാഹുവെ എനിക്ക് വേണ്ടി നബി (സ) ചെയ്ത ശുപാർശ നീ സ്വീകരിക്കേണമേ' (ഈ ഹദീസ് ഹസനോ സ്വഹീഹോ ആയ

ഏക വ്യക്തിയിൽ നിന്നുദ്ധരിക്കപ്പെടുന്നു. അബു ജഅഫർ എന്ന വ്യക്തിയിലൂടെ മാത്രമെ ഈ ഹദീസു നമുക്കറിയാൻ കഴിഞ്ഞിട്ടുള്ളു. എന്നാൽ ഈ അബുജഅഫർ 'ഖത്ത്മീ'-അല്ല - തിർമുദി, 2–197)

ഈ ഹദീസിൽ വിവരിക്കപ്പെട്ട അന്ധനായ മനുഷ്യന്റെ പ്രാർത്ഥനയും അഭിപ്രായ വ്യത്യാസമുള്ള തവസ്സുലും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു വലിയ വിശദീകരണമൊന്നുമില്ലാതെ തന്നെ ചിന്തിച്ചാൽ ആർക്കും മനസ്സിലാക്കാൻ കഴിയും. എന്തെന്നാൽ, ഇവിടെ നബി [സ] യോടു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകയാണ് അന്ധൻ ചെയ്യുന്നത്-നബി [സ] യെ കൊണ്ടു ഇടതേടുകയല്ല. അതായത്, തനിക്ക് കാഴ്ച ശക്തി ലഭിക്കാൻ വേണ്ടി അല്ലാഹുവോടു പ്രാത്ഥിക്കണമെന്നു നബി (സ) യോടാവശ്യപ്പെടുന്നു. അതു പ്രകാരം നബി (സ) അന്ധനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. തനിക്ക്വേണ്ടിയുള്ള നബി [സ] യുടെ പ്രാർത്ഥന സ്വീകരിക്കേണമേ എന്നു അന്ധനും അല്ലാഹുവോട് പ്രാത്ഥിക്കുന്നു. 'നബിയെക്കൊണ്ടു ഞാൻ നിന്നോട് ചോദിക്കുന്നു' എന്നതിന്റെ ഉദ്ദേശം നബിയുടെ പ്രാർത്ഥന മുഖേന ഞാൻ നിന്നോടു ചോദിക്കുന്നു എന്നാകുന്നു. ഇതെല്ലാം തന്നെയും നബി (സ) ജീവിച്ചിരിക്കെ അവിടുത്തെ സന്നിധിയിൽ ഹാജറായികൊണ്ടുമാണ്. തിരുമേനിയുടെ വഫാത്തിന്നുശേഷമോ വിളിച്ചാൽ കേൾക്കാത്ത ദൂരത്തു നിന്നോ ആയിരുന്നില്ല. അതിനെ തുടർന്ന് തിരുമേനി അദ്ദേഹത്തിന്നുവേണ്ടി പ്രാർത്ഥിക്കുകയും സ്വയം പ്രാത്ഥിക്കാനുള്ള ഒരു പ്രാർത്ഥന അന്ധനു പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുന്ന. ആ പ്രാർത്ഥനയിൽ, 'എനിക്ക് വേണ്ടിയുള്ള തിരുമേനിയുടെ പ്രാർത്ഥനയും ശുപാ

ശ്യും നീ സ്വീകരിക്കേണമെ' എന്ന അന്ധൻെറ പ്രാർത്ഥന വളരെ ശ്രദ്ധേയമാണ്. അന്ധനുവേണ്ടി തിരുമേനി പ്രാർത്ഥിച്ചിരുന്നു എന്നു അതിൽനിന്നു തെളിയുന്നു! ഏതായാലും....ഇതാണല്ലോ.സംഭവം? എങ്കിൽ ഇതിൽ എവിടെയാണ് ഇടതേട്ടമുണ്ടായത്?

1. നബി (സ) യോട് അന്ധൻ നേരിട്ടു പ്രാർത്ഥിക്കുന്നില്ല. അങ്ങനെ ചെയ്യാൻ നബി [സ] അദ്ദേഹത്തെ ഉപദേശിക്കുന്നുമില്ല. തനിക്കുവേണ്ടി അല്ലാഹുവോട് പ്രാർത്ഥിക്കണം എന്ന് മാത്രമാണ് അന്ധൻ തിരുമേനിയോടാവശ്യപ്പെടുന്നത്.

2. തനിക്കുവേണ്ടിയുള്ള നബി തിരുമേനിയുടെ പ്രാർത്ഥനയും ശുപാർശയും സ്വീകരിക്കാൻ അല്ലാഹുവോടാണ് അന്ധൻ പ്രാർത്ഥിക്കുന്നത്. അങ്ങനെ പ്രാർത്ഥിക്കാനാണ് തിരുമേനി നിർദ്ദേശിച്ചതും.

3. നബി (സ)യോട് പ്രാർത്ഥിച്ചില്ല എന്നു മാത്രമല്ല; അല്ലാഹുവോടുള്ള പ്രാർത്ഥനയിൽ നബി (സ)യുടെ 'ജാഹ്', 'ജാഹോ', ബർക്കത്തോ, ഓത്തോ തവസ്സുലാക്കുകയും ചെയ്തില്ല.

4. പ്രാർത്ഥന സ്വീകരിക്കുവാൻ, തന്നെ ഇടയാളനാക്കുവാനല്ല, അതിനു യോഗ്യമായമാർഗ്ഗം സ്വീകരിക്കാനും (വുസു നന്നാക്കിയെടുക്കാൻ) അല്ലാഹുവോട് നേരിട്ടു പ്രാർത്ഥിക്കുവാനുമാണ് നബി (സ) അദ്ദേഹത്തെ ഉപദേശിച്ചത്.

5. നബി (സ) അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ച പ്രാർത്ഥന സ്വീകരിക്കുവാൻ അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. നബി (സ)യെ ഇടയാളനാക്കുകയല്ല. നബിയെകൊണ്ടു പ്രാർത്ഥിപ്പിക്കുകയാണുണ്ടായത്.

ഹദീസിൽ വിവരിക്കപ്പെട്ട ഈ സംഭവത്തിൽ ഒരു വശത്തെക്കുറിച്ചും മുസ്‌ലിംകളിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല, ഉണ്ടാകാൻ സാധ്യതയുമില്ല. എന്തുകൊണ്ടെന്നാൽ, നബി (സ) ജീവിച്ചിരുന്നപ്പോൾ അവിടുത്തെ കൊണ്ടും; തിരുമേനിയുടെ വിയോഗത്തിനുശേഷം പിതൃവ്യനായ അബ്ബാസ് (റ)വിനെക്കൊണ്ടും മഴക്ക്‌വേണ്ടി പ്രാർത്ഥന നടത്തിച്ച സംഭവം ഈ പരമ്പരയിൽ തന്നെ നാം എടുത്തുദ്ധരിച്ചിട്ടുണ്ട്. ഒരാൾ മറ്റൊരാൾക്ക്‌വേണ്ടി പ്രാർത്ഥിക്കുന്നതോ പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നതോ വിരോധിക്കപ്പെട്ട കാര്യമല്ല. ആരും അതിനെ എതിർക്കുന്നുമില്ല. തനിക്ക്‌വേണ്ടി പ്രാർത്ഥിക്കണമെന്ന് നബി തിരുമേനിപോലും തൻെറ സമുദായത്തോടാവശ്യപ്പെട്ടിരിക്കുന്നു. അതനുസരിച്ചു, അല്ലാവുവിങ്കൽനിന്നുള്ള രക്ഷയും സമാധാനവും (സ്വലാത്തും സലാമും) നബി തിരുമേനിക്കുണ്ടാകുവാനും, 'വസീലത്ത്', 'ഫസീലത്ത്' എന്നീ ഉന്നത സ്ഥാനങ്ങൾ തിരുമേനിക്ക് ലഭിക്കുവാനും മുസ്ലിംകൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രാർത്ഥനകൾ ഇതിനുദാഹരണങ്ങളാണ്. 'ഹജ്ജും', 'ഉംറ'യും നിർവ്വഹിക്കാൻ പോകുന്ന ഉമർ(റ)വിനോട് പ്രാർത്ഥനകളിൽ തന്നെയും ഉൾപ്പെടുത്തണമെന്ന തിരുമേനി ആവശ്യപ്പെടുകയുണ്ടായി. ഇങ്ങനെ പല സംഭവങ്ങളും ഹദീസു ഗ്രന്ഥങ്ങളിൽ വിവരിക്കപ്പെടുന്ന. അപ്പോൾ, മറ്റൊരാൾക്ക് വേണ്ടി പ്രാർത്ഥിക്കലും പ്രാർത്ഥിക്കാൻ ആവശ്യപ്പെടലും കുററകരമായ ഇടതേട്ടമാകുന്നില്ല. അത്തു അഭിപ്രായവ്യത്യാസമുള്ള കാര്യവുമല്ല. എങ്കിൽ അന്ധൻെറ സംഭവം ഇതിൻെറ തെളിവാണ്. തൽപരകക്ഷികൾ പറയുന്നതുപോലെ ഇടതേട്ടത്തിന്നുള്ള തെളിവല്ല.

ഈ ഹദീസിൻെറ ചില റിപ്പോർട്ടുകളിൽ 'യാ മുഹമ്മദ്' (മുഹമ്മദേ....)എന്ന അന്ധൻ നബി തിരുമേനിയെ വിളിച്ചതായുണ്ട്. ഇതിൽ പിടിച്ചുതൂങ്ങി മരിച്ച മഹാത്മാക്കളേയും വിളിച്ച് പ്രാർത്ഥിക്കാമെന്നും, ഇത് ഇടതേട്ടത്തിന്ന ഒരു തെളിവാണെന്നും ചിലർ വാദിക്കാറുണ്ട് പക്ഷെ, നബി (സ) ജീവിച്ചിരിക്കെ അവിടുത്തെ സന്നിധിയിൽവെച്ചാണ് യാ മുഹമ്മദ് (മുഹമ്മദേ) എന്ന അന്ധൻ വിളിച്ചിരുന്നതെന്ന സത്യം അവർ വിസ്മരിച്ചുകളയുന്നു. അല്ലെങ്കിൽ മന പൂർവ്വം മറച്ചുവെക്കുന്നു. അരികെയുള്ളവർ, പ്രവാചകനോ മഹാത്മാവോ, മുസ്ലിംപോലുമോ അല്ലെങ്കിൽതന്നെയും അവരെ വിളിക്കുകയും ആവശ്യങ്ങൾ പറയുകയും, അതുപോലെ അവർ വിളികേൾക്കുകയും ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുകയും ചെയ്യാമെന്നതിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകുകയില്ല. ഇതെല്ലാം നിത്യസംഭവങ്ങളാണ്. എങ്കിൽപിന്നെ, മരിച്ചവരെ വിളിക്കാമെന്നതിന്നും അവരോട് സഹായമാവശ്യപ്പെടാമെന്നതിന്നും അന്ധൻെറ 'യാ മുഹമ്മദു' വിളി ഒരു തെളിവാകുന്നില്ല.

ഈ സംഭവത്തോടനുബന്ധിച്ച് പ്രധാനപ്പെട്ട മറ്റൊരു കാര്യവും കൂടി മനസ്സിലാക്കേണ്ടതുണ്ട്. നബി (സ) യുടെ പ്രാർത്ഥനയുടെ ഫലമായി അന്ധന്ന കാഴ്ച ലഭിച്ചത് തിരുമേനിയുടെ ഒരു 'മുഉ്ജിസത്താ' (അമാനുഷികസംഭവം) യി മാത്രമേ കരുതാൻ നിവൃത്തിയുള്ളു. മററുള്ളവർക്ക് അനുകരിക്കാനും മാതൃകയാക്കാനും കഴിയുന്ന ഒരു സുന്നത്തല്ല ഇമാം ബൈഹഖി (റ) വിനെ പോലുള്ള ഹദീസു പണ്ഡിതൻമാർ ഈ സംഭവം ('പ്രവാചകത്വത്തിൻെറ ദൃഷ്ടാന്തങ്ങൾ'

(دلائل النبوة) എന്ന അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയതു അതുകൊണ്ടാണ്. ഇതു മുഉ്ജിസത്തിൽ പെട്ടതല്ലെങ്കിൽ അന്ധൻമാർ നബി (സ) യെ കൊണ്ടു ഇടതേടിയാൽ അവരുടെ കാഴ്ച തിരിച്ചു കിട്ടേണ്ടതല്ലേ? എങ്കിൽ മുസ്ലിംകളിൽ അന്ധൻമാർ അവശേഷിക്കുമോ?

ഈ ഹദീസിനെക്കുറിച്ചു ഇതുവരെ നാം വിവരിച്ചതു, അതിൻെറ ആശയപരമായ വിശകലനം എന്ന നിലക്കാണ്. ഇനി അതിൻെറ 'സ്വിഹ്ഹത്തി' (സത്യാവസ്ഥ) നെക്കുറിച്ചുകൂടി അൽപ്പം വിവരിക്കേണ്ടിയിരിക്കുന്നു. ابوجعفر 'അബൂജഅഫർ' എന്ന ഒരേ ഒരു വ്യക്തിയിൽ കൂടിമാത്രമാണ് ഈ ഹദീസുദ്ധരിക്കപ്പെടുന്നതെന്നും മറ്റൊരു വ്യക്തിയിൽ നിന്നും ഇതു സംബന്ധിച്ചൊരു വിവരം നമുക്ക് കിട്ടിയിട്ടില്ലെന്നും ഹദീസു നിവേദനം ചെയ്ത തുറുമുദി (റ) പറയുന്നു. 'അബൂജഅഫറിൽറാസിത്ത മീമീ' (ابوجعفر الرازى التميمى) 'അബൂജ അഫറിൽ ഖത്ത്മി' (ابوجعفرالخطمى) എന്നിങ്ങനെ രണ്ടു അബൂജഅഫറുമാരുണ്ട്. അവരിൽ, ഈ ഹദീസു നിവേദനം ചെയ്തതു അബൂജഅഫറി റാസിത്തമീമിയാണെന്നും 'ഖത്ത്മീ'യല്ലെന്നും ഹദീസോടൊപ്പം തന്നെ തുറുമദീ രേഖപ്പെടുത്തുന്നുണ്ട്. [ഇബ്നു ഹജറുൽ അസ്ഖലാനിയുടെ 'തഹ്ദീബുത്തഹ്ദീബു'. വാ: 12 പേ: 58] ശൈഖുൽ ഇസ്ലാം ഇബ്നുത്തൈമിയ്യയുടെ അഭിപ്രായവും അങ്ങനെതന്നെയാണ്. (അത്തവസ്സുലുവൽവസീലത്തു. പേ. 93) ഇദ്ദേഹത്തെക്കുറിച്ചു ഇബ്നഹിബ്ബാൻ, നസാഈ (റ)

തുടങ്ങിയ ഹദീസു പണ്ഡിതൻമാർ രേഖപ്പെടുത്തുന്ന അഭിപ്രായം കാണുക.

كان ينفرد عن المشــاهير بالمنا كير لا تجوز الاحتجاج

بحديثه الا فيما وافق الثقات، وقال النسائى ليس بالقوى، قال

ابو زرعة شيخ يهم كثيرا . ( تهذيب التهذيب )

അതായത്, പ്രസ്തുത ഹദീസു നിവേദനം ചെയ്ത 'അബുജഅഫറിറാസിത്തമീമി' എന്ന റിപ്പോർട്ടർ, പ്രസിദ്ധരായ മററു റിപ്പോർട്ടർമാരിൽനിന്ന് ഒററപ്പെട്ടു മുൻകറായ ഹദീസുകൾ ഉദ്ധരിക്കുന്ന വ്യക്തിയും തെളിവിനു സ്വീകരിക്കാൻ യോഗ്യതയില്ലാത്ത ദുർബ്ബനുമാകുന്നു. [തഹ്ദീബുത്തഹ്ദീബ്.)'

'തുഹ്ഫത്തുൽ അഹ്വദി' 45/282ലും 'അസ്സ്വിയാനത്ത്' 131ലും അതുപോലെ മററു പല ഹദീസു ഗ്രന്ഥങ്ങളിലും മേൽ ഉദ്ധരിച്ച അബുജഅഫറുൽ റാസിത്തമീമിയെ സംബന്ധിച്ച് വിവരിച്ചിട്ടുണ്ട്. അദ്ദേഹം 'ഈസബ്നഅബീഈസാ അബ്ദില്ലാഹിബ്നമാഹാൻ' (عيسى بن ابى عيسى عبدالله بن ماهان) എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇദ്ദേഹം ഓർമ്മ ശക്തി മോശപ്പെട്ട ( سيئ الحفظ ) വ്യക്തിയാണെന്നും അതുകൊണ്ട് അദ്ദേഹത്തിൻെറ റിപ്പോർട്ട് വിശ്വസനീയമല്ലെന്നും ബഹുഭൂരിപക്ഷം ഹദീസു പണ്ഡിതൻമാരും അഭിപ്രായപ്പെടുന്നു.

അബൂദാവൂദു, അഹ്മദു, ബൈഹഖി, ഹാകിം (റ) എന്നീ ഹദീസു് പണ്ഡിതൻമാരുടെ അഭിപ്രായം ഇദ്ദേഹം 'അബൂജ അഫറിൽ ഖത്ത്മീ' ആണെന്നാകുന്നു. അദ്ദേഹം വിശ്വസ്തനാണ് പക്ഷെ, ഇതു അദ്ദേഹം തന്നെയാണെന്നു ഉറപ്പില്ലല്ലോ.

ഏതായാലും അന്ധൻെറ സംഭവം വിവരിക്കുന്ന ഈ ഹദീസ്, അതിൻെറ നിവേദനത്തിൻെറ വശത്തിലൂടെ നോക്കിയാലും സ്വീകാര്യയോഗ്യമായ ഒരവസ്ഥ അതിനില്ലെന്നു കാണാവുന്നതാണ്. അഥവ സ്വീകാര്യയോഗ്യമാണെന്നുവെച്ചാൽ തന്നെയും ഇടതേട്ടത്തിന്നു അതൊരിക്കലും തെളിവാകുന്നില്ല.

## ചോദിക്കുന്നവരുടെ ഹഖ്ഖ്

ഇടതേട്ടത്തിന്നു തെളിവായി തൽപരകക്ഷികളുദ്ധരിക്കുന്ന ഒരു ഹദീസാണ് അബുസഈദിൽ ഖുദ്രി (റ)വിൽനിന്ന് ഇമാം ഇബ്നുമാജ(റ) നിവേദനം ചെയ്യുന്നത്. പ്രസ്തുത ഹദീസു താഴെ ഉദ്ധരിക്കുന്നു.

حدّثنا محمد بن زيد بن ابراهيم التسترى ، ثنا الفضل بن الموفق ابو الجهيم ، ثنا فضيل بن مرزوق عن عطية عن ابى سعيد الخدرى رضى قال قال رسول الله صلعم خرج رجل من بيته الى الصّلوة فقال اللهم انّى اسئلك بحق السّائلين عليك وبحق ممشاوى فانى لم اخرج اشرا ولا بطرا ولا رياء ولا سمعة خرجت اتقاء سخطك وابتغاء مرضاتك اسئلك ان تنقذنى

من النّار اغفرلی ذنوبی انّه لا یغفرا لذنوب الا انت الا وکل الله به سبعین الف ملك یستغفرون له واقبل الله عزوجل بوجهه حتی یفرغ من صلاته (ابن ماجه ج ۱ ص ۲٦۲ باب المساجد

അബൂസഈദിൽ ഖുദ്രി [റ] യിൽനിന്ന് നിവേദനം: നബി (സ) പറഞ്ഞു-ഒരാം നമസ്ക്കാരത്തിന്ന വേണ്ടി വീട്ടിൽനിന്ന പുറപ്പെടുകയും ഈ നിലക്ക് പ്രാർത്ഥിക്കുകയുമാണെങ്കിൽ അവന്നുവേണ്ടി പൊറുക്കലിനെ തേടുന്ന എഴുപതിനായിരം മലക്കുകളെ അല്ലാഹു ഭരമേൽപിക്കുകയും നമസ്ക്കാരത്തിൽ നിന്നു അവൻ പിരിയുന്നതുവരെ അല്ലാഹു അവന്നുനേരെ മുഖം തിരിക്കുകയും ചെയ്യുന്നു. —'അല്ലാഹുവേ ചോദിക്കുന്നവർക്ക് നിൻെറമേലുള്ള അവകാശംകൊണ്ടും എൻെറ ഈ നടത്തത്തിൻെറ അവകാശം കൊണ്ടും ഞാൻ നിന്നോട് ചോദിക്കുന്നു; അഹങ്കാരത്താലോ ദുരഭിമാനത്താലോ പേരിനും പെരുമക്കും വേണ്ടിയോ പുറപ്പെട്ടതല്ല ഞാൻ. നിൻെറ കോപത്തെ ഭയന്നും, നിൻെറ പ്രീതി ആഗ്രഹിച്ചുമാണ്. നരകത്തിൽനിന്ന നീ എന്നെ രക്ഷിക്കുകയും എൻെറ പാപങ്ങാം പൊറുത്തുതരികയും ചെയ്യേണമേ, നീയല്ലാതെ പാപം പൊറുക്കാൻ മററാരുമില്ല തന്നെ.'

ഈ ഹദീസിൽ 'ചോദിക്കുന്നവരുടെ ഹഖ്' (അവകാശം) 'എൻെറ നടത്തത്തിൻെറ ഹഖ്' എന്നിങ്ങനെ രണ്ട് 'ഹഖു' കാം പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ഇടതേട്ടത്തിനു ഈ ഹദീസു ഒരു തെളി

വായി ഉദ്ധരിക്കുന്നത്. എന്നാൽ, ഈ ഹദീസിനെ സംബന്ധിച്ചു ഹദീസു പണ്ഡിതൻമാർ രേഖപ്പെടുത്തിയ അഭിപ്രായങ്ങൾ ആദ്യം പരിശോധിക്കാം.

തെളിവിനു കൊള്ളാത്ത ബലഹീനം (ضعيف) എന്നാണ് ഈ ഹദീസിനെ സംബന്ധിച്ച അവരുടെ പൊതു അഭിപ്രായം. ഇതിന്റെ നിവേദന പരമ്പരയിൽ 'അത്വിയ്യത്തുബ്നു സഅ് ദിൽഔഫീ' (عطيه بن سعيد العوفى) എന്ന ഒരു റിപ്പോർട്ടറുണ്ട്. അദ്ദേഹത്തെക്കുറിച്ചു ഇമാം ദഹബീ, അഹമ്മദുബ്നുഹമ്പൽ, നസാഈ (റ) തുടങ്ങിയവർ ബലഹീനനെന്നു (ضعيف) അഭിപ്രായപ്പെടുന്നു. നിവേദക പരമ്പരകളിലെ റിപ്പോർട്ടർമാരെ മാററി ഹദീസുദ്ധരിക്കുന്ന അനഭിമതനായ 'ശീയാ' വിശ്വാസിയാണ് അദ്ദേഹമെന്നാണ് ഇബ്നുഹജറുൽ അസ്ഖലാനി അഭിപ്രായപ്പെടുന്നത്.

قال الذّهبى ضعيف ، عن ابن عباس وابى سعيد وابن عمر،

قال احمد : ضعيف الحديث ، قال النسائى : ضعيف قال ابن

حجر : صدوق يخطئ كثيرا شيعى مدلس قال أبو حاتم : فى

القلب من عطية شيئ . قال البيهقى عطية العوفى لا يحتج به .

قال المنذرى : عطية ضعيف الحديث كما فى صيانه الانسان

ص ١٠٢ - ١٠٣

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ: (റ) ഈ ഹദീസിനെക്കുറിച്ചു ഇങ്ങനെ പ്രസ്താവിക്കുന്നു.

وهو ضعيف باجماع اهل العلم ( التوسل والوسيلة ١٠٦ )

'ഈ ഹദീസു ബലഹീനമാണെന്നതിൽ ഹദീസ പണ്ഡിതൻമാരെല്ലാം ഏകോപിച്ചിരിക്കുന്നു' കൂടാതെ ഈ ഹദീസിൻെറ നിവേദകരിൽപ്പെട്ട فضل بن موفق ، فضل بن مرزوق എന്നിവർ ഹദീസ പണ്ഡിതന്മാരുടെ വിമർശനങ്ങൾക്ക് വിധേയരായിട്ടുള്ളവരുമാണ്.

അബൂബക്കറുബ്നസ്സുന്നീ തൻെറ عمل اليوم والليل എന്ന ഗ്രന്ഥത്തിൽ ഈ ഹദീസിൻെറ ആശയമടങ്ങുന്ന മറെറാരു റിപ്പോർട്ട് ഉദ്ധരിക്കുന്നുണ്ട്. പ്രസ്തുത പരമ്പരയിൽ മേൽ പറഞ്ഞ ബലഹീനനായ 'അത്വിയ്യത്തുബ്നുസഈദ്' ഉൾപ്പെടുന്നില്ലെന്നു ചിലർ വാദിക്കാറുണ്ട്. ആ റിപ്പോർട്ട് ഇങ്ങനെയാണ്:

حدثنا ابن متبع ، ثنا الحسن بن عرفة . ثنا على بن ثابت الجورى عن الوزاع بن نافع العقيلي عن ابن سلمة بن عبد الرحمن عن جابر بن عبد الله عن بلال مؤذن رسول الله صلعم قال : كان رسول الله صلعم اذا خرج الى الصلوة قال بسم الله آمنت بالله توكلت على الله لا حول ولا قوة الا بالله اللهم بحق السائلين

عليك وبحق مخرجي هذا فانّي لم اخرج اشرا ولا رياء ولا سمعة خرجت ابتغاء مرضاتك واتقاء سخطك اسئلك ان تعيذني من النّار وتدخلني الجنة

‘നബി (സ) യുടെ ബാങ്കുകാരനായ ബിലാൽ (റ) വിൽനിന്നു നിവേദനം: നബി (സ) നമസ്കാരത്തിന്നു വേണ്ടി പുറപ്പെടുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു’. അല്ലാഹുവിന്റെ പേരിൽ, അല്ലാഹുവിൽ ഞാൻ വിശ്വസിക്കുന്നു; അവങ്കൽ ഭരമേല്പിക്കുന്നു; അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല. അല്ലാഹുവേ ചോദിക്കുന്നവർക്ക് നിന്റെ മേലുള്ള അവകാശംകൊണ്ടും എന്റെ ഈ പുറപ്പെടലിന്റെ അവകാശംകൊണ്ടും—എന്തുകൊണ്ടെന്നാൽ, അഹങ്കാരത്തോടെയോ പേരിന്നും പെരുമക്കും വേണ്ടിയോ ഞാൻ പുറപ്പെട്ടില്ല; നിന്റെ പ്രീതിയെ മോഹിച്ചും കോപത്തെ ഭയന്നുമാണ് ഞാൻ പുറപ്പെട്ടിരിക്കുന്നത്. എന്നെ നരകത്തിൽനിന്ന് രക്ഷിക്കണമെന്നും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമെന്നും ഞാൻ നിന്നോടപേക്ഷിക്കുന്നു.’

ഈ ഹദീസിനെക്കുറിച്ച് പ്രസിദ്ധ പണ്ഡിതൻമാർ രേഖപ്പെടുത്തിയ അഭിപ്രായങ്ങൾ അവരുടെ വാചകങ്ങളിൽതന്നെ കാണുക.

الامام النووي: هذا الحديث ضعيف تفرد به الوازع وهو متفق على ضعفه وانه منكرا لحديث (الاذكار) قال ابن معين

واحمد ليس بثقه وقال النسائی متروك وقال ابو حاتم: منكر الحديث، وقال البخاری : منكر الحديث وقال ابن عدی:-احاديثه كلها غير محفوظة وقال الدّارقطنی والهيثمی: ضعيف، وقال الحافظ هذا حديث واه كما فی الصيانه.

‘ഇമാം നവവി (റ):-ഈ ഹദീസു ദുർബ്ബലമാണ്. ഇതിന്റെ പരമ്പരയിലെ ‘വാസിള്’’ എന്ന വ്യക്തിയെക്കുറിച്ചു ദാറുഖുത്നിയുടെ അഭിപ്രായം, ഈ ഹദീസിന്റെ ഉദ്ധാരണത്തിൽ അദ്ദേഹം ഒററപ്പെട്ടിരിക്കുന്നുവെന്നും, അദ്ദേഹം ബലഹീനനാണെന്ന കാര്യത്തിൽ ഏകാഭിപ്രായമുണ്ടെന്നും അസ്വീകാര്യനാണെന്നുമൊക്കെയാണ്. ബുഖാരി, അബൂഹാത്തം, നസാഈ, ഹാക്കിം,.... തുടങ്ങിയവരും അദ്ദേഹം അസ്വീകാര്യനും നിർമ്മിത ഹദീസുകളുദ്ധരിക്കുന്ന വ്യക്തിയാണെന്നും അഭിപ്രായപ്പെടുന്നു.

അപ്പോൾ, ഈ ഹദീസ് ഏത് പരമ്പരയിൽകൂടി വന്നാലും സ്വീകാര്യയോഗ്യമാകുകയില്ലെന്നും, തെളിവിനു കൊള്ളുകയില്ലെന്നും വ്യക്തമാകുന്നു.

ഇനി, ഈ ഹദീസു കുററമററതും സ്വീകാര്യയോഗ്യവുമാണെന്നു വന്നാൽതന്നെയും ഇടതേട്ടത്തിന്ന് ഇതൊരു തെളിവാകുകയില്ല. എന്തുകൊണ്ടെന്നാൽ, രണ്ടു കാര്യങ്ങൾ മുൻനിർത്തിയാണ് ഈ രണ്ടു പരമ്പരകളിലൂടെ വന്ന റിപ്പോർട്ടിലും അല്ലാഹുവോട് പ്രാർത്ഥിക്കുന്നത്. ഒന്നു, ചോദിക്കുന്നവർക്ക് അല്ലാഹുവിലുള്ള അവകാശം (ഹഖ്) ഇവിടെ ‘ചോദിക്കുന്ന

വരു'ടെ കൂട്ടത്തിൽ ഈ ചോദിക്കുന്നവനും ഉൾപ്പെട്ടു
മല്ലൊ? എന്നാൽ, എന്താണ് ചോദിക്കുന്നവക്ക് അല്ലാഹു
വിലുള്ള ഹഖ്''. എന്നോട് ചോദിക്കുന്നവർക്ക് ഞാൻ
ഉത്തരം ചെയ്യാമെന്ന് അല്ലാഹു നൽകിയ വാഗ്ദാന

മാണത്. ( البقرة ) ادْعُونِي أَسْتَجِبْ لَكُمْ നി
ങ്ങൾ എന്നോട് ചോദിക്കുക, ഞാൻ നിങ്ങൾക്ക് ഉത്തരം
ചെയ്യാമെന്ന് സത്യവിശ്വാസികളെ അല്ലാഹു അറിയി
ച്ചിരിക്കുന്നു. മാത്രമല്ല, ഈ വാഗ്ദത്തം തന്റെ മേലുള്ള
സത്യവിശ്വാസികളുടെ അവകാശം (ഹഖ്) എന്ന നിലക്ക
തന്നെ അല്ലാഹു പ്രസ്താവിക്കുന്നു.

(الروم) وَكَانَ حَقًّا عَلَيْنَا نَصْرُ الْمُؤْمِنِينَ

'സത്യവിശ്വാസികളെ സഹായിക്കൽ നമ്മുടെ മേലുള്ള
ഹഖ് (ബാദ്ധ്യത)ആകുന്നു'. അപ്പോൾ, അല്ലാഹുവോട്
പ്രാർത്ഥിക്കുകയെന്ന സൽകർമ്മത്തിന്നു ഉത്തരം ചെയ്യു
കയെന്ന അല്ലാഹുവിന്റെ വാഗ്ദത്ത (ഹഖ്) മാണ് ഇ
വിടെ തവസ്സുലാക്കുന്നത്. രണ്ടാമത്തെ കാര്യം: പള്ളിയി
ലേക്ക് താൻ നടന്നുപോകുകയെന്ന പുണ്യ കർമ്മത്തിന്ന്
അല്ലാഹു നിശ്ചയിച്ച പ്രതിഫലമാണ് തന്റെ അവ
കാശമെന്ന നിലക്ക് തവസ്സുലാക്കുന്നത്. വിനയ
ത്തോടും ഭക്തിയോടുംകൂടിയാണ് താൻ ഈ കർമ്മം
നിർവ്വഹിക്കുന്നതെന്നും അല്ലാഹുവിന്റെ പ്രീതിയും
രക്ഷയും മാത്രമാണ് ഇതുകൊണ്ടുള്ള തന്റെ ലക്ഷ്യ
മെന്നും അവൻ എടുത്തു പറയുകയും ചെയ്യുന്നു. ഈ
രണ്ട സൽകർമ്മങ്ങളാണ് തവസ്സുലായി ഉന്നയിക്കുന്നത്.
എങ്കിൽ, സൽകർമ്മങ്ങൾ തവസ്സുലാക്കി അല്ലാഹുവോട്
പ്രാർത്ഥിക്കുന്നതിനെ ഇവിടെയാരും വിരോധിക്കുന്നില്ല.

ഗുഹാവാസികൾ നടത്തിയ തവസ്സുലും, അവർക്ക് ഉത്തരം കിട്ടിയ സംഭവവും നാം മുമ്പ് ഉദ്ധരിച്ചതു മാണ്. നമുക്കഭിപ്രായ വ്യത്യാസമുള്ളതും നാം കഠിന മായി നിരോധിക്കുന്നതും മരിച്ച മഹാത്മാക്കളെ ഇട യാളരാക്കി നിർത്തി അവർ മുഖേന അല്ലാഹുവോട് പ്രാർത്ഥിക്കുന്നതിനെയാണ്. എന്നാൽ ആ നില കളുള്ള തവസ്സുൽ അനുവദനീയമാണെന്നതിനു ഈ ഹദീസു-ഇതു ഹദീസാണെന്നു സമ്മതിച്ചാലും, ഒരു തെളിവാകുന്നില്ല.

## ആരോപണം—ആദം നബിയുടെ പേരിലും

മനുഷ്യ വംശത്തിൻെറ ആദ്യ പിതാവും മാതാവു മായ ആദം (അ) മും ഹവ്വാഉ് (റ) യും സ്വർഗ്ഗത്തിൽ താമസിക്കാൻ പോകുന്ന സമയം, അല്ലാഹു അവരോടു പറഞ്ഞു: യഥേഷ്ടം തിന്നും കുടിച്ചും നിങ്ങളിവിടെ കഴിഞ്ഞുകൊള്ളുക; പക്ഷെ, ഈ മരത്തെ നിങ്ങൾ സമീപിക്കുകപോലും ചെയ്യരുത്. സമീപിക്കുകയാ ണെങ്കിൽ നിങ്ങൾ അക്രമികളിൽപെട്ടു പോകും. എന്നാൽ പിശാചിൻെറ ദുർബോധനത്തിൽപെട്ട, അവർ വിലക്കപ്പെട്ട മരത്തിൻെറ പഴം ഭക്ഷിച്ചു. അതോടെ, അല്ലാഹുവിൻെറ കൽപന ലംഘിച്ചു എന്ന നിലക്ക് അവർ കുററക്കാരും അക്രമികളുമായി. വിശുദ്ധ ഖുർ ആനിൽ പല സ്ഥലങ്ങളിലും ആവർത്തിച്ചു പറഞ്ഞ ഈ സംഭവം മുസ്ലിംകൾക്ക് മുഴുവൻ അറിയാവുന്ന താണ്. അതുപോലെ, ചെയ്തു പോയ തെററു പൊറുത്ത് കിട്ടാൻ, അല്ലാഹു ആദമിനു നിർദ്ദേശിച്ചു കൊടുത്ത പരിഹാര മാർഗ്ഗവും പരിശുദ്ധ ഖുർ ആനിൽ വ്യക്തമാക്കുന്നു.

فَتَلَقَّى آدَمُ مِنْ رَبِّهِ كَلِمَاتٍ فَتَابَ عَلَيْهِ إِنَّهُ هُوَ التَّوَّابُ الرَّحِيمُ ( البقرة )

'ആദം തന്റെ രക്ഷിതാവിൽ നിന്നു ചില വചനങ്ങൾ സ്വീകരിച്ചു (പശ്ചാത്തപിച്ചപ്പോൾ) ആ പശ്ചാത്താപം അല്ലാഹു സ്വീകരിച്ചു. തീർച്ചയായും അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാ നിധിയുമാകുന്നു'. (അൽബഖറ:)

അല്ലാഹുവിൽ നിന്ന് ചില വചനങ്ങൾ സ്വീകരിച്ചു പശ്ചാത്തപിക്കുക വഴി ആദമിന്റെ പാപം പൊറുക്കപ്പെട്ടു എന്ന് ഖുർആൻ വ്യക്തമാക്കി. ആ വചനങ്ങൾ എന്തായിരുന്നുവെന്നും ഖുർആൻതന്നെ വ്യക്തമാക്കുന്നു.

رَبَّنَا ظَلَمْنَا أَنْفُسَنَا وَإِنْ لَمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ (الاعراف)

'ഞങ്ങളുടെ നാഥാ, ഞങ്ങൾ ഞങ്ങളോടുതന്നെ അക്രമം പ്രവർത്തിച്ചിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തു തരികയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യുന്നില്ലെങ്കിൽ, തീർച്ചയായും ഞങ്ങൾ നഷ്ടക്കാരിൽപ്പെടുകതന്നെ ചെയ്യും' (അഅ്റാഫ്) ഇതായിരുന്നു ആ വചനങ്ങൾ. അല്ലാഹു പഠിപ്പിച്ചു കൊടുക്കുകയും ആദം (അ) ഏററു പറയുകയും ചെയ്ത ഈ വചനങ്ങൾ മൂലമാണ് ആദമിന്റെ പാപം പൊറുക്കപ്പെട്ടതും. വിശദീകരണം ആവശ്യമില്ലാത്ത വിധം ഖുർആൻ അതു വ്യക്തമാക്കിയിരിക്കയാണ്.

തെററു ചെയ്തു പോകുക മനുഷ്യ സഹജമാണെന്നും, അങ്ങനെ സംഭവിക്കുന്ന തെററുകൾ പൊറുപ്പിക്കാനുള്ള മാർഗ്ഗം തെററു സമ്മതിച്ചും ഖേദിച്ചും അല്ലാഹുവോടു നേരിട്ടു പ്രാർത്ഥിക്കുകയാണെന്നുമുള്ള ഒരു പാഠം ഈ സംഭവം മുഖേനെ അല്ലാഹു മനുഷ്യന്നു ചൂണ്ടിക്കാട്ടുകയാണ്. എന്നാൽ, ആദം (അ) ന്റെ പാപവും ഇടതേട്ടവും [തവസ്സുൽ] തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു, അതു സംബന്ധിച്ചു വന്ന മേലുദ്ധരിച്ച ഖുർആൻ വചനങ്ങളിൽ നിന്നു മനസ്സിലാക്കാവുന്നതാണ്.

എന്നാൽ, ഒരു സംശയത്തിനും പഴുതില്ലാത്തവിധം പരിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായി വിവരിച്ച ഈ സംഭവം ദുർ വ്യാഖ്യാനം ചെയ്യുകയും ഇടതേട്ടത്തിന്നു തെളിവായി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. അതിന്നു വേണ്ടി ഒരു കള്ളക്കഥ പടച്ചുണ്ടാക്കുകയും ചെയ്തിരിക്കുന്നു. 'അന്ത്യ പ്രവാചകനായ മുഹമ്മദു നബി [സ] ന്റെ 'ഹഖ്'' കൊണ്ട് ഇട തേടിയതു കൊണ്ടാണത്രെ ആദം (അ) ന്റെ പാപം പൊറുക്കപ്പെട്ടത്''. ഹദീസിന്റെ രൂപവും ഭാവവും നൽകിയാണ് പ്രസ്തുത കഥ അവതരിപ്പിക്കുന്നത്.

حدثنا ابو سعيد عمر بن محمد بن منصور العدل ثنا ابو الحسن

محمد بن اسحق بن ابراهيم ، الحنظلى ، ثنا ابو الحارث عبدالله بن

مسلم الفهرى ، ثنا اسمعيل بن مسلمة ، انبأنا عبدالرحمن بن زيد

بن اسلم عن ابيه عن جده عن عمر بن الخطاب (رضـ) قال قال

رسول الله صلّى الله عليه وسلّم لما قترف آدم الخطيئة قال يارب بحق محمد لماغفرت لى فقال الله يا آدم وكيف عرفت محمدا ولم اخلقه قال يا رب لا نك لما خلقتنى بيدك ونفخت فى من روحك رفعت رأسى فرأيت على قوائم العرش مكتوبا لا اله الا الله محمد رسول الله فعلمت انك لم تضف الى اسمك الا احب الخلق اليك فقال الله صدقت يا آدم انه لاحب الخلق الى ادعنى بحقه فقد غفرت لك ولو لا محمد ما خلقتك (هذا حديث صحيح الاسناد وهواول حديث ذكرته لعبد الرحمن بن زيد بن اسلم فى هذا الكتاب (الحاكم ٦١٥-٢)

'നബി (സ) പറഞ്ഞതായി ഉമർ (റ) വിൽ നിന്നു ഹാക്കിം ഉദ്ധരിക്കുന്നു. ആദം (അ) പാപം ചെയ്തപ്പോൾ പറഞ്ഞു; എന്റെ രക്ഷിതാവേ, മുഹമ്മദു നബി യുടെ ഹഖ്കൊണ്ടു ഞാൻ നിന്നോട് ചോദിക്കുന്നു_ നീ എനിക്ക പൊറുത്തു തരികതന്നെ വേണം! അപ്പോൾ അല്ലാഹു പറഞ്ഞു: ആദമേ, നീ എങ്ങനെ മുഹമ്മദിനെ ക്കുറിച്ചു മനസ്സിലാക്കി ഞാനവനെ സൃഷ്ടിച്ചിട്ടു കൂടി യില്ലല്ലോ? ആദം പറഞ്ഞു: നാഥാ നീ എന്നെ നിന്റെ കൈകളാൽ സൃഷ്ടിക്കുകയും, എന്നിൽ നിന്റെ ജീവ നിൽ നിന്നു ഊതുകയും ചെയ്തപ്പോൾ, ഞാൻ തല യുയർത്തി മേലോട്ടു നോക്കി. അപ്പോൾ, നിന്റെ സിംഹാസനത്തിന്റെ കാലുകളിൽ നിന്റെ തിരുനാമ

ത്തോടൊപ്പം മുഹമ്മദിൻെറ പേരും ചേർത്തെഴുതപ്പെട്ടതു കണ്ടു. ( لا اله الا الله محمد رسول الله ) അതിൽ നിന്നു, സൃഷ്ടികളിൽ നിനക്കേററവും പ്രിയപ്പെട്ടവൻ മുഹമ്മദാണെന്നു ഞാൻ മനസ്സിലാക്കി. അല്ലാഹു പറഞ്ഞു: ആദമെ, സത്യമാണ് നീ പറഞ്ഞത്. മുഹമ്മദു എനിക്കേററവും ഇഷ്ടപ്പെട്ടവൻ തന്നെ. അദ്ദേഹത്തിൻെറ ഹഖ്കൊണ്ടു നീ എന്നോടു പ്രാർത്ഥിക്കുക. ഞാൻ നിനക്ക് പൊറുത്തു തരികതന്നെ ചെയ്യും. മുഹമ്മദുണ്ടായിരുന്നില്ലെങ്കിൽ, ഞാൻ നിന്നെതന്നെ സൃഷ്ടിക്കുമായിരുന്നില്ല'. [ഹാക്കിം]

ആദം (അ) ചെയ്ത പാപം അല്ലാഹു പൊറുത്തു കൊടുത്ത സംഭവത്തെക്കുറിച്ചുള്ള പരിശുദ്ധ ഖുർആൻെറ വിശദീകരണത്തിന്നു കടക വിരുദ്ധമാണ്, കേവലം ആരുടേയോ ഭാവനാ സൃഷ്ടിയായ ഈ കഥയെന്നു ഒററ നോട്ടത്തിൽ തന്നെ ആർക്കും കാണാം. അതുകൊണ്ടു തന്നെ ഇതു മുഖ വിലക്കു തള്ളപ്പെടാൻ അർഹമാണ്. ഒരു ഹദീസിൻെറ റിപ്പോർട്ടർമാർ എത്രയും പരിശുദ്ധരും സത്യസന്ധരുമായിരുന്നാൽപോലും, അതിലെ ആശയം ഖുർആൻെറ വ്യക്തമായ പ്രസ്താവനക്കെതിരായി വരുമ്പോാം ആ ഹദീസു തള്ളിക്കളയണമെന്ന കാര്യത്തിൽ മുസ്ലിം പണ്ഡിതൻമാക്കിടയിൽ അഭിപ്രായ വ്യത്യാസമില്ല. ഇനി, റിപ്പോർട്ടർമാർ അറിയപ്പെടാത്തവരും അവിശ്വസനീയരുമാണെങ്കിൽ അതു ഹദീസ് എന്ന പേരിനുപോലും അർഹമാകുകയുമില്ല.

എന്നാൽ, ഉമർ (റ) വിൽ നിന്നു ഹാകിം ഉദ്ധരിച്ച മേൽ ഹദീസിൻെറ റിപ്പോർട്ടർമാരിൽ മിക്കവരും വിശ്വാസയോഗ്യരല്ലെന്നും, ഇതൊരു കെട്ടു കഥയാണെന്നും

ഹദീസു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. സ്വഹീഹാണെന്നു ഹാകിം അവകാശപ്പെടുന്നുണ്ടെങ്കിലും ഇതിന്റെ റിപ്പോർട്ടർമാരിൽ പലരും അയോഗ്യരാണെന്നു ഹാകിം തന്നെ മററു സന്ദർഭങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്. റിപ്പോർട്ടർമാരിലൊരാളായ 'അബ്ദുറഹ്മാനുബ്നു സൈദി'നെ ബലഹീനനെന്നും കള്ള ഹദീസു റിപ്പോർട്ടു ചെയ്യുന്ന ആളാണെന്നും المدخل എന്ന ഗ്രന്ഥത്തിൽ ഹാകിം പറയുന്നു. എങ്കിൽ പിന്നെ, ഇത് സ്വഹീഹാണെന്ന ഹാക്കിമിന്റെ അവകാശവാദത്തിന്നും നിലനിൽപ്പില്ലാതാവുന്നു. മാത്രമല്ല; ഈ ഹദീസു സ്വഹീഹാണെന്നു അഭിപ്രായപ്പെട്ടതിന്റെ പേരിൽ ഹദീസു പണ്ഡിതൻമാർ ഹാക്കിമിനെ കുറപ്പെടുത്തുകയും വിമർശിക്കുകയും ചെയ്തിരിക്കുന്നു.

ഇമാം 'ദഹബീ' പറയുന്നതു ഈ ഹദീസു ആരോ കെട്ടിയുണ്ടാക്കിയതും, അതിലെ ഒരു റിപ്പോർട്ടർ-അബ്ദുറഹ്മാനുബ്നു സൈദു—അത്യന്തം ബലഹീനനാണെന്നുമാണ്.

(بل هو موضوع و عبد الرحمن واه - التعليق على الحاكم ٢-٦٥)

ഇമാം അഹമദുബ്നു ഹമ്പൽ, അബൂസുർഅത്ത്, അബൂഹാത്തിം, നസാഈ, ദാറുഖുത്ത്നീ (റ) തുടങ്ങിയ ഹദീസ് ശാസ്ത്ര വിശാരദന്മാരെല്ലാം ഇതിലെ അബ്ദുറഹ്മാനെന്ന റിപ്പോർട്ടറെ 'ബലഹീനനാക്കി തള്ളിക്കളഞ്ഞിരിക്കുകയാണ്', ആശയപരമായി പരിശുദ്ധ ഖുർആന്റെ വിവരണത്തിന്നു വിരുദ്ധവും, അതുകൊണ്ടു തന്നെ തള്ളപ്പെടാനർഹവുമായ ഈ ഹദീസ്, സനദിന്റെ

അടിസ്ഥാനത്തിലും അസ്വീകാര്യവും കള്ളവുമാണെന്ന വന്നിരിക്കുന്നു!

ആദം നബി (അ) ന്റെ പാപമോചനവുമായി ബന്ധപ്പെടുത്തി നിർമ്മിക്കപ്പെട്ട കള്ള ഹദീസുകൾ ഇനിയുമുണ്ട് ധാരാളം. ഉദാഹരണത്തിന്ന ഇബ്നു അബ്ബാസു (റ) വിൽ നിന്നുദ്ധരിക്കപ്പെടുന്ന ഒരു ഹദീസ് ഇങ്ങനെ കാണാം:

عن ابن عباس (رضى) قال سألت النّبى صلعم عن الكلمات التى تلقيها آدم من ربه قال سأل بحق محمد وعلى وفاطمة والحسن والحسـين الا تبت على فتيب عـليه. (صيانة الانسـان نقلا عن الدّررالسّنيّة)

'പാപ മോചനത്തിന്നുവേണ്ടി അല്ലാഹുവിൽ നിന്ന ആദം ഏറ്റെടുത്ത വചനങ്ങളേതാണെന്ന ഇബ്നു അബ്ബാസ് (റ) നബി (സ) യോടന്വേഷിച്ചു. തിരുമേനി പറഞ്ഞു: മുഹമ്മദ് അലി, ഫാത്തിമ, ഹസൻ, ഹുസൈൻ എന്നിവരുടെ ഹഖ് കൊണ്ട് എന്റെ പാപം നീ പൊറുക്കാതെ പററുകയില്ലെന്ന ആദം അല്ലാഹുവോടു പറയുകയും അങ്ങനെ അല്ലാഹു ആദമിന്നു പൊറുത്തുകൊടുക്കുകയും ചെയ്തു!' ഇമാം ദാറുഖുത്നി (الامام الدارقطنى) ഈ ഹദീസ് അംറുബ്നുസാബിത്ത് (عمر بن ثابت) ലൂടെ മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും അദ്ദേഹത്തെ സംബന്ധിച്ചു കള്ള ഹദീസുകൾ റിപ്പോർട്ട് ചെയ്യുന്ന വ്യക്തിയാണെന്നു ഇബ്നുനു ഹി

ഇബ്നു ഹിബ്ബാൻ (ابن حبان) പ്രസ്താവിച്ചിട്ടുണ്ടെന്നു പറഞ്ഞിരിക്കുന്നു.

يحى : لا ثقة ولا مؤمون. ابن حبان : يروى الموضوعات.

ابن معين ليس بشـــيئ - النسائى : متروك الحديث ابو داود :

رافضى - البخارى ليس بالقوى عندهم.

ഈ ഹദീസിന്റെ നിർമ്മാതാക്കൾ 'ശിയാക്കളാ ണെന്നു പ്രത്യേകം പറയേണ്ടതില്ല. ശിയാക്കളാകട്ടെ, ഇസ്ലാമിന്റെ കഠിന ശത്രുക്കളായ ജൂതൻമാർ ജന്മം നൽകിയ പാർട്ടിയും.

ഏതായാലും, മുഹമ്മദു നബി(സ)ന്റെ ഹഖ്കൊ ണ്ട് ഇടതേടിയതിനാലാണ് ആദമിന്റെ പാപം പൊറു ക്കപ്പെട്ടതെന്ന കഥ ആരുടേയോ ഭാവനാ സൃഷ്ടിയാ ണെന്നും, ഖുർആനിന്റെ വിവരണത്തിന്നു വിരുദ്ധമാ ണെന്നും, ഇതിൽ നിന്നെല്ലാം മനസ്സിലാക്കാൻ കഴിയുന്നു. എങ്കിൽ, 'രൂപം തിരിഞ്ഞു കാണുന്ന ദേവാതൃക്കളെന്ന തടികളെ' കൊണ്ടുള്ള ഇടതേട്ടത്തിന്നു മാത്രമല്ല; ഹഖ് കൊണ്ടും ജാഹ് കൊണ്ടും മററുമുള്ള ഇടതേട്ടങ്ങൾക്കും അടിസ്ഥാനമില്ലെന്നു ഗ്രഹിക്കാവുന്നതാകുന്നു.

## 'ഹഖ്' കൊണ്ടുള്ള മറെറാരു ഇടതേട്ടം

നബി (സ) ന്റെ പോററുമ്മയും അലി (റ) വിന്റെ പോററുമ്മയുമായ ഫാത്തിമാ മരിച്ചപ്പോൾ തിരുമേനി (സ), അവരുടെ ഖബറിൽ കിടക്കുകയും, തന്റേയും

പൂർവ്വികരായ മററു പ്രവാചകരുടേയും ഹഖ്കൊണ്ട് ഇടതേടുകയും ചെയ്തതായി മറെറാരു കഥ റിപ്പോർട്ട് ചെയ്യുന്നു:

عن انس بن مالك (رضى) قال لما ماتت فاطمة بنت اسد بن هشام ام على (رضى) دعا اسامة بن زيد وابا ايوب الانصارى وعمر بن الخطاب وغلاما اسود يحفرون فلما فرغ دخل رسول الله صلى الله عليه وسلم فاضطجع فيه فقال : الله الذى يحيى ويميت وهو حى لا يموت اغفر لامى فاطمة بنت اسد ولقنها حجتها ووسع مدخلها بحق نبيك والانبياء الذين من قبلى فانك ارحم الراحمين (الطبرانى)

'അനസുബ്നു മാലിക് (റ)വിൽ നിന്നു നിവേദനം. അലി (റ) വിൻെറ മാതാവും അസദിൻെറ മകളുമായ ഫാത്തിമ: മരണപ്പെട്ടപ്പോൾ, നബി (സ) ഉസാമത്ത് ബ്നു സൈദ്, അബൂ അയ്യൂബിൽ അൻസാരീ, ഉമറുബ്നുൽ ഖത്താബ്, കറുത്ത ഒരടിമ ബാലൻ എന്നിവരെ വിളിച്ചു ഖബർ കഴിക്കാൻ കൽപ്പിച്ചു. 'ഖബർ' പൂർത്തിയായപ്പോൾ തിരുമേനി (സ) അതിലിറങ്ങി ചെരിഞ്ഞു കിടന്നുകൊണ്ടു ഇങ്ങനെ പ്രാർത്ഥിച്ചു. ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാണ് അല്ലാഹു. അവൻ ഒരിക്കലും മരിക്കാത്ത, എന്നും ജീവിച്ചിരിക്കുന്നവനാകുന്നു. എൻെറ മാതാവ്, അസദിൻെറ മകൾ ഫാത്തിമക്ക് നീ പൊറുത്തു കൊടുക്കേണമേ.

അവർക്ക് നീ തെളിവ് ചൊല്ലിക്കൊടുക്കുകയും, അവരുടെ ഈ പ്രവേശന സ്ഥലം (ഖബർ) വിശാലപ്പെടുത്തുകയും ചെയ്യേണമേ—നിന്റെ നബിയുടെ ഹഖ് കൊണ്ടും പൂർവ്വികരായ നബിമാരുടെ ഹഖ്കൊണ്ടും'. (ത്വബ്റാനീ)

ഈ സംഭവത്തിൽ, നബി (സ) തന്റെ ഹഖും പൂർവ്വികരായ നബിമാരുടെ ഹഖും തവസ്സുലാക്കി പ്രാർത്ഥിച്ചുവെന്നതിലാണ് ഇടതേട്ട വാദികൾ തെളിവു കണ്ടു പിടിച്ചിരിക്കുന്നത്. ഈ ഹദീസിന്റെ സ്വീകാര്യ യോഗ്യത പരിശോധിക്കുന്നതിന്നു മുമ്പ് ചില കാര്യങ്ങൾ വിശദമാക്കേണ്ടതു അത്യാവശ്യമാണെന്നു തോന്നുന്നു.

മതത്തിൽ നബി (സ) ചെയ്തുകാണിച്ച കാര്യങ്ങൾ സുന്നത്തും മുസ്ലിംകൾ അനുകരിക്കാൻ ബാധ്യതപ്പെട്ട മാതൃകകളുമാണല്ലോ? ഈ സംഭവവും നബി (സ)യുടെ ചര്യയും മാതൃകയുമായിട്ടാണ് തൽപ്പരകക്ഷികൾ എടുത്തുദ്ധരിക്കുന്നതും. എങ്കിൽ, ഓരോ മയ്യിത്തിന്നും വേണ്ടി, അവരുടെ ഖബറുകളിൽ കിടന്നു. നബിമാരുടെ ഹഖ്കൊണ്ടു ഇടതേടുന്ന സമ്പ്രദായം എന്തുകൊണ്ട് നടപ്പിൽ വന്നില്ല. അഥവാ ഇടതേട്ടക്കാർ, നബി (സ) യുടെ ഈ സുന്നത്ത് എന്തുകൊണ്ട് നടപ്പിൽ കൊണ്ടു വരുന്നില്ല? മറിച്ചു, ഖബറിന്റെ പുറത്തിരുന്നു 'തൽഖിൻ' ഓതുന്ന സമ്പ്രദായമാണ് അവരും സ്വീകരിച്ചു കാണുന്നത്. അതുപോലെ, 'കത്തപ്പുര' കെട്ടിയും കെട്ടാതെയും ഖബറുകൾക്ക് മേലെയും മയ്യിത്തിന്റെ വീടുകളിലുമിരുന്നു ഖുർആൻ ഓതി അതിന്റെ ബക്ത്ത് മരിച്ചവർക്കും, പ്രതിഫലം സ്വന്തം പോക്കററിലേക്കും ഹദ്‌യാ (ദാനം) ചെയ്യുന്ന സമ്പ്രദായം നിലനിർത്താൻ

വാശി പിടിക്കുന്നവർ എന്തുകൊണ്ട് ഈ 'തവസ്സുൽ മാതൃക' അവഗണിച്ചുകളയുന്നു? അപ്പോരം പ്രവൃത്തിയിൽ കൊണ്ടുവരാനും മാതൃകയാക്കാനും പററാത്ത ഒരു സംഭവമാണ് ഈ ഹദീസിൽ വിവരിക്കപ്പെട്ടതെന്ന് ഇടതേട്ടക്കാർക്കുതന്നെ അഭിപ്രായമുണ്ടെന്നു വരുന്നു. പക്ഷെ, ഹഖ് കൊണ്ടുള്ള ഇടതേട്ടത്തിന്നു മാത്രം ഈ സംഭവം അവർ തെളിവായുദ്ധരിക്കുകയും ചെയ്യുന്നു! ഒരു സംഭവം വിവരിച്ചു വന്ന; ഒരേ റിപ്പോർട്ടിലൂടെ വന്ന ഒരു ഹദിസിൻെറ ഒരുഭാഗം മാത്രം മാതൃകയാക്കുകയും ബാക്കിഭാഗം തള്ളിക്കളയുകയുമാണ് അവർ ചെയ്യുന്നത്! എന്തുമാത്രം വിചിത്രം?

നബി (സ) യെ പോററി വളർത്തിയ മഹതി, അലി (റ) വിൻെറ മാതാവ്; ഖുറൈശി കുടുംബത്തിലെ പ്രമുഖനായ അസദിൻെറ പുത്രി.... എന്നീ നിലകളിലെല്ലാം പ്രശസ്തിയാർജ്ജിച്ച ഒരു വീര വനിതയുടെ മയ്യിത്ത് സംസ്കരണ ചടങ്ങിൽ ധാരാളം സ്വഹാബിവര്യന്മാർ സംബന്ധിക്കുക സ്വാഭാവികമാണ്. അസാധാരണമായി നബി (സ) അവിടെ വല്ലതും ചെയ്തിരുന്നെങ്കിൽ അതൊരിക്കലും ഒററപ്പെട്ട റിപ്പോർട്ടായി വരികയല്ല. മാത്രമല്ല; താനീ ചെയ്യുന്ന അസാധാരണ സംഭവം അനുകരിക്കപ്പെടാവതല്ലെന്നു നബി (സ) വിരോധിച്ചതായും കാണപ്പെടുന്നില്ല. എങ്കിൽ, തിരുമേനി കാണിച്ച ഈ മാതൃക സ്വഹാബത്തും, തുടർന്നു താബിഉകളും സലഫുസ്സ്വാലിഹീങ്ങളുമെല്ലാം അനുകരക്കേണ്ടതായിരുന്നു. മയ്യിത്ത് സംസ്കരണ മുറകളിൽ ഒരു സുന്നത്തായി പണ്ഡിതൻമാർ കാണേണ്ടതായിരുന്നു. മുസ്ലിംകരംക്കിടയിൽ അങ്ങനെയൊരു സമ്പ്രദായം നടപ്പിൽ വരികയും ചെയ്യേണ്ടതായിരുന്നു.

പക്ഷെ. ഒന്നുമുണ്ടായില്ല. ഒററപ്പെട്ട ഒരേയൊരു സംഭവമായി അതു നിലനിൽക്കുന്നു.

ഇനി നമുക്കു ഈ ഹദീസിൻെറ സ്വീകാര്യ യോഗ്യത കൂടി പരിശോധിക്കാം.

ഇമാം ഹൈസമി (റ) ഹദീസ് വിജ്ഞാനീയത്തിലെ പ്രസിദ്ധമായ മജ്മഉസ്സവാഇദ് (مجمع الزوائد) 9-ാം വാള്യം 607-ാം പേജിൽ പ്രസ്താവിക്കുന്നു:

رواه الطبرانى فى الكبير والا وسط وفية روح بن صلاح

وثقه ابن حبان والحاكم وفية ضعف وبقية رجاله رجال الصّحيح

'ഇമാം ത്വബ്റാനി, തൻെറ 'അൽകബീറി'ലും 'അൽ ഔസത്തി'ലും ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. ഇത് റിപ്പോർട്ടു ചെയ്തവരിൽ 'റൗഹുബ്നു സ്വലാഹ്' എന്നൊരാളുണ്ട്. ഇബ്നു ഹിബ്ബാനും ഹാക്കിമും ഇദ്ദേഹത്തെ ബലപ്പെടുത്തിട്ടുണ്ട്. പക്ഷെ, അദ്ദേഹം ബലഹീനനാണ്. മററു റിപ്പോർട്ടർമാർ യോഗ്യരാകുന്നു'.

ഹദീസു ശാസ്ത്രത്തിൽ, നിരാക്ഷേപം അംഗീകരിക്കപ്പെടുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണ് ഇമാം ദഹബി (റ)ൻെറ മീസാനുൽ ഇഅ്തിദാൽ (ميزان الاعتدال) അതിൽ പ്രസ്തുത റിപ്പോർട്ടറെക്കുറിച്ചു ഇമാം ദഹബി രേഖപ്പെടുത്തുന്നു.

ضعفه ابن عدى 'റൗഹുബ്നു സ്വലാഹ്' എന്ന പ്രസ്തുത റിപ്പോർട്ടർ ബലഹീനനായി ഇമാം അദിയ്യ് തള്ളിപ്പറിരിക്കുന്നു.'

وقال ابن يونس رويت عنه مناكير، وقال ضعيف في الحديث

(التوسل وانواعه ٩٩)

'മുൻകറായ (അജ്ഞാതമായ) ധാരാളം ഹദീസുകൾ നിവേദനം ചെയ്ത വ്യക്തിയാണ് പ്രസ്തുത റിപ്പോർട്ടർ. ഹദീസ് ഉദ്ധരിക്കുന്ന വിഷയത്തിൽ അദ്ദേഹം ദുർബലനാണെന്ന് 'ഇബ്നുയൂനുസു അഭിപ്രായപ്പെട്ടിരിക്കുന്നു.' പ്രസ്തുത റിപ്പോർട്ടറെക്കുറിച്ചു ദാറുഖുത്നിയും ഇതേ അഭിപ്രായം തന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

ആകയാൽ, തന്റെയും ഇതര പ്രവാചകൻമാരുടെയും ഹഖ് കൊണ്ടു തവസ്സുൽ ചെയ്തുവെന്നു കാണിക്കുന്ന ഈ ഹദീസു തെളിവിനു കൊള്ളുകയില്ലെന്നും, അസ്വീകാര്യമാണെന്നും ഹദീസ് ശാസ്ത്രത്തിലെ പ്രമുഖരിൽ പലരും അഭിപ്രായപ്പെടുന്നു. അതുകൊണ്ടുതന്നെയാണ്, പ്രസ്തുത ഹദീസിൽ വിവരിക്കപ്പെട്ടതുപ്രകാരമുള്ള നബിചര്യ(ഖബറിൽ ഇറങ്ങികിടന്നു, പ്രവാചകന്മാരുടെ ഹഖ് തവസ്സുലാക്കി മയ്യിത്തിന്നുവേണ്ടി പ്രാർത്ഥിക്കുന്ന സമ്പ്രദായം) മുസ്ലിംകൾക്കിടയിൽ ഒരുകാലത്തും നടപ്പിലാകാതിരുന്നതും. എന്നിട്ടും, തവസ്സുലിന്നു തെളിവായി ഈ സംഭവം തൽപ്പര കക്ഷികൾ ചൂണ്ടിക്കാണിക്കുകയാണ്!

ഇടതേട്ടത്തിന്നു തെളിവായി എടുത്തു കാണിക്കുന്ന മറ്റൊരു ഹദീസ് അബൂ ഉമാമയിൽനിന്നുദ്ധരിക്കുന്നു.

قال كان رسول الله صلى الله عليه وسلم اذا اصبح واذا امسى

دعا بهذا الدّعاء اللّهمّ انت احق من ذكروا حق من عبد اسألك

نور وجهك الذي اشرقت له السّموات والأرض وبكـــــل

حق هو لك وبحق السائلين عليك

'നബി (സ) പ്രഭാതത്തിലും പ്രദോഷത്തിലും ഇങ്ങ നെ പ്രാർത്ഥിക്കാറുണ്ടായിരുന്നു—അല്ലാഹുവേ, ആരാധിക്കപ്പെടുന്നവരിലും, അനുസ്മരിക്കപ്പെടുന്നവരിലും ഏറ്റവും അർഹനും അവകാശിയും നീയാകുന്നു. ആകാശങ്ങളും ഭൂമിയും പ്രകാശിച്ച നിന്റെ മുഖത്തിന്റെ പ്രകാശവും നിനക്ക് സ്വന്തമായുള്ള എല്ലാ അവകാശവും കൊണ്ടും, ചോദിക്കുന്നവർക്കു നിന്റെ മേലുള്ള അവകാശം കൊണ്ടും ഞാൻ നിന്നോടു ചോദിക്കുന്നു....'

ഈ ഹദീസിനെക്കുറിച്ചു ഇമാം ഹൈഥമി, തന്റെ മജ്മഉസ്സവാഇദ് (مجمع الزّوائد) എന്ന ഗ്രന്ഥത്തിൽ പറയുന്നു.

رواه الطـــبراني وفيه فضالة بن جبير وهو ضعيف مجمع

عـــلى ضعفه (١٠ - ١١٧)

ഈ ഹദീസ് ത്വബ്റാനീ ഉദ്ധരിച്ചിട്ടുണ്ട്. പക്ഷെ, അതിന്റെ നിവേദക പരമ്പരയിൽ 'ഫസാലത്തുബ്നുജുബൈർ' എന്ന ഒരു വ്യക്തിയുണ്ട്. അദ്ദേഹം ബലഹീനനാണ്. അതിൽ എല്ലാ ഹദീസു പണ്ഡിതൻമാരും ഏകോപിക്കുകയും ചെയ്തിരിക്കുന്നു.' (10-117) മാത്രമല്ല, അടിസ്ഥാനരഹിതങ്ങളായ ഹദീസുകളുദ്ധരിക്കുന്ന അദ്ദേഹത്തിന്റെ റിപ്പോർട്ടുകൾ ഒരിക്കലും സ്വീകാര്യമല്ലെന്ന് 'ഇബ്നു ഹിബ്ബാനും' ഇബ്നു അദിയ്യും അഭിപ്രായപ്പെടുന്നു.

قال ابن عدی عامة احادیثه غیر محفوظة، ابن حبان : لا یحل الاحتیاج به بحال، یروی احادیث لااصل لها - میزان الاعتدال

അപ്പോൾ, ഹഖ് കൊണ്ടും ജാഹ് കൊണ്ടുമുള്ള ഇടതേട്ടത്തിനു തന്നെയും സ്വീകാര്യയോഗ്യമായ ഒരു തെളിവും തൽപര കക്ഷികൾക്ക് ഉദ്ധരിക്കാനില്ലെന്നു മനസ്സിലാക്കാൻ കഴിയുന്നു.

## ഉസ്മാൻ (റ)വും ആവശ്യക്കാരനും

ഉസ്മാൻ (റ) വിൻെറ ഭരണ കാലത്ത്, ഒരാൾ അദ്ദേഹത്തെ സമീപിക്കുകയും തൻെറ ആവശ്യം നിവൃത്തിക്കുകയും ചെയ്ത സംഭവം റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇടതേട്ട വാദികൾ പൊക്കിക്കാണിക്കുന്ന ഒരു ഹദീസാണത്.

عن ابی امامة بن سهل بن حنیف انّ رجلا کان یختلف الی عثمان بن عفان (رضہ) فی حاجة له وکان عثمان لا یلتفت الیه ولا ینظ فی حاجته فاتی الرّحل عثمان بن حنیف فشکا الیه ذلك فقال له عثمان بن حنیف ائت المیضأة فتوضّأ ثم ائت المسجد فصل رکعتین ثم قل : اللهم انی اسألك واتوجه الیك بنبیّنا محمد نبیّ الرّحمة یا محمد انی اتوجه بك الی ربّی فیقضی لی حاجتی ثم اذکر حاجتك ثم رح حتی اروح معك

فانطلق الرّجل فصنع ذالك ثم اتى بعد عثمان بن عفان فجاء البوّاب فاخذ بيده فادخله على عثمان فاجلسه معه على الطنفسة وقال انظر ما كانت لك من حاجة فذكر حاجته فقضاها له ثم انّ الرجل خرج من عنده فاتى عثمان بن حنيف فقال جزاك الله خيرا ما كان ينظر الى حاجتى ولا يلتفت الى حتى كلمته فى فقال عثمان بن حنيف ما كلمته ولكن سمعت رسول الله صلى الله عليه وسلم يقول وجاءه ضرير وشكا اليه ذهاب بصره فقال له النبىّ صلى الله عليه وسلم او تصبر فقال له يا رسول الله ليس لى قائد وقد شق على فقال ائت الميضأة فتوضأ ثم صل ركعتين ثم قل اللهم انى اسألك واتوجه اليك بنبيّك محمد نبىّ الرّحمة يا محمد انى اتوجه الى ربى فيجلى لى عن بصرى اللهم فشفعه فى وشفعنى فى نفسى قال عثمان بن حنيف فوالله طال بنا الحديث حتى دخل علينا الرّجل كانه لم يكن ضرقط .

'ഒരാരം, തൻെറയൊരു പ്രശ്നം പരിഹരിച്ചു കിട്ടാൻവേണ്ടി ഉസ്മാനുബ്നു അഫാൻ (റ) വിനെ വീണ്ടും വീണ്ടും സമീപിക്കുകയുണ്ടായി. എന്നാൽ, ഉസ്മാനുബ്നു അഫാൻ അദ്ദേഹത്തിന്നു നേരെ തിരി ഞ്ഞു നോക്കുകയോ അയാളുടെ ആവശ്യം ശ്രദ്ധിക്കുകയോ

ചെയ്തില്ല. അങ്ങനെ അദ്ദേഹം ഉസ്മാനുബ്നു ഹനീഫ് (റ) വിനെ കാണുകയും അക്കാര്യം ആവലാതിപ്പെടുകയും ചെയ്തു. തുടർന്ന്, ഉസ്മാനുബ്നു ഹനീഫ് അദ്ദേഹത്തെ ഇങ്ങനെ ഉപദേശിച്ചു: നീ 'വുസൂ' എടുത്തു പള്ളിയിൽപോയി രണ്ടു റകഅത്ത് നമസ്കരിച്ചു ഇങ്ങനെ പ്രാർത്ഥിക്കുക-അല്ലാഹുവേ, ഞാനിതാ നിന്നോടു ചോദിക്കുന്നു. കരുണയുടെ പ്രവാചകനായ ഞങ്ങളുടെ മുഹമ്മദ്നബിയെക്കൊണ്ട് ഞാൻ നിന്നെ അഭിമുഖീകരിക്കുന്നു. ഓ, മുഹമ്മദ്, എന്റെ രക്ഷിതാവ് എന്റെ ആവശ്യം നിർവ്വഹിച്ചു തരാൻവേണ്ടി അങ്ങയെകൊണ്ട് എന്റെ രക്ഷിതാവിനെ ഞാൻ അഭിമുഖീകരിക്കുന്നു. അനന്തരം നിന്റെ ആവശ്യം പറയുക. എന്നിട്ടു താൻ പോയിക്കോളൂ; ഞാനും കൂടെ വരാം. ഹദീസു റിപ്പോർട്ടർ പറയുന്നു; അങ്ങനെ അദ്ദേഹം പോകുകയും പറഞ്ഞതു പ്രകാരമൊക്കെ ചെയ്യുകയും ചെയ്തു. തുടർന്നു അദ്ദേഹം ഉസ്മാനുബ്നു അഫാന്റെ അടുക്കലേക്ക് വന്നു. അപ്പോൾ വാതിൽ കാവൽക്കാരൻ വരികയും അദ്ദേഹത്തെ കൈ പിടിച്ചു അകത്തേക്കു കൊണ്ടു പോകുകയും ചെയ്തു. ഉസ്മാനുബ്നു അഫാന്റെ അടുക്കലെത്തിയപ്പോൾ, അദ്ദേഹം അയാളെ തന്റെയൊപ്പം വിരിപ്പിലിരുത്തുകയും ആവശ്യം ചോദിച്ചു മനസ്സിലാക്കുകയും അതു നിർവ്വഹിച്ചു കൊടുക്കുകയും ചെയ്തു. എല്ലാം കഴിഞ്ഞു, അദ്ദേഹം പുറത്ത് കടക്കുകയും, ഉസ്മാനുബ്നു ഹനീഫിനെ സമീപിച്ചു 'അല്ലാഹു നിങ്ങൾക്ക് നൻമ പ്രദാനം ചെയ്യട്ടെ' എന്നു പ്രാർത്ഥിക്കുകയും, താങ്കൾ എന്റെ കാര്യത്തിൽ ഖലീഫയുമായി സംസാരിക്കുന്നതുവരെ അദ്ദേഹം എന്റെ കാര്യം ശ്രദ്ധിക്കുകയോ എന്റെ നേരെ തിരിഞ്ഞു നോക്കുകയോ ചെയ്തിരുന്നില്ല എന്നു പറയ

കയും ചെയ്തു. ഇതു കേട്ടു, ഉസ്മാനുബ്നു ഹനീഫ് പറഞ്ഞു: നിങ്ങാം വിചാരിക്കുന്നതുപോലെ, നിങ്ങളുടെ കാര്യത്തിൽ ഖലീഫയുമായി സംസാരിച്ചിരുന്നില്ല. അതുകൊണ്ടല്ല നിങ്ങാംക്ക് കാര്യം സാധിച്ചത്) പക്ഷേ, നബി (സ) യിൽ നിന്ന ഞാൻ കേട്ടിരുന്നു–തിരുമേനിയുടെ അടുക്കൽ അന്ധനായ ഒരാാം വരികയും തൻെറ കാഴ്ച ശക്തി നഷ്ടപ്പെട്ടതിനെക്കുറിച്ചു ആവലാതിപ്പെടുകയും ചെയ്തു. അപ്പോാം സഹനം കൊള്ളാൻ തിരുമേനി അദ്ദേഹത്തെ ഉപദേശിച്ചു. അയാാം പറഞ്ഞു എൻെറ കൈ പിടിച്ചു എന്നെ നയിക്കാൻ ആരുമില്ല. അതുകൊണ്ട് എനിക്ക് വളരെ വിഷമമുണ്ട്. അപ്പോാം നന്നായി 'വുസു' ഉണ്ടാക്കി രണ്ടു റകഅത്തു സമസ്കരിച്ചു മേൽ പറഞ്ഞ പ്രകാരം പ്രാർത്ഥിക്കാൻ തിരുമേനി അദ്ദേഹത്തെ ഉപദേശിച്ചു. അങ്ങനെ ദീർഘമായ ഞങ്ങളുടെ സംസാരം അവസാനിക്കുന്നതിന്ന മുമ്പതന്നെ യാതൊരു വിഷമവുമില്ലാത്തവനായി അയാാം ഞങ്ങളുടെ അടുത്തേക്ക് കടന്ന വരികയുണ്ടായി'.

ഈ ഹദീസിൽ വിവരിക്കുന്ന സംഭവത്തിലെ പ്രധാന ഭാഗമായ നബി തിരുമേനിയെ മുൻ നിർത്തിയുള്ള അന്ധൻെറ പ്രാർത്ഥനയെക്കുറിച്ചു നാം വിശദീകരിച്ചു കഴിഞ്ഞതാണ്. ഇപ്പോാം ഈ സംഭവത്തിലടങ്ങിയ കാര്യങ്ങളെക്കുറിച്ചു ചിലതെല്ലാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

1. നബി (സ) അന്ധനു പഠിപ്പിച്ചു കൊടുക്കുകയും ആവശ്യം സാധിപ്പിച്ചു കൊടുക്കുകയും ചെയ്ത ആ പ്രാർത്ഥന—അതിൻെറ സ്വീകാര്യത അംഗീകരിച്ചാൽ തന്നെയും—ആർക്കും ഏതു കാര്യത്തിലും യഥേ

ഷ്ടം വിനിയോഗിക്കാനുള്ളതാണെങ്കിൽ, അതു സഹാബത്തിനിടയിൽ പരക്കെ പ്രചാരത്തിൽ വരികയും പൊതുവിൽ അറിയപ്പെടുകയും ചെയ്യേണ്ടതായിരുന്നില്ലേ? എന്നാൽ, അന്ധൻെറ സംഭവം റിപ്പോർട്ട് ചെയ്ത ഉസ്മാനുബ്നു ഹനീഫ് തന്നെയാണ് ഈ ഹദീസും റിപ്പോർട്ട് ചെയ്ത് കാണുന്നത്. എന്നു വെച്ചാൽ, സഹാബത്തിൽ—മററാരും ഇതറിയുകയോ നിവേദനം നടത്തുകയോ ചെയ്യുന്നില്ല. അപ്പോൾ, 'ഈ അത്ഭുത പ്രാർത്ഥന'യുടെ റിപ്പോർട്ടിൽ ഉസ്മാനുബ്നു ഹനീഫ ഒററപ്പെട്ടിരിക്കുകയാണ്. 'ഒരു സ്വഹാബിയുടെ റിപ്പോർട്ട് സ്വീകാര്യയോഗ്യമല്ല' എന്നതല്ല ഇവിടെ പ്രശ്നം. എത്രയും പ്രധാനവും അത്ഭുത സിദ്ധിയുമുള്ള ഒരു പ്രാർത്ഥന എന്തുകൊണ്ടു മററാരും അറിയാതെ പോയി എന്നതാണ്. വാസ്തവത്തിൽ, നിമിഷങ്ങൾക്കുള്ളിൽ ഉത്തരം കിട്ടുന്ന ഈ പ്രാർത്ഥന സ്വാഭാവികമായും ധാരാളം പേർ പഠിക്കുകയും ഉപയോഗത്തിൽ വരുത്തുകയും ചെയ്യേണ്ടതായിരുന്നില്ലേ?

2. സങ്കടമുണർത്തിക്കാൻ പല പ്രാവശ്യം തന്നെ സമീപിച്ച ഒരാളെ തിരിഞ്ഞു നോക്കുകയോ, അയാളുടെ ആവശ്യം എന്താണെന്നന്വേഷിക്കുകയോ ചെയ്യാൻ മാത്രം ഖലീഫ: ഉസ്മാൻ (റ)വും; അതുപോലെ, അദ്ദേഹത്തെക്കുറിച്ചുള്ള ഗുരുതരമായ ഈ ആരോപണം അപ്പടി വിശ്വസിക്കാൻ മാത്രം മററു സ്വഹാബത്തും മുതിർന്ന ഒരു ചുററുപാടു ആ ഘട്ടത്തിൽ സംജാതമായിരുന്നോ? അല്ലാഹുവിൻെറ മലക്കുകൾ പോലും ലജ്ജിക്കുമെന്ന് തിരുമേനി വിശേഷിപ്പിച്ചുപറഞ്ഞ ഉസ്മാൻ (റ)വിനെക്കുറിച്ച് ആ നിലക്ക് വിശ്വസിക്കാൻ യഥാർത്ഥത്തിൽ നമുക്ക്തന്നെ സാധിക്കുന്നുണ്ടോ?

3. ഖലീഫാ ഉസ്മാൻ (റ) അത്തരമൊരു നടപടി സ്വീകരിച്ചു എന്നതന്നെ സങ്കൽപ്പിച്ചാലും അതു മനസ്സിലാക്കിയ ഉസ്മാനുബ്നു ഹനീഫ് (റ) പ്രസ്തുത ആവശ്യക്കാരനെ ഖലീഫയുടെ അടുക്കലേക്ക് കൂട്ടിക്കൊണ്ടുപോകുകയും ആവശ്യം സാധിപ്പിച്ചുകൊടുക്കുകയുമായിരുന്നില്ലേ ചെയ്യേണ്ടിയിരുന്നത്? അഥവാ, ആർക്കും തുറക്കാൻ കഴിയാത്ത ഒരു പടിവാതിലായിരുന്നോ ഖലീഫാ ഉസ്മാൻ (റ)വിൻെറ സന്നിധി?

4. ഉസ്മാനുബ്നു ഹനീഫ് (റ) 'ആവശ്യക്കാര'നോടു വുസു ഉണ്ടാക്കാനും നമസ്കരിക്കാനും നബി തിരുമേനിയെ മുൻനിർത്തി അല്ലാഹുവോടു പ്രാർത്ഥിക്കുവാനും ഉപദേശിക്കുമ്പോൾ, അതിൻെറ ചരിത്രവും പ്രാധാന്യവും അതുകൊണ്ടുണ്ടാകുന്ന നേട്ടവുമൊന്നും പറയുന്നില്ല. യഥാർത്ഥത്തിൽ 'ഇത്' എൻെറ വകയല്ലെന്നും നബി തിരുമേനിയിൽനിന്ന ഞാൻ കണ്ടും കേട്ടും പഠിച്ചതാണെന്നും ഉണർത്തിക്കൊണ്ടായിരുന്നു ആഗ്രഹസിദ്ധിക്കുള്ള ഈ കുറുക്കുവഴി ഉപദേശിച്ചു കൊടുക്കേണ്ടിയിരുന്നത്. സ്വാഭാവികതയും അതാണ്. എങ്കിൽ 'ആവശ്യക്കാര'ന്ന അതിൽ ആത്മാർത്ഥതയും ഭക്തിയും കൂടുതലുണ്ടാകുകയും ചെയ്തിരുന്ന പക്ഷെ, ഇവിടെ, എല്ലാം കഴിഞ്ഞു. അവസാനം നന്ദി പറയാൻ വന്ന സമയത്താണ് അതിൻെറ പൂർവ്വചരിത്രം വിവരിച്ചു കൊടുക്കുന്നത്!

5. ഉസ്മാനുബ്നു ഹനീഫ് പഠിപ്പിച്ച പ്രാർത്ഥനയുടെ ഫലം കൊണ്ടല്ലേ തൻെറ കാര്യം സാധിച്ചതെന്നും, അദ്ദേഹം ഖലീഫയോട് ശുപാർശചെയ്തതുകൊണ്ടാണെന്നും 'ആവശ്യക്കാരൻ' തെററിദ്ധരിക്കാനും അതു കാരണമായി. ഇങ്ങനെ, ആകെക്കൂടി നോക്കിയാൽ, എന്തോ

ക്കെയോ ചില പന്തികേടുകൾ ഈ റിപ്പോർട്ടിലുണ്ടെന്ന് മനസ്സിലാകുന്നു. മാത്രമല്ല; തങ്ങളുടെ ആവശ്യങ്ങളുണർത്തിക്കാൻ, ഒരു വിധക്കാർക്കൊന്നും സമീപിക്കാൻ പററാത്ത ഒരു 'ചക്രവർത്തിയാ'യി ചിത്രീകരിച്ചു ഉസ്മാൻ (റ)വിനെ താറടിച്ചു കാണിക്കാനുള്ള ശിയാക്കളുടെ കറുത്ത കൈകളും ഇതിൻെറ പിന്നിലുണ്ടെന്ന് വ്യക്തമാകുന്നു. ജൂതനായിരുന്ന അബ്ദുല്ലാ ഹിബ്നു സബഇൻെറ അനുയായികൾ, ഉസ്മാൻ (റ)ൻെറ പേരിലായിരുന്ന ഏററവുമധികം ആരോപണങ്ങൾ പ്രചരിപ്പിച്ചിരുന്നതും ശുദ്ധഗതിക്കാരായ മുസ്‌ലിംകളിലൊരുവിഭാഗത്തെ അദ്ദേഹത്തിനെതിരിൽ തിരിച്ചു വിട്ടതും. ഉസ്മാൻ (റ) വിൻെറ വധത്തിലാണ് അതവസാനിച്ചതും. വധത്തിനു ശേഷവും ഉസ്മാൻ (റ)വിനോടുള്ള അവരുടെ പക അവസാനിച്ചിരുന്നില്ല.

6. അന്ധനു കാഴ്ച തിരിച്ചു കിട്ടിയ പ്രാർത്ഥനയാണല്ലോ ഈ സംഭവത്തിലേയും അടിസ്ഥാന തെളിവ്. പക്ഷേ അന്ധനുവേണ്ടി നബി (സ) പ്രാർത്ഥിക്കുകയും, ആ പ്രാർത്ഥന തൻെറ കാര്യത്തിൽ ശുപാർശയായി സ്വീകരിക്കാൻ അന്ധനും പ്രാർത്ഥിക്കുകയുണ്ടായി, ഇവിടെ നബി (സ) യുടെ പ്രാർത്ഥനയുണ്ടായില്ല, ഉണ്ടായതായി അവകാശപ്പെടുന്നുമില്ല. ഉസ്മാനുബ്നു ഹനീഫ് ഇതൊന്നും അറിയാത്ത ആളല്ല, എങ്കിൽ, ആ പ്രാർത്ഥനയിലെ കാതലായ വശം ഇതിൽ നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു.

ഇനി, ഈ ഹദീസിൻെറ നിവേദക പരമ്പരയെക്കുറിച്ചുകൂടി പരിശോധിക്കാം.

നിവേദക പരമ്പരയിൽപ്പെട്ട 'ശബീബ്ബ്നു സഈദ്' എന്ന വ്യക്തി കരുതിക്കൂട്ടിയല്ലെങ്കിലും അബ

ങ്ങൾ നിവേദനം ചെയ്യുന്ന ആളാണെന്നാണ് ഹദീസ് ശാസ്ത്ര പണ്ഡിതൻമാരുടെ അഭിപ്രായം. അഹമ്മദ്ബ്നു അദിയ്യ് തന്റെ 'കാമിൽ' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടെന്നു القائدة الجليلة في التوسل و الوسيلة യിൽ ഉദ്ധരിക്കുന്നു.

شبيب بن سعيد الحبطي ابو سعيد البصري التميمي حدث
عنه ابن وهب بالمناكير (٩٦)

അതായത് ശൈബുബ്നു സഈദിൽനിന്നു മുൻകറായ (അജ്ഞാതമായ) ഹദീസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പുതമയുള്ള ഒററപ്പെട്ട സംഭവങ്ങൾ ഉദ്ധരിക്കുന്ന സത്യവാനാണ് അയാളെന്നു ഇമാം ദഹബീ രേഖപ്പെടുത്തുന്നു.

(شبيب بن سعيد صدوق يغرب) (صدوق സത്യവാൻ) എന്ന പ്രയോഗം നിലവാരം കുറഞ്ഞ റിപ്പോർട്ടർമാരെപ്പററിയേ പ്രയോഗിക്കയുള്ളു.

സാങ്കേതികവും പ്രധാനങ്ങളുമായ മൂന്നു നാലു കാരണങ്ങളാൽ, ഈ ഹദീസു ശരിയാകാൻ സാധ്യതയില്ലെന്നു ഹദീസു പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു.

1. കൂടുതൽ വിശ്വസ്തരും സത്യസന്ധരും യോഗ്യരുമായ റിപ്പോർട്ടർമാർ ഉദ്ധരിച്ച ഹദീസുകൾക്ക് വിരുദ്ധമായ ഈ ഹദുസു ഒററപ്പെട്ട റിപ്പോർട്ടർമാരാണ് നിവേദനം ചെയ്യുന്നത്.

2. പ്രബലരും പ്രമുഖരുമായ ഹദീസു റിപ്പോർട്ടർമാരെല്ലാം വിട്ടുകളഞ്ഞ കഥ റിപ്പോർട്ടുചെയ്ത ഒരേ

രോാം, ഓർമ്മ ശക്തി കുറഞ്ഞ വ്യക്തിയാണെന്നും വ്യക്തമായിരിക്കുന്നു.

3. സംഭവത്തിൻെറ വിവരണ രീതിയും വാചകങ്ങളും പല തരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

4. ഇതിൻെറ റിപ്പോർട്ടർ. മുൻകറായ ഹദീസുകളുദ്ധരിക്കുന്ന വ്യക്തിയാണെന്നു തെളിഞ്ഞിരിക്കുന്നു. ആകയാൽ ഇടത്തേട്ടത്തിന്നു സ്ഥിരീകരണം നൽകാനോ തെളിവായി സ്വീകരിക്കാനോ ഈ ഹദീസു യോഗ്യമല്ലാതായി തീർന്നിരിക്കുന്നു.

## മാലിക്(റ)വിൻെറ ഉപദേശം

അല്ലാഹുവിന്നും അവൻെറ അടിമകൾക്കുമിടയിൽ മദ്ധ്യ വർത്തികളെ സ്ഥാപിക്കുന്നതിന്ന തൽപരകക്ഷികൾ എടുത്തു കാണിക്കുന്ന ഒരു തെളിവാണ് ഇമാം മാലിക്ക് (റ), ഖലീഫാ മൻസൂറി (റ) ന്ന നൽകിയെന്ന പറയപ്പെടുന്ന ഉപദേശം. ഖാസീ ഇയാസ് (القاضى عياض) തൻെറ الشفا بتعريف حقوق المصطفى എന്ന ഗ്രന്ഥത്തിൽ (വാ: 2, പേ:30) ആ സംഭവം ഇങ്ങനെ വിവരിക്കുന്നു:

حدثنا القاضى ابو عبد الله محمد بن عبد الرحمن الاشعرى ، وابو القاسم بن بقى الحاكم وغيرو احد فيما اجازوا نية قالوا اخبرنا العباس احمد بن عمر بن داهاث ، حدثنا ابو الحسن على بن فهر ، حدثنا ابوبكر محمد بن احمد بن الفرج ، ثنا ابوالحسن

عبد الله بن المنتاب، ثنا يعقوب بن اسحاق بن اسرائيل ، ثنا ابن حميد قال : ناظر ابو جعفر امير المؤمنين مالكا فى مسجد رسول الله صلى الله عليه وسلم فقال لاَ تَرْفَعُوا اَصْوَاتَكُمْ فَوْقَ صَوْتِ النَّبِيِّ (٩٤ - ٢) ومدح قوما فقال اِنَّ الَّذِيْنَ يَغُضُّوْنَ اَصْوَاتَهُمْ عِنْدَ رَسُوْلِ اللهِ ... ( ٩٤ - ٣) وذمّ قوما فقال اِنَّ الَّذِيْنَ يُنَادُوْنَكَ مِنْ وَرَاءِ الْحُجُرَاتِ ... (٩٤ - ٤) وان حرمته ميتا كحرمته حيّا فاستكان لها ابو جعفر فقال يا اباعبد الله استقبل القبلة وادعوا ، ام استقبل رسول الله فقال ولم تصرف وجهك عنه وهو وسيلتك ووسيلة ابيك آدم عليه السلام الى الله يوم القيمة بل استقبله واستشفع به فيشفعك الله قال الله تعالى وَلَوْ اَنَّهُمْ اِذْ ظَلَمُوا اَنْفُسَهُمْ جَاءُوْكَ فَاسْتَغْفَرُوا اللهَ وَاسْتَغْفَرَ لَهُمُ الرَّسُوْلُ لَوَجَدُوا اللهَ تَوَّابًا رَحِيْمًا ٥ (٤ - ٦٤)

'ഇബ്നു ഹമീദു ഉദ്ധരിക്കുന്നു: നബി (സ)യുടെ പള്ളിയിൽ വെച്ചു ഖലീഫാ മൻസൂർ (റ)വും ഇമാം മാലിക് (റ)വും തമ്മിൽ ഒരു വാദപ്രതിവാദം നടന്നു. അപ്പോൾ മാലിക് (റ) പറഞ്ഞു: പ്രവാചകന്റെ ശബ്ദത്തേക്കാൾ നിങ്ങൾ ശബ്ദമുയർത്തരുത്. (ഖുർആൻ)

അല്ലാഹുവിന്റെ റസൂലിന്റെ സന്നിധിയിൽ വെച്ചു ശബ്ദം താഴ്ത്തുന്നവർ....എന്നു പറഞ്ഞുകൊണ്ടു ഒരു വിഭാഗത്തെ അല്ലാഹു പ്രശംസിക്കുകയും; അതുപോലെ. മുറികൾക്ക് പുറത്ത് നിന്നു താങ്കളെ വിളിക്കുന്നവർ... എന്നു പറഞ്ഞുകൊണ്ടു ഒരു വിഭാഗത്തെ അല്ലാഹു അധിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിൽ, ജീവിച്ചിരിക്കുമ്പോഴുള്ള എല്ലാ ആദരവുകളും മരണശേഷവും നബി തിരുമേനിക്കുണ്ട്. ഇതു കേട്ടപ്പോൾ ഖലീഫ ശാന്തനായി. എന്നിട്ടു അദ്ദേഹം ചോദിച്ചു: അല്ലയോ അബൂ അബ്ദില്ലാ, ഞാൻ ഖിബ്ലക്ക് നേരെ തിരിഞ്ഞാണോ പ്രാർത്ഥിക്കേണ്ടത്, അല്ലെങ്കിൽ നബി (സ) യിലേക്ക് നേരെ തിരിഞ്ഞാണോ? മാലിക് (റ) പറഞ്ഞു: താങ്കളെന്തിനു നബി തിരുമേനിയിൽ നിന്നു മുഖം തിരിച്ചു കളയണം? ഖിയാമത്തുനാളിൽ താങ്കളുടേയും താങ്കളുടെ പിതാവ് ആദം (അ)ന്റേയും അല്ലാഹുവിലേക്കുള്ള 'വസീല'യാണ് നബി(സ). അതുകൊണ്ട്, താങ്കൾ തിരുമേനിയിലേക്ക് തിരിഞ്ഞു തിരുമേനിയെക്കൊണ്ട് അല്ലാഹുവിലേക്ക് ശുപാർശ തേടുക. എങ്കിൽ, താങ്കൾക്ക് വേണ്ടിയുള്ള തിരുമേനിയുടെ ശുപാർശ അല്ലാഹു സ്വീകരിക്കുന്നതാകുന്നു. അല്ലാഹു പറഞ്ഞിട്ടുണ്ട്—അവർ തങ്ങളോടു തന്നെ അക്രമം പ്രവർത്തിച്ചുകൊണ്ട് താങ്കളെ (നബിയെ) സമീപിക്കുകയും, അല്ലാഹുവോട് പൊറുക്കലിനെ തേടുകയും, റസൂലും അവർക്ക് വേണ്ടി പൊറുക്കലിനെ തേടുകയുമുണ്ടെങ്കിൽ, അല്ലാഹുവിനെ പൊറുക്കുന്നവനും ദയാലുവുമായി അവർ കണ്ടെത്തുന്നതാകുന്നു.

തവസ്സുലിന്ന തെളിവായി എടുത്തു കാണിക്കുന്ന ഈ സംഭവം ആശയപരമായിതന്നെ സംശയാസ്പദമാ

ണെന്നു ഗ്രഹിക്കാൻ പ്രയാസമില്ല. ഈ സംഭവത്തിൻെറ പശ്ചാത്തലവും പ്രതിപാദന രീതിയുമെല്ലാം എന്തോ ഒരു ദുരുദ്ദേശത്തിന്നുവേണ്ടി കരുതിക്കൂട്ടി കെട്ടിച്ചമച്ചതാണെന്നു മനസ്സിലാക്കാൻ കഴിയും.

1. ഇമാം മാലിക്ക് (റ) വും ഖലീഫാ മൻസൂർ (അബൂജ അഫർ) (റ)വും തമ്മിൽ നടന്ന വാദപ്രതിവാദത്തിൻെറ ഒരു റിപ്പോർട്ടാണിത്. പക്ഷേ, ഏതു വിഷയത്തെക്കുറിച്ചായിരുന്നു വാദപ്രതിവാദമെന്നതിന്നു ഒരു സൂചനപോലും ഇതിലില്ല. കൂടാതെ വാദപ്രതിവാദത്തിൽ ഇരു വിഭാഗവും ഭാഗഭാക്കാകുമല്ലോ. തുല്യ നിലയിലായിരിക്കും സംസാരം. ഇമാം മാലിക്(റ) തെളിവുകൾ ഉദ്ധരിക്കുകയും, ഖലീഫാ മൻസൂർ (റ) ചോദിക്കുകയും ചെയ്യുന്നതായാണ് ഇവിടെ കാണുന്നത്.

2. ഇമാം മാലിക്ക് (റ) നെപ്പോലെതന്നെ പണ്ഡിതനും പ്രഗത്ഭമതിയുമായിരുന്ന ഖലീഫാ മൻസൂർ (റ) വും. ഒരാൾ വിജ്ഞാന രംഗത്തും അപരൻ ഭരണരംഗത്തും പ്രവർത്തിക്കുകയായിരുന്നുവെന്നു മാത്രം. അപ്പോൾ മൻസൂറിൻെറ ശബ്ദം പരിധിവിട്ടു അത്യുച്ചത്തിലായിപ്പോയെങ്കിൽ മാലിക്ക്(റ) വിന്നു അക്കാര്യം ഖലീഫയെ ഉണർത്തുകയോ സൂചന നൽകുകയോ മാത്രം ചെയ്താൽ മതിയായിരുന്നു. അതിന്നു പകരം, വഴിക്ക് വഴി മൂന്നു നാലു ഖുർആൻ വചനങ്ങൾ ഓതികേൾപ്പിച്ചു ഒരു വലിയ പ്രസംഗംതന്നെ നടത്തേണ്ട ആവശ്യമുണ്ടായിരുന്നില്ല.

3. ഖിബ്‌ലക്ക് നേരെ തിരിഞ്ഞോ, നബി തിരുമേനിക്ക് നേരെ തിരിഞ്ഞോ, ഞാൻ നടത്തേണ്ടതു എന്ന് ഖലീഫ അന്വേഷിച്ച പ്രാർത്ഥന, നബി തിരുമേനിക്ക

വേണ്ടിയുള്ളതോ അതോ തനിക്ക് വേണ്ടിയുള്ളതോ എന്ന് വ്യക്തമാക്കപ്പെടുന്നില്ല നബി(സ)വിന്ന വേണ്ടിയുള്ളതാണെങ്കിൽ السلام عليكم يا رسول الله 'അല്ലാഹുവിൻെറ റസൂലേ, താങ്കൾക്ക് അല്ലാഹുവിൻെറ രക്ഷയുണ്ടാകട്ടെ' എന്നിങ്ങനെ തിരുമേനിക്ക് നേരെ തിരിഞ്ഞും; സ്വന്തത്തിന്ന വേണ്ടിയുള്ളതാണെങ്കിൽ ഖിബ്ലക്ക് നേരെ തിരിഞ്ഞുമാണ് പ്രാർത്ഥിക്കേണ്ടതെന്ന അറിയാത്ത വ്യക്തിയല്ല ഖലീഫാ മൻസൂർ (റ)വും. ഇനി അഥവാ, അറിയാത്തതുകൊണ്ടാണ് ഖലീഫ: ഇങ്ങനെ അന്വേഷിച്ചതെന്ന സങ്കൽപ്പിക്കുകയാണെങ്കിൽ, 'ഖിബ്ലക്ക് നേരെ തിരിഞ്ഞു' എന്ന ഉത്തരമേ മാലിക് (റ)വിൽ നിന്നുണ്ടാകാൻ സാധ്യതയുള്ളൂ. എന്തുകൊണ്ടെന്നാൽ സ്വന്തത്തിന്ന വേണ്ടിയുള്ള എല്ലാ പ്രാർത്ഥനകളും ഖിബ്ലക്ക് നേരെ തിരിഞ്ഞായിരിക്കണമെന്നതിൽ ഒരു പണ്ഡിതനും അഭിപ്രായ വ്യത്യാസമില്ല. സ്വഹാബത്തും താബിഉകളും മദ്ഹബുകളുടെ ഇമാമുകളും എല്ലാവരും അക്കാര്യത്തിൽ ഏകാഭിപ്രായക്കാരാകുന്നു.

4. 'തങ്ങളോടു തന്നെ അക്രമം പ്രവർത്തിച്ചവർ ആദ്യം നബി (സ)യെ സമീപിക്കുകയും, അനന്തരം സ്വയം അല്ലാഹുവോടു പൊറുക്കലിനെ തേടുകയും, പിന്നെ നബി (സ)യും അവർക്കുവേണ്ടി പൊറുക്കലിനെ തേടുകയും ചെയ്താൽ....' എന്ന ഖുർആൻ വാക്യം ഇമാം മാലിക് (റ) തെളിവിനുദ്ധരിക്കേണ്ട യാതൊരു പശ്ചാത്തലവും ഇവിടെയുണ്ടായിട്ടില്ല. നബി (സ)യോടു നേരിൽ ധിക്കാരം കാണിക്കുകയും തിരുമേനിയുടെ തീരുമാനം അനുസരിക്കാതെ 'താഗൂ'ത്തിൻെറ വിധി സ്വീകരിക്കുകയും ചെയ്ത കപട വിശ്വാസികളെ

പരാമർശിക്കുന്നതാണ് പ്രകൃത വചനം. പാപം പൊറു ക്കപ്പെടാൻ മൂന്നു നിബന്ധനകളാണ് പ്രസ്തുത വച നത്തിൽ പ്രതിപാദിക്കുന്നതു. സാധാരണ നിലയിൽ ആ നിബന്ധന മററാർക്കും ബാധകമല്ലെന്നു സ്പഷ്ട മാണ്, നബി (സ)യുടെ തീരുമാനം തള്ളിക്കളയുകയും 'താഗൂത്തി'നെ ആശ്രയിക്കുകയും ചെയ്തവർ. അവർ കാണിച്ച ധിക്കാരത്തിൽ ഖേദിക്കുകയും പശ്ചാത്തപി ക്കുകയും ചെയ്യുന്ന എന്നറിയാൻ, കുററസമ്മതവുമായി ആദ്യം നബി (സ)യെ സമീപിക്കുക; അനന്തരം വന്നുവ ശായ തെററു പൊറുത്തുകിട്ടാൻ അവർ സ്വയം തന്നെ അല്ലാഹുവോടു പ്രാർത്ഥിക്കുക; തുടർന്നു, നബി (സ)യും അവർക്കുവേണ്ടി പ്രാർത്ഥിക്കുക-ഈ മൂന്നു നിബന്ധന കളും പൂർത്തീകരിക്കപ്പെടുമ്പോൾ മാത്രമേ ആ ധി ക്കാരികളുടെ പാപം അല്ലാഹു പൊറുത്തുകൊടുക്കുക യുള്ളൂ-ഇതാണ് പ്രസ്തുത ഖുർആൻ വചനത്തിൻെറ ഉള്ളടക്കം. സാധാരണ സത്യവിശ്വാസികളുടെ പാപം പൊറുക്കപ്പെടാൻ ഈ നിലക്കുള്ള നിബന്ധനകളൊന്നു മില്ല. അവർ പശ്ചാത്തപിക്കുകയും പാപമോചനത്തി ന്നായി അല്ലാഹുവോടു പ്രാർത്ഥിക്കുകയും ചെയ്താൽ മതിയാകുന്നതാണ്. ഏതായാലും ഖലീഫാ മൻസൂറി ൻെറ അന്വേഷണവും ഈ നിബന്ധനങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു ആർക്കും മനസ്സിലാക്കാ വുന്നതാണ്.

യാത്ര പുറപ്പെടുമ്പോഴും, യാത്ര കഴിഞ്ഞു തിരി ച്ചു നാട്ടിലെത്തുമ്പോഴും നബി(സ)യുടേയും, അതിനോ ടു തൊട്ടുതന്നെ നിൽക്കുന്ന അബൂബക്കർ, ഉമർ (റ) എ ന്നിവരുടേയും ഖബറിടങ്ങൾക്കടുത്തു ചെന്ന് അവർക്ക് സലാം ചൊല്ലുന്നതും അവർക്കുവേണ്ടി പ്രാർത്ഥിക്കു

ന്നതും കുററകരമല്ല എന്നു ഇമാം മാലിക്(റ) പ്രസ്താവിക്കുകയുണ്ടായി. അതിനെ തുടർന്ന് അദ്ദേഹത്തോട് ഇങ്ങനെ ചോദിച്ചു: 'ചിലർ ദിവസവും ഒരു പ്രാവശ്യം അല്ലെങ്കിൽ പല പ്രാവശ്യം, ചിലപ്പോഴ്, ആഴ്ചകളിൽ പല പ്രാവശ്യവും മുഴുവനും നബി(സ)യുടെ ഖബറിനടുത്തു ചെന്ന് സലാം ചൊല്ലുകയും പ്രാത്ഥിക്കുകയും ചെയ്യുന്നു.' മറുപടിയായി മാലിക് (റ)പറഞ്ഞു: ഇന്നാട്ടിലെ പണ്ഡിതൻമാരിൽ ആരിൽ നിന്നും എനിക്ക് ലഭിക്കാത്ത നടപടിയാണത് തുടർന്നു പതിവായി നബി(സ)യുടെ ഖബറിടം സന്ദർശിക്കുകയും നബിക്കുവേണ്ടി പ്രാത്ഥിക്കുകയും (നബിയോടു പ്രാത്ഥിക്കുകയല്ല) ചെയ്തുപോന്ന മദീനാവാസികളിൽ ഒരു വിഭാഗത്തെ കഠിനമായി ആക്ഷേപിക്കുകയും, ഇതു പൂർവ്വ മുസ്ലിംകളാരും ചെയ്തുപോന്നിട്ടില്ലാത്ത പുതിയ നടപടിയാണെന്നു പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ടു ഇമാം മാലിക് (റ)തന്റെ المبسوط എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു.

لا يصلح آخر هذه الامة الا ما اصلح اولها 'ഈ സമുദായത്തിലെ ആദ്യകാലക്കാരെ നന്നാക്കിത്തീർത്ത കാര്യങ്ങൾ മാത്രമെ, ഇതിന്റെ അവസാനകാലക്കാരെയും നന്നാക്കിത്തീർക്കുകയുള്ളൂ'. യാത്രയിൽനിന്നു തിരിച്ചുവരികയോ, യാത്ര പുറപ്പെടുകയോ ചെയ്യാത്തവർക്കുമെല്ലാം അതു തെററാകുന്നു.' അപ്പോൾ നബി(സ)ക്കുവേണ്ടി പ്രാത്ഥിക്കുന്നതിൽ വന്നുകൂടിയ ഈ പുതിയ സമ്പ്രദായത്തെ പോലും ഇത്രയും കഠിനമായി ആക്ഷേപിച്ച ഇമാം മാലിക് (റ) നബി (സ)യിലേക്കു തിരിഞ്ഞു പ്രാത്ഥിക്കാൻ ഉപദേശിച്ചു എന്ന് വിചാരിക്കാൻ യാതൊരു നിവൃത്തിയുമില്ല.

ഈ നിലക്ക്, ഒററ നോട്ടത്തിൽ തന്നെ ബോധ്യപ്പെടുന്ന ആശയപരമായ പാകപ്പിഴവുകളം അവഗണിച്ചു, ഈ സംഭവം അപ്പടി ശരിയാണെന്നു സങ്കൽപ്പിച്ചാൽ തന്നെയും ഇഹലോകത്തുവെച്ച് അല്ലാഹുവിലേക്കടുക്കാൻ ഇടയാളരെ നിർത്തുന്ന തവസ്സുലും ഈ സംഭവവും തമ്മിൽ യാതൊരു ബന്ധവുമില്ല. നബി തിരുമേനി, ആദം നബി (അ)നും സന്താനങ്ങൾക്കും വസീലയാകുമെന്ന് ഇമാം മാലിക്ക് (റ) പറയുന്നത് ഖിയാമത്തു നാളിലാണ്, ഇഹലോകത്ത് വെച്ചല്ല. ജനങ്ങൾ, തങ്ങളുടെ കാര്യത്തിൽ അല്ലാഹുവിൽ ശുപാശ ചെയ്യാൻ വേണ്ടി എല്ലാ പ്രവാചകൻമാരെയും സമീപിക്കുകയും അവരെല്ലാം ഒഴിഞ്ഞു നിൽക്കുകയും ചെയ്യുമ്പോൾ, അവസാനം അല്ലാഹുവിൻെറ സമ്മതത്തോടുകൂടി നബി (സ) അവർക്കുവേണ്ടി ശുപാർശ ചെയ്യുമെന്നും അല്ലാഹു അത് സ്വീകരിക്കുമെന്നും പ്രബലങ്ങളായ ഹദീസുകളിൽ വന്നതാണ്. മുസ്ലിംലോകം മുഴുവൻ അംഗീകരിക്കുന്ന കാര്യവുമാണ്. ഇവിടെ, ഇമാം മാലിക്ക് (റ) പറഞ്ഞതായി പറയപ്പെടുന്നതും ആ ശുപാർശയെക്കുറിച്ചു തന്നെയാണ്. يوم القيامة (ഖിയാമത്ത് നാളിൽ) എന്ന അദ്ദേഹത്തിൻെറ പദപ്രയോഗം അതു പ്രസ്പഷ്ടമാക്കുന്നു. അതു തർക്കത്തിലിരിക്കുന്ന ഇടത്തേട്ടവും അല്ല-ശുപാർശ (شفاعة)യാണ്. അഥവാ മനുഷ്യസമുദായത്തിന്നുവേണ്ടി നബി (സ) അല്ലാഹുവിനോട് ചെയ്യുന്ന ഒരു പ്രാർത്ഥന.

എന്നാൽ, ഖിയാമത്ത് നാളിൽ നടക്കാനിരിക്കുന്ന ഈ 'ശഫാഅത്തു' ഇവിടെ, ഇഹലോകത്ത്വെച്ചു നടന്നുകൊണ്ടിരിക്കയാണെന്ന വരുത്തിത്തീർക്കാനും നിലവിലുള്ള എല്ലാതരം ഇടയാളങ്ങളും ന്യായീകരി

ക്കാനും വേണ്ടി യാഥാസ്ഥിതികരുടെ നേതാവായ 'അശ്ശൈഖ് അഹ്മദുബ്നു ഖൈനി ദഹ്ലാൻ (الشيخ احمد بن زيني دحلان) അദ്ദേഹത്തിന്റെ الدّرر السنية في الرّدّ على الوهابية എന്ന കുപ്രസിദ്ധ ഗ്രന്ഥത്തിൽ يوم القيمة (ഖിയാമത്തു നാളിൽ) എന്ന പദം വെട്ടിക്കളഞ്ഞത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. (എന്തുകൊണ്ടെന്നാൽ, പ്രസ്തുത പദം അതിൽ നിലനില്ക്കുന്ന കാലത്തോളം നിലവിലുള്ള ഇടതേട്ടങ്ങൾക്ക് അത് തെളിവാകുകയില്ലെന്ന് ദഹ്ലാൻപോലും മനസ്സിലാക്കിയിരുന്നുവെന്നർത്ഥം. ഖുർആൻ വാക്യങ്ങളും നബി വചനങ്ങളും പണ്ഡിതാഭിപ്രായങ്ങളും വെട്ടിയും തിരുത്തിയും സന്ദർഭം മാററിയും ദുർവ്യാഖ്യാനം ചെയ്തും 'വഹ്ഹാബികൾ'ക്കെതിരിൽ തെളിവുണ്ടാക്കുന്ന 'കുത്സിത വൃത്തി' ദഹ്ലാൽ ജീവിച്ച കാലം (ഹി:1300) മുതലേ ആരംഭിച്ചിരുന്നുവെന്നും ഇതിൽ നിന്നു തെളിയുന്നു. (ദഹ്ലാന്റെ കൃതികളിൽ ഇതിന്നു വേറെയും ധാരാളം ഉദാഹരണങ്ങൾ കാണാം.)

ഇമാം മാലിക്ക് നടത്തിയെന്നു പറയപ്പെടുന്ന ഉപദേശത്തിന്റെ ആശയപരമായ വിശകലനമാണ് നാമിതുവരെ നടത്തിയത്. 'സനദിന്റെ വശമാകട്ടെ, ഇതിലേറെ അവിശ്വസനീയമാണ്.

ഈ സംഭവം ഉദ്ധരിക്കുന്നത് 'ഇബ്നു ഹമീദ്' (ابن حميد) എന്നൊരു വ്യക്തിയാണ്. 'മുഹമ്മദ്ബ്നു ഹമീദുൽ റാസി' (محمد بن حميد الرازي) എന്നാണ് മുഴുവൻ പേര്. ഇദ്ദേഹം ഇമാം മാലികുമായി ബന്ധപ്പെ

ടാനോ, ഖലീഫാ മൻസൂറിനെ കാണാനോ യാതൊരു സാദ്ധ്യതയുമില്ല. കാരണം ഹിജ്റ 158-ാം വർഷമാണ് മക്കയിൽവെച്ച് 'മൻസൂർ' നിര്യാതനാകുന്നതു. ഇബ്നു ഹമീദാകട്ടെ, ഹിജ്റ 248ലാണ് മരണപ്പെട്ടതെന്ന ഇമാം ബുഖാരിയും മററും രേഖപ്പെടുത്തുന്നു. അപ്പോൾ, അവർക്കിടയിൽ 90 വർഷങ്ങളുടെ വിടവുണ്ടെന്ന വരുന്നു. അതുമാത്രവുമല്ല; വാർദ്ധക്യ കാലത്ത് മാത്രമാണ് ഇദ്ദേഹം സ്വദേശം വിട്ടു പുറത്ത് പോയിട്ടുള്ളൂ എന്നും കാണാൻ കഴിയുന്നു. ഈ പശ്ചാത്തലത്തിൽ, ഇബ്നു ഹമീദിന്റെ (ابن حميد) അദ്ദേഹത്തിന്റെ വിവരണത്തിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്ന വിധം ഇമാം മാലിക്കിന്റേയും ഖലീഫാ മൻസൂറിന്റേയും വാദപ്രതിവാദവും സംഭാഷണവും നേരിൽ കേൾക്കാൻ കഴിയുകയില്ല. എങ്കിൽ, അദ്ദേഹത്തിന്റെ ഈ റിപ്പോർട്ടു منقطع (ഇടക്ക റിപ്പോർട്ട് നഷ്ടപ്പെട്ടത്) ആയിത്തീരുന്നു. ഈ ഇനത്തിൽ പെടുന്ന റിപ്പോർട്ടുകൾ സ്വീകാര്യയോഗ്യമല്ലെന്നാണ് ഹദീസു പണ്ഡിതൻമാരുടെ തീരുമാനം. അതിനും പുറമെ, ഇബ്നുഹമീദു (ابن حميد) എന്ന പ്രസ്തുതറിപ്പോർട്ടർ ضعيف (ബലഹീനൻ) ആണെന്നും അധിക പണ്ഡിതൻമാരും അഭിപ്രായപ്പെടുന്നു.

وقال يعقوب بن شيبة : محمد بن حميد كثير المناكير، وقال البخارى فى حديثه نظر، وقال النسائى : ليس بثقة ، وقال الجوزجانى : رديئ المذهب غير ثقة ، وقال صالح بن محمد الا سدى : كل شيئ كان يحدثنا ابن حميد كنا نتهمه فيه وما رأيت احدا

جرأ ء لى الله منه كان يأخذ احاديث الناس فيقلب بعضه على بعض وقال ابو نعيم بن عدى : سمعت ابا حاتم الرّازى فى منزله وعنده ابن خراش وجماعة من مشائخ اهل الرّأى وحفاظهم فذكروا ابن حميد فاجمعوا على انه ضعيف فى الحديث جدّا وانه يحدث بما لم يسمعه . ( تهذيب التهذيب )

അറിയപ്പെടാത്ത വൃത്താന്തങ്ങൾ ധാരാളം റിപ്പോർട്ട് ചെയ്യുന്ന വ്യക്തി, അദ്ദേഹത്തിന്റെ റിപ്പോർട്ടുകളെക്കുറിച്ചു കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. വിശ്വസ്ഥനല്ലാത്ത അനഭിമതൻ; അല്ലാഹുവിന്റെ പേരിൽ നുണ പറയാൻ ഇത്രയും ധൈര്യം കാണിക്കുന്ന മറ്റൊരാളെയും അറിയപ്പെടുന്നില്ല. ജനങ്ങൾ പറയുന്നത് മാററിമറിച്ച പറയുകയും ഇഷ്ടംപോലെ റിപ്പോർട്ടു ചെയ്യുകയും ചെയ്യുന്നത്കൊണ്ട് ഞങ്ങൾ അദ്ദേഹം പറയുന്നതിൽ സംശയിച്ചിരുന്നു; അദ്ദേഹം ഹദീസു റിപ്പോർട്ടു ചെയ്യുന്ന കാര്യത്തിൽ അങ്ങേയററം ബലഹീനനാണെന്നു പണ്ഡിതൻമാർ ഐക്യകണ്ഠ്യേന അഭിപ്രായപ്പെട്ടിരുന്നു. കേൾക്കാത്ത കാര്യങ്ങൾകൂടി കേട്ടു എന്ന നിലക്ക് അദ്ദേഹം റിപ്പോർട്ടു ചെയ്തിരുന്നു...'' ഇബ്നുഹമീദു എന്ന വ്യക്തിയെക്കുറിച്ചു ഇമാം ബുഖാരിയെപോലുള്ള ഹദീസു പണ്ഡിതൻമാർ രേഖപ്പെടുത്തിയ അഭിപ്രായങ്ങളാണിതെല്ലാം. മററു റിപ്പോർട്ടർമാരിൽ ചിലരും അസ്വീകാര്യൻമാർ തന്നെ.

وفى الاسناد من لا تعرف حاله റിപ്പോർട്ടർമാരിൽ അറിയപ്പെടാത്തവരുമുണ്ട്. (التوصل الى حقيقة التوسل ٢٢٣)

അപ്പോഠം, സനദിന്റെ വശത്തിലൂടെയും ഇബ്നു ഹമീദിന്റെ ഈ റിപ്പോർട്ടു സ്വീകാര്യ യോഗ്യമല്ലെന്നു വ്യക്തമാകുന്നു. എങ്കിൽ ഈ റിപ്പോർട്ടു ഒരു നിലക്കും തവസ്സുലിന്നു തെളിവാകുന്നില്ല.

## അങ്ങനെയും കുറെ തെളിവുകൾ

അല്ലാഹുവിന്നും അവന്റെ അടിമകഠംക്കമിടയിൽ അമ്പിയാക്കളേയും ഔലിയാക്കളേയും മററും ശുപാർശക്കാരും മദ്ധ്യവർത്തികളുമാക്കി നിർത്തി, അവർ മുഖേന സഹായവും രക്ഷയും തേടുന്ന നിലവിലുള്ള തവസ്സുൽ സമ്പ്രദായം ന്യായീകരിക്കാൻ ഇടതേട്ടവാദികഠം സാധാരണ എടുത്തുദ്ധരിക്കുന്ന പ്രധാന 'തെളിവു'കളും 'ഹദീസു'കളുമാണ് നാം ഇത്‌വരെ വിലയിരുത്തിയത്. അവയിലൊന്നുപോലും സ്വീകാര്യയോഗ്യമോ വിശ്വസനീയമോ അല്ലെന്നു ഹദീസു പണ്ഡിതന്മാരുടെ വാക്കുകളിലൂടെ നാം കണ്ടുകഴിഞ്ഞു. ഇനി, ഈ വിഷയത്തിൽ നമുക്ക് വിശകലനം ചെയ്യാനുള്ളതു മററു ചില 'തെളിവുകളെ'ക്കുറിച്ചാണ്. ആ തെളിവുകഠംഹദീസുകളല്ല; അവയ്ക്ക് സനദുകളില്ല; റിപ്പോർട്ടർമാരുമില്ല. പിന്നെ, ആകെയുള്ളത് 'ശൈഖ് സൈനീദഹ്‌ലാനെ'പോലുള്ള ചിലർ മാത്രമാണ്. എന്നിരുന്നാലും ഇടതേട്ടവാദികഠം, പലപ്പോഴും തവസ്സുലിന്നു തെളിവുകളായുദ്ധരിക്കുന്നു എന്ന നിലക്ക് അവയെക്കുറിച്ചും നമുക്ക് പരാമർശിക്കേണ്ടി വന്നിരിക്കുന്നു.

١ اذا اعيتكم الامور فعليكم باهل القبور - او - فاستغيثوا باهـــل القـــبور (1) 'കാര്യങ്ങഠം സങ്കീർണ്ണങ്ങളായിത്തീരുമ്പോഠം നിങ്ങഠം ഖബറാളികളെ അഭയം തേടുക. അഥവാ ഖബറാളികളെക്കൊണ്ടു സഹായം തേടുക'.

ജീവിച്ചിരിക്കുന്ന നിങ്ങൾക്ക് ഒരു നിലക്കും പരിഹരിക്കാൻ കഴിയാത്തവിധം പ്രശ്നങ്ങൾ വിഷമസന്ധിയിലെത്തുമ്പോൾ അവലംബിക്കാനുള്ള ഒരു മാർഗ്ഗമെന്ന നിലക്കാണ് ഈ നിർദ്ദേശം. ചികിൽസക്ക് വഴങ്ങാത്ത മഹാവ്യാധികൾ, ശത്രുക്കളുടെ തടുക്കാൻ കഴിയാത്ത ആക്രമണങ്ങൾ, കഠിന ദാരിദ്ര്യം, സന്താനങ്ങൾ ലഭിക്കാത്ത അവസ്ഥ, മററു മാനസിക വിഷമങ്ങൾ.... തുടങ്ങി നിങ്ങൾക്ക് സ്വന്തം നിലക്കോ, ജീവിച്ചിരിക്കുന്ന മററുള്ളവരുടെ സഹായത്താലോ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ നേരിടുമ്പോൾ, പണ്ടെന്നോ മരിച്ചു പിരിഞ്ഞു ഖബറുകളിൽ വിലയം പ്രാപിച്ചവരെ വിളിച്ചു സഹായമഭ്യർത്ഥിച്ചാൽ നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്നർത്ഥം! ഈ ഉപദേശം മുഹമ്മദ് നബി (സ)യുടെ പേരിൽ വെച്ചു കെട്ടാനും ധൈര്യം കാണിച്ചിരിക്കയാണ്.

മരിച്ചവർ മുസ്ലിംകളായിരിക്കണമെന്ന വ്യവസ്ഥ പോലും ഈ 'ഉപദേശത്തിലില്ല'. ഒരു പക്ഷെ, ക്ഷേത്രങ്ങളിലും സെമിത്തേരികളിലും 'മുസ്ലിംകൾ' വഴിപാടുകളർപ്പിക്കുന്നതിലും നേർച്ചകൾ നേരുന്നതിലും തുലാഭാരം നടത്തുന്നതിലുമെല്ലാം ഈ 'ഉപദേശ'മായിരിക്കുകയില്ലേ സ്വാധീനം ചെലുത്തിയിരിക്കുക.

അല്ലാഹുവിൻെറ മുമ്പിൽ സുജൂദ് ചെയ്തിരുന്ന സന്ദർഭത്തിൽ, നബി (സ)യുടെ പിരടിയിൽ ശത്രുക്കൾ ഒട്ടകത്തിൻെറ കുടൽമാല വലിച്ചിട്ടു. സ്വന്തം ശക്തി ഉപയോഗിച്ചു അതിൽ നിന്നൊഴിവാകാനോ, തല ഉയർത്തി നേരാംവണ്ണം ശ്വാസോഛ്വാസം ചെയ്യാനോ തിരുമേനിക്ക് കഴിഞ്ഞില്ല. ഈ വിഷമം പിടിച്ച സന്ദർഭത്തിൽ തൻെറ പ്രപിതാമഹനും അല്ലാഹുവിൻെറ തോ

ഴനുമായ ഇബ്രാഹീം നബി (അ)നെ വിളിച്ചു തിരുമേനി സഹായം തേടിയില്ല. പേരക്കുട്ടിയുടെ ഈ സങ്കടാവസ്ഥ അറിയാനോ സഹായം നൽകാനോ ഇബ്രാഹീം നബി [അ]നും കഴിഞ്ഞില്ല. എന്തുകൊണ്ടെന്നാൽ, അദ്ദേഹം മരിച്ചുപോയിരുന്നു. പിന്നെ ഓടിയെത്തി, കടൽമാല വലിച്ചുനീക്കി നബി (സ)യെ രക്ഷിച്ചതു ജീവിച്ചിരുന്ന മകൾ ഫാത്തിമ [റ]യായിരുന്നു. എന്നിട്ടു: ആ നബിയാണത്രെ വിഷമപ്രശ്നങ്ങൾ പരിഹരിക്കാൻ ഖബറാളികളെ വിളിച്ചു പ്രാർത്ഥിക്കാൻ ഉപദേശിച്ചതു! ബദറിലും ഉഹദിലും മററും തിരുമേനി അല്ലാഹുവോട് പ്രാത്ഥിച്ചു. മരിച്ചവരെ വിളിച്ചില്ല വിളിച്ചെന്നും പറയുന്നുമില്ല.

നബി (സ)യുടെ കാര്യം നിൽക്കട്ടെ; തിരുമേനിയുടെ ഈ ഉപദേശം നേരിൽകേട്ട സ്വഹാബത്തിലാരെങ്കിലും അതനുസരിച്ചു എപ്പോഴെങ്കിലും ഖബറാളികളെ വിളിച്ചു സഹായം തേടിയിരുന്നോ? എത്രെല്ലാം വിഷമാവസ്ഥകൾ അവർക്ക നേരിടേണ്ടി വന്നിട്ടുണ്ട്. നെഞ്ചിൽ ഭാരമുള്ള കല്ലുമായി, മക്കയുടെ തിളച്ചുമറിയുന്ന മണൽതിട്ടിൽ മലർത്തി കിടത്തപ്പെട്ട ബിലാൽ [റ] അഹദു, അഹദു (അല്ലാഹു ഏകൻ) എന്നുരുവിട്ടുകൊണ്ടിരുന്നു. അതെ, അവസരം, മക്കയിൽ ധാരാളം പുണ്യാത്മൻമാരുടെ ഖബറുകളുണ്ടായിരുന്നു. അവരിലാരെയും ബിലാൽ [റ] വിളിച്ചില്ല. അവരാരും വന്നു സഹായിച്ചുമില്ല. പക്ഷെ, അപ്പോഴും ജീവിച്ചിരിക്കുന്ന അബൂബക്കർ (റ) വാണ് ബിലാൽ (റ)വിനെ രക്ഷിക്കാനെത്തുന്നത്. ഇതുപോലെ എത്രയെത്ര സംഭവങ്ങൾ? പക്ഷെ, മരിച്ചവരിൽ ആരെയും ആരും സഹായത്തിന്നു വിളിക്കുകയോ, സഹായിക്കപ്പെടുകയോ ചെയ്തില്ല.

നബി (സ)യുടെ പേരിൽ കെട്ടിച്ചമച്ചുണ്ടാക്കിയ പ്രസ്തുത 'ഹദീസി'നെക്കുറിച്ചു പണ്ഡിതൻമാർ രേഖപ്പെടുത്തിയ അഭിപ്രായങ്ങൾകൂടി കാണുക.

فهذا الحديث مفترى على النبى صلى الله عليه وسلم باجماع العارفين بحديثه ولم يروه احد من العلماء بذلك ولا يوجد فى شيئ من كتب الحديث المعتمدة

( القاعدة الجلية فى التوسل والوسيلة - ١٥٢ )

'നബി (സ) യുടെ മേൽ കെട്ടിച്ചമച്ചുണ്ടാക്കപ്പെട്ടതും ഒരു ഹദീസു ഗ്രന്ഥത്തിലും കാണാൻ കഴിയാത്തതും, ഒരു പണ്ഡിതനും ഉദ്ധരിക്കാത്തതുമായ 'ഹദീസാ'ണിത്''. (അൻഖാഇദത്തുൽ ജലിയ്യ: 152)

٢ فمن ارادعونا ان يقول يا عباد الله اعينونى - او - اغيثونى

2. ''ആർക്കെങ്കിലും വല്ല സഹായവും ആവശ്യമായി വരികയാണെങ്കിൽ 'അല്ലാഹുവിന്റെ അടിമകളെ എന്നെ സഹായിക്കൂ-' എന്നു പറയട്ടെ''

നബി (സ) യുടെ മേൽ ആരോപിക്കപ്പെട്ട മറ്റൊരു ഹദീസാണിത്. സനദോ, റാവിയോ ഇല്ലാത്ത ഹദീസ്! അല്ലാഹുവിന്റെ അടിമകളിൽ ജീവിച്ചിരിക്കുന്നവരെയാണോ, മരിച്ചവരെയാണോ സഹായത്തിന്നു വിളിക്കേണ്ടതെന്നും ഇതിൽ വ്യക്തമാക്കുന്നില്ല. ജീവിച്ചിരിക്കുന്നവരെയാണെങ്കിൽ, അതിലാർക്കും അഭിപ്രായ വ്യത്യാസമുണ്ടാകുകയില്ല. ആ നിലക്കുള്ള സഹായാഭ്യാർത്ഥ

നകരം സാധാരണ നടന്നു വരികയും ചെയ്യുന്നു. പക്ഷെ, മരിച്ചവരോട് സഹായാഭ്യർത്ഥന നടത്താമെന്നതിന്നു തെളിവായിട്ടാണ് ശൈഖ് ദഹലാൻ ഈ ഹദീസുദ്ധരിച്ചിരിക്കുന്നത്. ഇടതേട്ടവും, നേരിട്ടുള്ള വിളിയും (الاستغاثة) ശുപാർശയും എല്ലാം കൂട്ടിക്കുഴച്ചു ആശയക്കുഴപ്പം സൃഷ്ടിക്കുക ശൈഖ് ദഹ്ലാൻെറയും കൂട്ടുകാരുടെയും പതിവാണ്. ദഹ്ലാൻതന്നെ ഇക്കാര്യം സമ്മതിക്കുന്നു

فالتوسّل والتشفع والاستغاثة كلها بمعنى واحد (الدرر السنية - ١٣)

'ഇടതേട്ടവും ശുപാർശ തേടലും നേരിട്ടുവിളിച്ചു സഹായം തേടലും എല്ലാം ഒരേ അർത്ഥം കുറിക്കുന്ന പദങ്ങൾ തന്നെയാണ്''. ഹിന്ദുക്കൾക്ക് ത്രിമൂർത്തികൾ, ക്രിസ്ത്യാനികൾക്ക് ത്രിയേകത്വം ദഹ്ലാലാണ് ത്രിയേകാർത്ഥവും!

٣ توسلوا بجاهي فانّ جاهي عند الله عظيم - او - واذا سألتم الله فاسئلوا بجاهي فانّ جاهي عند الله عظيم ٥

3. ''നിങ്ങൾ എൻെറ സ്ഥാന പദവി (ജാഹ്) കൊണ്ടു സഹായം തേടുക. അഥവാ, നിങ്ങൾ അല്ലാഹുവിൽ നിന്നു സഹായം ആവശ്യപ്പെടുകയാണെങ്കിൽ എൻെറ ജാഹ്കൊണ്ട് ചോദിക്കുക. എന്തുകൊണ്ടെന്നാൽ, അല്ലാഹുവിങ്കൽ എൻെറ ജാഹ് വളരെ മഹത്തായതാണ്''.

നബി [സ] നിർദ്ദേശിച്ചു എന്നു പറഞ്ഞുകൊണ്ടാണ് ഈ ഹദീസും തൽപ്പരകക്ഷികൾ എടുത്തുദ്ധരിക്കുന്നത്. അല്ലാഹുവിനോട് നേരിട്ടപേക്ഷിക്കുന്നതുകൊ

ണ്ടു കാര്യമില്ല. നബി [സ] യുടെ ജാഹ് തവസ്സുലാക്കിക്കൊണ്ടു വേണം ചോദിക്കാൻ എന്നാണ ഇതിനർത്ഥം.

അല്ലാഹുവിൻെറ അടുക്കൽ നബി [സ] ന്നുള്ള സ്ഥാന പദവികളെ ഇവിടെ ആരും നിഷേധിക്കുകയോ കുറച്ചു കാണുകയോ ചെയ്യുന്നില്ല. ഖുർആൻ കൊണ്ടും ഹദീസുകൊണ്ടും സ്ഥിരപ്പെട്ട ആ സത്യം നിഷേധിക്കുന്നതു സത്യവിശ്വാസത്തിന്നു നിരക്കുന്നതുമല്ല ലോകത്തിന്നു മുഴുവൻ കാരുണ്യവും സൃഷ്ടികളിൽ ശ്രേഷ്ടരും പ്രവാചകൻമാരുടെ നേതാവും പരലോകത്ത് 'ശഫാഅത്തുൽ ഉസ്മാ' ( الشفاعة العظمى ) എന്ന ഏററവും വലിയ ശുപാർശയുടെ ഉടമയും എല്ലാമാണ് മുഹമ്മദു നബി (സ). ഇതിലൊന്നും ആർക്കും അഭിപ്രായവ്യത്യാസവും സംശയവുമില്ല. പക്ഷെ, ആ 'പദവി' മാദ്ധ്യമാക്കിയിട്ടുവേണം അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ എന്നു നിർദ്ദേശിക്കുന്ന ഈ ഹദീസു നബി(സ)യുടേ മേലുള്ള കള്ള ആരോപമാണ്. നബി (സ)അങ്ങനെ പഠിപ്പിച്ചിട്ടില്ല. സ്വഹാബത്തോ പൂർവ്വ മുസ്ലിംകളിലാരെങ്കിലുമോ അങ്ങനെ പ്രവൃത്തിച്ചിട്ടുമില്ല.

ഈ ഹദീസിനെക്കുറിച്ചും, പണ്ഡിതൻമാർ രേഖപ്പെടുത്തിയ അഭിപ്രായങ്ങ‌ൾ കാണുക.

وهذا الحديث كذب ليس فى شيئ من كتب المسلمين التى يعتمد عليها اهل الحديث ولا ذكره احد من اهل العلم بالحديث مع ان جاهه عند الله اعظم من جاه جميع الانبياء والمرسلين
( القاعدة الجلية ١٢٩ )

കള്ളമാണ് ഈ ഹദീസു. സ്വീകാര്യയോഗ്യമായ ഒരു ഗ്രന്ഥത്തിലും ഇതു രേഖപ്പെട്ടിട്ടില്ല. ഒരു ഹദീസു പണ്ഡിതനും ഇതുദ്ധരിച്ചിട്ടുമില്ല. എന്നാൽ, നബി (സ) യുടെ പദവി മററെല്ലാ പ്രവാചകരേക്കാളും, ദൂതന്മാരേക്കാളും വലുതും ശ്രേഷ്ടവുമാണെന്ന എല്ലാവരും സമ്മതിക്കുകയും ചെയ്യുന്നു'. (അൽഅഖാഇദുൽ ജലിയ്യാ: 129).

ഇടതേട്ടത്തിന്ന തെളിവായി, ഈ നിലക്കുള്ള ചില 'ഹദീസു'കളും സംഭവങ്ങളും ശൈഖ് ദഹ്‌ലാനും അനുയായികളും എടുത്തുദ്ധരിക്കുന്നു. ഇമാം ശാഫി (റ), ഇമാം അബൂ ഹനീഫയെക്കൊണ്ടും; ഇമാം അഹമ്മദു ബ്നു ഹമ്പൽ (റ), ഇമാം ശാഫിഇയെക്കൊണ്ടും: ഇടതേട്ടം നടത്തിയ കഥകാം ഇക്കൂട്ടത്തിൽ പെട്ടതാണ്. പക്ഷെ, ഇവക്കൊന്നിനും തന്നെ സനദോ, റാവിയോ ഒന്നുമില്ല. ആരോപണങ്ങൾ മാത്രം.

## ഖബ്'റു മന്തലും മേൽപ്പുര തുള്ളക്കലും

തവസ്സുലുമായി യാതൊരു ബന്ധവുമില്ലാത്ത സംഭവങ്ങളും തവസ്സുലിന്ന് തെളിവായി തല്പര കക്ഷികൾ എടുത്തുദ്ധരിക്കാറുണ്ട്. അതിനൊരുദാഹരണമാണ് ക്ഷാമ നിവാരണത്തിന്ന പരിഹാരമായി തിരുമേനിയുടെ ഖബറിന്ന തുരങ്കമുണ്ടാക്കാൻ ഹ: ആയിശ [റ] നിർദ്ദേശിച്ചതായി പറയുന്ന സംഭവം, ആ സംഭവം ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെടുന്നു.

حدثنا ابو النعمان، ثنا سعيد بن زيد، ثنا عمرو بن مالك
النكرى، حدثنا ابو الجوزاء اوس بن عبد الله قال: قحط اهل

المدينة قحطا شديدا فشكوا الى عائشة فقالت انظروا قبر النّبى صلى الله عليه وسلم فاجعلوا منه كوى الى السّماء حتى لا يكون بينه وبين السماء سقف قال : ففعلوا فامطرنا حتى نبتت العشب وسمنت الابل حتى تفتقت من الشحم فسمى عام الفتق

(رواه ابو محمد عبد الله بن عبد الرحمن الدّارمى فى سننه فى باب ما اكرم النبى صلى الله عليه وسلم بعد موته ١ - ٤٣)

'മദീനാ വാസികൾക്ക് മഴയില്ലായ്മമൂലം ശക്തിയായ ക്ഷാമം നേരിട്ടു. അവർ ആയിശ: (റ)യോടു ആവലാതിപ്പെട്ടു. ആയിശ: (റ) പറഞ്ഞു: നിങ്ങൾ നബി (സ)യുടെ ഖബറിടം നോക്കി അതിൽ നിന്നു ആകാശത്തേക്ക് ദ്വാരങ്ങളുണ്ടാക്കുക. ഒരു മേൽപ്പുരയും അവയ്ക്കിടയിൽ മറയാവരുത്. അദ്ദേഹം [റിപ്പോർട്ടർ] പറഞ്ഞു: അങ്ങനെ ആയിശ: (റ) പറഞ്ഞതുപോലെ അവർ ചെയ്തു അപ്പോൾ ഞങ്ങൾക്ക് നല്ല മഴ ലഭിച്ചു. പുല്ലു മുളച്ചു. ഒട്ടകങ്ങൾ തടിച്ചു കൊഴുത്തു. അതു കൊണ്ടു ആ വർഷത്തിന്നതന്നെ 'സമൃദ്ധിയുടെ വർഷം' എന്നു പേരു വരികയും ചെയ്തു.

കാര്യങ്ങൾ സാധിക്കുവാൻ അല്ലാഹുവിൽ ശുപാർശക്കാരായി ഇടയാളരെ നിർത്തുന്ന തവസ്സുലും ഈ സംഭവവുമായി ബന്ധമൊന്നുമില്ലെന്നു ഒററ നോട്ടത്തിൽ തന്നെ ആർക്കും കാണാവുന്നതാകുന്നു. എന്നിട്ടും, ഇടതേട്ടത്തിന്നു തെളിവായി ഈ സംഭവവും എടുത്തുദ്ധരിക്കപ്പെടുകയാണ്!

താഴെ പറയുന്ന കാരണങ്ങളാൽ, ഈ സംഭവം ആദ്യന്തം കൃത്രിമവും കെട്ടിച്ചമച്ചതുമാണെന്ന് മനസ്സിലാക്കാം.

1. നബി (സ)യുടെ ഖബറിൽ ദ്വാരങ്ങളുണ്ടാക്കി, യാതൊരു മറവുമില്ലാത്തവിധം നേരെ ആകാശവുമായി ബന്ധിപ്പിക്കാനാണല്ലോ വരൾച്ചക്ക് പരിഹാരമായി ആയിശാ [റ] നിർദ്ദേശിച്ചത്. അതിൽ കവിഞ്ഞുള്ള നിബന്ധനയൊന്നും ഇതിലില്ല. യഥാർത്ഥത്തിൽ വരൾച്ചക്ക് പരിഹാരമായി മഴക്ക്വേണ്ടിയുള്ള നമസ്കാരവും പ്രാർത്ഥനയുമാണ് നബി [സ] നിർദ്ദേശിച്ചതും നബി [സ]യും സ്വഹാബത്തും പ്രവർത്തിച്ചു കാണിച്ചതും. ദീനിൽ സുന്നത്തായി അറിയപ്പെടുന്നതും അതു തന്നെയാണ്. എങ്കിൽ, ഈ സുന്നത്തിനെതിരിൽ, ഖബർ തുരക്കുന്ന മറ്റൊരു പരിപാടി ആയിശാ [റ] നിർദ്ദേശിക്കുമോ?

2. ഇനി, അഥവാ, മഴകിട്ടാനുള്ള മാർഗ്ഗങ്ങളിൽ ഇങ്ങനെയൊരു 'ഹിക്ക്മത്ത്' കൂടിയുണ്ടായിരുന്നെങ്കിൽ, മദ്ഹബുകളുടെ ഇമാമുകളടക്കം നാളിതുവരെയുള്ള ഒരു പണ്ഡിതനും അത് നിർദ്ദേശിക്കുകയോ മതകർമ്മമായി അംഗീകരിക്കുകയോ എന്ത്കൊണ്ടു ചെയ്തില്ല?

3. ആയിശാ (റ) താമസിച്ചുവരുന്ന വീട്ടിൽതന്നെയാണ് നബി [സ] യുടെ ഖബ്റും സ്ഥിതിചെയ്യുന്നത്. ഖബർ സ്ഥിതിചെയ്യുന്ന മുറിയുടെ മുകൾഭാഗം മുഴുവൻ തിരുമേനിയുടെ ജീവിതകാലത്ത് തന്നെ മേൽപുരകൊണ്ടു മൂടപ്പെട്ടിരുന്നില്ല. [സ] സായാഹ്നങ്ങളിൽ നബി [സ] നമസ്കരിക്കുമ്പോൾ, ആ മുറിയുടെ തറയിൽ വെയിൽ നാളങ്ങൾ പതിച്ചിരുന്നുവെന്നും

(الوليد بن عبد الملك) വലീദുബ്നു അബ്ദിൽ മലിക്കിന്റെ കാലത്താണ് അതിന്ന മാററം സംഭവിച്ചതെന്നും യഥാക്രമം ഇമാംബുഖാരി ഉദ്ധരിച്ച ഹദീസിലും ചരിത്രഗ്രന്ഥങ്ങളിലും കാണാം. അപ്പോൾ തിരുമേനിയുടെ ഖബറിടവും ആകാശവുമായി യാതൊരു മറയുമില്ലാത്തവിധം വിശാലമായ തുറസ്സു നിലവിലിരിക്കെ, വീണ്ടും ദ്വാരങ്ങളുണ്ടാക്കാൻ ആയിശ നിർദ്ദേശിച്ചത് എന്ത് കാരണത്തിലായിരിക്കാം? ഇനി അഥവാ, മേൽപ്പുരയുള്ള ഭാഗത്തായിരുന്ന ഖബർ സ്ഥിതിചെയ്തതെന്നും അതുകൊണ്ടാണ് പുതിയ ദ്വാരത്തിന്റെ ആവശ്യം നേരിട്ടതെന്നും വെക്കുകയാണെങ്കിൽ, ഏതു മേൽപ്പുരയെക്കാളും കട്ടിയും ഭാരവുമുള്ള മണ്ണിട്ടുകൊണ്ട് മൂടിക്കിടക്കുകയാണല്ലോ ഖബർ. ആകാശവും തിരുമേനിയുടെ ശരീരവും നേരിട്ടു ബന്ധിപ്പിക്കലാണുദ്ദേശമെങ്കിൽ അതിന്ന തിരുമേനിയുടെ ഖബർ കുത്തിപ്പൊളിക്കേണ്ടി വരികയില്ലേ? അത്തരമൊരു നടപടിക്ക് ആയിശ:(റ) ഉപദേശിക്കുമോ?

4. നബി (സ) യുടെ ഖബറിൽ ഇങ്ങനെയൊരു ദ്വാരമുണ്ടാക്കുന്നതുകൊണ്ടു മഴ വർഷിച്ചെങ്കിൽ തന്നെ അതൊരു 'മുഉ്ജിസത്ത്' എന്നതിൽ കവിഞ്ഞു മതനിയമമോ എക്കാലത്തും സ്വീകരിക്കപ്പെടാവുന്ന മാതൃകയോ ആകുന്നില്ല. 'മുഉ്ജിസത്തി'ന്റെ അദ്ധ്യായത്തിലാണ് ഈ സംഭവം' ദാരിമി ഉദ്ധരിച്ചതെന്ന കാര്യവും പ്രസ്താവ്യമാണ്.

5. ഈ സംഭവത്തിൽ നബി (സ) യെ കൊണ്ടോ, അവിടുത്തെ ഹഖ്ഖ്-ജാഹുകൾ കൊണ്ടോ ഉള്ള ഇടതേട്ടമോ നേരിട്ടുള്ള പ്രാർത്ഥനയോ ഒന്നുമില്ല. അപ്പോൾ,

ഏററവും ചുരുങ്ങിയതു സഹാബത്തിൻെറ കാലത്തെ ങ്കിലും ഇടതേട്ട സമ്പ്രദായമുണ്ടായിരുന്നില്ല എന്നല്ലേ മനസ്സിലാകുന്നത്? എങ്കിൽ. ഇടതേട്ട വാദികൾക്ക് എതിരായാണ് യഥാർത്ഥത്തിൽ ഈ സംഭവം തെളി വാകുന്നത്.

6. ഉമർ (റ) വിൻെറ ഭരണ കാലത്ത് ജലക്ഷാമം നേരിട്ടപ്പോൾ, അബ്ബാസ് (റ) വിനെ കൊണ്ടു പ്രാർത്ഥന നടത്തിക്കുകയാണ് ഖലീഫ ചെയ്തത്. 'ഈ സംഭവം നാം മുമ്പ് വിവരിച്ചിട്ടുണ്ട്, എന്നാൽ, മഴ ലഭിക്കാ നുള്ള ഈ എളുപ്പ മാർഗ്ഗം—ഖബർ തുരങ്കൽ പരിപാടി— എന്തുകൊണ്ടു ആയിശ (റ) ഒളിപ്പുവെച്ചു'. ഇങ്ങനെ ചിന്തിക്കുമ്പോൾ, ഒരു കാര്യം സംശയത്തിന്നിടമില്ലാത്ത വിധം ബോദ്ധ്യപ്പെടുന്നു. ഇതു ആയിശ: (റ) യുടെ മേൽ ആരോ കെട്ടിച്ചമച്ചുണ്ടാക്കിയ പെരും നുണയാണ്!

ആശയപരമായി അങ്ങേയററം വികലവും യുക്തി ബോധത്തിന്നു നിരക്കാത്തതുമായ ഈ ഹദീസു സന ദിൻെറ കാര്യത്തിലും കൂടുതൽ കൃത്രിമമാണെന്നു കാണാം.

നാല് പേരാണ് ഇതിൻെറ പരമ്പരയിൽ. ഈ നാലു പേരും ഹദീസ് പണ്ഡിതൻമാർക്കിടയിൽ പരാ മർശവിധേയരാണ്. സംഭവം ഉദ്ധരിക്കുന്നത് 'അബുൽ ജൗസാഉ' (ابو الجوزاء) എന്ന വ്യക്തിയാണ്. ഇദ്ദേഹ ത്തിൻെറ കാര്യത്തിൽ ചിന്തിക്കേണ്ടതുണ്ടെന്നാണ് ഇമാം ബുഖാരി (റ) പറയുന്നത്. (فيه نظر - تهذيب) ഈ അഭി പ്രായം തന്നെഇബ്നു ഹജറുൽ അസ്ഖലാനീ, അദ്ദേഹ

ത്തിന്റെ 'തഖ്രീബിലും (التقريب) ഇമാം ദഹബീ, മീ സാനിലും രേഖപ്പെടുത്തുന്നു. ആയിശ:, ഇബ്നുമസ് ഊദു (റ) തുടങ്ങിയ സഹാബിവര്യൻമാരെ ഇദ്ദേഹം കണ്ടിട്ടില്ലെന്നും ബുഖാരി പറയുന്നു. ( التهذيب ) ആയിശ: (റ) യെ ഇദ്ദേഹം കണ്ടിട്ടില്ലെങ്കിൽ റിപ്പോർട്ടർ മാരിൽ ചിലർ വിട്ടുപോയിട്ടുണ്ടെന്നും, അങ്ങനെ അജ്ഞാതരായ റിപ്പോർട്ടർമാരുടെ വസ്തുസ്ഥിതി അറിയപ്പെടാത്തതിനാൽ, ഇത് പരമ്പര മുറിഞ്ഞുപോയ ( منقطع ) ആണെന്നും സ്വീകാര്യയോഗ്യമല്ലെന്നും തെളിയുന്നു.

രണ്ടാമത്തെ റിപ്പോർട്ടർ അംറുബ്നു മാലിക്കാ ( عمرو بن مالك النكري ) ണ്. 'അബദ്ധമായും പുതുമയുള്ള ഒററപ്പെട്ട സംഭവങ്ങളും ഉദ്ധരിക്കുന്ന വ്യക്തി' (يخطئ و يغرب) എന്നും, ഇമാം ബുഖാരിയുടെ ദൃഷ്ടിയിൽ ഇദ്ദേഹം ബലഹീനനാണെന്നും التهذيب ൽ രേഖപ്പെടുത്തുന്നു. ഊഹാപോഹങ്ങൾ കലർത്തി ഹദീസുകൾ റിപ്പോർട്ട് ചെയ്യുന്ന, സത്യവാനെന്നാണ് التقريب ൽ ഇദ്ദേഹത്തെ പരിചയപ്പെടുത്തുന്നത്. ഇമാം ബുഖാരിയും മുസ്ലിമും ഇദ്ദേഹത്തിൽനിന്ന് ഹദീസു സ്വീകരിച്ചില്ലെങ്കിലും വിശ്വസ്തനാണെന്നാണ് ഇമാം ദഹബിയുടെ പക്ഷം. ( الميزان ) മൂന്നാമത്തെ റിപ്പോർട്ടർ, സഈദുബ്നുസൈദി (سعيد بن زيد)നെക്കുറിച്ചു കൂടുതൽ മോശമായ അഭിപ്രായമാണ് ഇമാം ദഹബിയുടെ 'അൽമീസാനി'(الميزان)ലും,

ഇബ്നു ഹജറുൽ അസ്ഖലാനിയുടെ 'അത്തഹ്ദീബി' (التہذیب) ലും പ്രസ്താവിച്ചിരിക്കുന്നത്. 'അത്തഹ്ദീബി'ൽ രേഖപ്പെടുത്തിയത് ഇങ്ങനെ വായിക്കാം:

وقال ابن المدينى : سمعت يحى بن سعيد يضعف جدا فى الحديث، وقال ابو حاتم والنسائى: ليس بالقوى، وقال الجوزجانى يضعفون حديثه وليس بحجة .وقال ابن حبان كان صدوقا حافظا ممن كان يخطئى فى الاخبار ويهم حتى لا يحتج به اذا انفرد، وقال الدّارقطنى ضعيف (التهذيب)

'വളരെ ബലഹീനനെന്ന 'യഹ്യബ്നുസഈദു'; പ്രബലനല്ലെന്ന് അബൂഹാത്തിമും നസാഇയും; തെളിവിനു കൊള്ളാത്ത വ്യക്തിയാണെന്ന് ജൗസജാനി; സ്വന്തം നിലക്ക് സ്വീകാര്യയോഗ്യനല്ലെന്നും ഹദീസു ഉദ്ധരിക്കുന്നതിൽ പിഴവു സംഭവിക്കുന്ന വ്യക്തിയാണെന്നും ഇബ്നു ഹിബ്ബാൻ; ബലഹീനനാണെന്ന ദാറുഖുത്നീ....' ('അത്തഹ്ദീബ്')

ഇനി അവശേഷിക്കുന്ന നാലാമത്തെ റിപ്പോർട്ടർ, അബൂനുഉമാൻ (ابو النعمان) എന്ന വ്യക്തിയാണ് വാർദ്ധക്യ കാലത്ത് മാററം സംഭവിച്ച ആളാണ് ഇദ്ദേഹമെന്ന ഇബ്നുഹജറുൽ അസ്ഖലാനി ഇദ്ദേഹത്തെ പരിചയപ്പെടുത്തുന്നു (فى التهذيب والتقريب) ഇമാം ബുഖാരിയുടെ അഭിപ്രായവും ഇതുതന്നെയാണ് എന്ന്

അസ്ഖലാനി ഉദ്ധരിക്കുന്നു. അബുദാവൂദ് ഇദ്ദേഹത്തിൽനിന്നു ഹദീസുകൾ സ്വീകരിച്ചിരുന്നില്ല. (الميزان) ഹിജ്റാബ്ദം 220വരെ ഇദ്ദേഹത്തിന്നു തകരാറുകളൊന്നും സംഭവിച്ചിരുന്നില്ലെന്നും അവസാന കാലത്ത് സ്ഥിതി മാറിയെന്നും അബൂ ഹാതിം പ്രസ്താവിക്കുന്നു. എന്നാൽ, ഹിജ്റാബ്ദം 225വരെ ജീവിച്ച ദാരിമി, ഇദ്ദേഹത്തിൽനിന്നു മേൽസംഭവം റിപ്പോർട്ടു ചെയ്തതു മാററം സംഭവിച്ചതിന്നുശേഷമായിരിക്കാനാണ് സാധ്യത. വാർദ്ധക്യകാലത്ത് അദ്ദേഹത്തിന്നു സംഭവിച്ച മാററത്തെക്കുറിച്ചു 'അത്തഹ്ദീബിൽ വന്ന പരാമർശം കാണുക:

قال ابن حبّان : اختلط في آخر عمــره وتغير حتى كان لا يدري ما يحدث به : فوقع في حديثه المناكير الكثيرة فوجب التّنكيب عن حديثه فيما رواه المتأخّـرون فان لم يعلم من هذا ترك ولا يحتج بشيئ منها    ( التهذيب ، الميزان )

''താൻ എന്തുപറയുന്നുവെന്നു സ്വയം മനസ്സിലാക്കാൻ കഴിയാത്തവിധം അദ്ദേഹത്തിൽ മാററം സംഭവിച്ചിരുന്നു. അങ്ങനെ, അദ്ദേഹം ഉദ്ധരിക്കുന്ന ഹദീസുകളിൽ ധാരാളം അജ്ഞാത വിവരങ്ങൾ കടന്നുകൂടി. അതിനാൽ ഈ മാററം സംഭവിക്കുന്നതിന്നു മുമ്പാണെന്നുറപ്പില്ലാത്ത അദ്ദേഹത്തിന്റെ ഹദീസുകൾ തെളിവിനു കൊള്ളാതായിത്തീർന്നിരിക്കുന്നു.'' എന്നാൽ, അദ്ദേഹം റിപ്പോർട്ടു ചെയ്യുന്ന മേൽസംഭവം, ഈ മാററത്തിന്നു മുമ്പാണെന്നു കാണിക്കുന്ന യാതൊരു തെളിവും ഉദ്ധരിക്കപ്പെടുന്നില്ലതാനും.

ആകയാൽ, ഒരു റിപ്പോർട്ടറെക്കുറിച്ചുതന്നെ ആക്ഷേപമുണ്ടായാൽ ആ ഹദീസു സ്വീകാര്യമല്ലെന്നതാണ് പൊതുതത്വം. എങ്കിൽ, മുഴുവൻ റിപ്പോർട്ടർമാരും ആക്ഷേപത്തിനിരയായ ഈ ഹദീസു ഒരിക്കലും ഒരു തെളിവോ അടിസ്ഥാനമോ ആകുകയില്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ?

കൂടാതെ, ഇതിലെ എല്ലാവിധ അപാകതകളും അവഗണിച്ചു ഇപ്പോൾ നാം അംഗീകരിച്ചാൽതന്നെ ആയിശ (عائشة) (റ)വിന്റെ അഭിപ്രായമാണെന്നുമാത്രമേ സമ്മതിക്കാൻ പററുകയുള്ളു. നബി (സ)യിലേക്ക് എത്തിട്ടില്ല ഒരു സഹാബിയുടെ അഭിപ്രായം ശരിയാവാനും തെററാവാനും സാദ്ധ്യതയുള്ളതുകൊണ്ടു അതു മതകാര്യങ്ങളിൽ തെളിവായി എടുക്കുവാൻ പററില്ലെന്നതാണ് പണ്ഡിതാഭിപ്രായം. ഇതുകൊണ്ടുതന്നെ ഈ ദ്വാരകഥ തെളിവിന്നു കൊള്ളുകയില്ലെന്ന് സ്പഷ്ടമായി.

## അഅ്റാബിയുടെ ഇടതേട്ടം

ഇടതേട്ടത്തിന്നു തെളിവായി, പല റിപ്പോർട്ടർമാരിൽനിന്നും പലരൂപത്തിലും നിവേദനം ചെയ്യപ്പെടുന്ന അടിസ്ഥാന രഹിതമായ ഒരുകഥ ഉദ്ധരിക്കപ്പെടുന്നു. പരിശുദ്ധ ഖുർആനിലെ ഒരു വചനത്തിന്റെ അവസാനഭാഗം, പ്രസ്തുത കഥയുമായി തുന്നിച്ചേർത്ത ഖുർആൻ വ്യാഖ്യാനത്തിന്റെ രൂപത്തിലും ചിലരൊക്കെ അതുഎടുത്തു ചേർക്കാറുണ്ട്. التوصل الى حقيقة التوسل എന്ന ഗ്രന്ഥത്തിൽ 273 മുതൽ പേജുകൾ അവലംബിച്ചു ആ കഥ ഇങ്ങനെ വിവരിക്കാം.

روى ابو الحسن على بن ابراهيم بن عبد الله بن عبد الرحمن الكرخى عن على بن محمد بن على حدثنا احمد بن محمد بن الهيثم الطائى حدثنا أبى عن ابيه عن سلمة بن كهيل عن ابى صادق عن على بن ابى طالب (رضى الله عنه) قال قدم علينا اعرابىّ بعد ما دفنا رسول الله صلى الله عليه وسلم بثلاثة ايام فرمى نفسه على قبر النّبى صلى الله عليه وسلم وحث على رأسه من ترابه وقال : يا رسول الله ! قلت : فسمعنا قولك ووعيت من الله عزوجل ما وعينا عنك وكان فيما انزل الله تبارك وتعالى عليك وَلَوْ أَنَّهُمْ إِذ ظَّلَمُوا أَنفُسَهُمْ جَاءُوكَ فَاسْتَغْفَرُوا اللَّهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللَّهَ تَوَّابًا رَّحِيمًا وقد ظلمت نفسى وجئتك لتستغفرلى فنود من القبر انه غفرلك

'അലി (റ) വിൽനിന്ന് നിവേദനം: നബി (സ) യെ മറവുചെയ്ത് മൂന്നു ദിവസത്തിനുശേഷം ഒരു ഗ്രാമീണ അറബി (അഅ്റാബി) വന്നു തിരുമേനിയുടെ ഖബറിൻമേൽ മലർന്നടിച്ചു വീഴുകയും, ഖബറിൻെറ മണ്ണ് തലയിൽ വാരി ഇടുകയും ചെയ്തുകൊണ്ട് പറഞ്ഞു:- അല്ലാഹുവിൻെറ പ്രവാചകരെ, അവിടുന്നു പറയുകയും അവിടുത്തെ വാക്കുകൾ ഞങ്ങൾ അനുസരിക്കുകയും ചെയ്തു. അങ്ങയിൽനിന്നു ഞങ്ങൾ പഠിച്ചു മന

സ്സിലാക്കിയത് അല്ലാഹുവിൽനിന്ന അഞ്ചു പഠിച്ചു മന സ്സിലാക്കി. അല്ലാഹു അങ്ങയ്ക്കവതരിപ്പിച്ചതി (ഖുർ ആനി)ൽ ഇങ്ങനെയുണ്ട്: 'തങ്ങളോടുതന്നെ അക്രമം പ്രവർത്തിച്ചവർ, താങ്കളെ സമീപിക്കുകയും പാപമോ ചനത്തിനായി അല്ലാഹുവോട് അപേക്ഷിക്കുകയും അവർക്ക്വേണ്ടി റസൂലും പാപമോചനത്തിനാവശ്യ പ്പെടുകയും ആണെങ്കിൽ, പാപം പൊറുക്കുന്നവനും കൃപാലുവുമായി അല്ലാഹുവിനെ അവർ കണ്ടെത്തുന്ന താകുന്നു. ഞാൻ എന്നോട് തന്നെ അക്രമം പ്രവർത്തി ച്ചിരിക്കുന്നു: അവിടുന്ന് എനിക്കായി പൊറുക്കലി നെ തേടുവാൻവേണ്ടി ഞാനിതാ അങ്ങയെ സമീപിച്ചി രിക്കുന്നു. അപ്പോൾ 'നിശ്ചയമായും നിന്റെ പാപം പൊറുക്കപ്പെട്ടിരിക്കുന്നു,' എന്നു ഖബറിൽ നിന്നു വി ളിപാടുണ്ടാകുകയും ചെയ്തു.

അലി (റ) വിൽ നിന്ന് അബുൽ ഹസനുൽ ഖുർഖി ഉദ്ധരിച്ചതാണ് ഈ റിപ്പോർട്ടു. എന്നാൽ, ഈ കഥ തന്നെ ഉത്ബീയിൽനിന്ന, താഴെ കാണിച്ചരൂപത്തിൽ ഉദ്ധരിക്കപ്പെടുന്നു. റിപ്പോർട്ടുകളിലെ വൈരുദ്ധ്യ ങ്ങളും വൈവിദ്ധ്യങ്ങളും കൂടുതൽ മനസ്സിലാക്കാൻ അത് സഹായകരമായിരിക്കും. ഗ്രന്ഥദൈർഘ്യം ഭയ ന്നു ഇതു സംബന്ധിച്ച മററു പല റിപ്പോർട്ടുകളും അ വഗണിക്കുകയേ നിർവ്വാഹമുള്ളൂ.

كنت جالسا عند قبر النّبى صلى الله عليه وسلم فجاء اعرابى فقال السلام عليك يا رسول الله سمعت الله يقول : وَلَوْ اَنَّهُم إِذْ ظَلَمُوا انْفُسَهُم جاؤُكَ فَاسْتَغْفَرُوا الله

وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللهَ تَوَّابًا رَحِيمًا ۝ وقد جئتك مستغفرا لذنبى مستشفعا بك الى ربى

ثم انشأ يقول :

ياخير من دفنت بالقاع اعظمه ؛ فطاب من طيبهن القاع والاكم

نفسى الفداء لقبر انت ساكنه ؛ فيه العفاف وفيه الجود والكرم

ثم انصرف الاعرابى فغلبتنى عينى فرأيت النبى صلى الله عليه وسلم فى النوم فقال يا عتبى الحق بالاعرابى فبشره ان الله قد غفر له

''ഉത്ത്ബിയിൽനിന്നു നിവേദനം: അദ്ദേഹം പറയുന്നു: ഞാൻ നബി(സ)യുടെ ഖബറിനടുത്ത് ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു 'അഅ്റാബീ' വന്നുപറഞ്ഞു: അല്ലാഹുവിൻെറ റസൂലേ, അല്ലാഹുവിൻെറ രക്ഷ അങ്ങയ്ക്കുണ്ടാകട്ടെ. അല്ലാഹു ഇങ്ങനെ പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്. തങ്ങളോടുതന്നെ സ്വയം അക്രമം പ്രവർത്തിച്ചവർ താങ്കളെ സമീപിക്കുകയും പാപമോചനത്തിനായി അല്ലാഹുവോട് അപേക്ഷിക്കുകയും, അവർക്കുവേണ്ടി റസൂലും പാപമോചനത്തിനാവശ്യപ്പെടുകയും ആണെങ്കിൽ പാപം പൊറുക്കുന്നവനും കൃപാലുവുമായി അല്ലാഹുവിനെ അവർ കണ്ടെത്തുന്നതാകുന്നു.— എൻെറ പാപം പൊറുത്തുതരുവാൻ അപേക്ഷിച്ചുകൊണ്ടും, എൻെറ രക്ഷിതാവിലേക്ക് ശുപാർശ ചെ

യ്യാൻ അങ്ങയോടാവശ്യപ്പെട്ടുകൊണ്ടും ഞാനിതാ അങ്ങ യുടെ അടുക്കൽ വന്നിരിക്കുന്നു, തുടർന്നു അദ്ദേഹം ഒരു കവിതാശകലം പാടി. "ഈ നിരന്ന, ശാന്തമായ സ്ഥലത്ത് അസ്ഥികാം മറവ് ചെയ്യപ്പെട്ടവരിൽ അത്യു ന്നതരെ; അവയുടെ പരിമളത്താൽ ഈ സമതലങ്ങളും കുന്നുകളും സുഗന്ധിതമായിരിക്കുന്നു; അങ്ങു അതി വസിക്കുന്നു ഈ ഖബറിടത്തിന്ന് വേണ്ടി എന്റെ ശരീരം തെണ്ടമാകുന്നു. അതിൽ പവിത്രതയുണ്ട്; ഔദാര്യവും മാന്യതയുമുണ്ട്'' അനന്തരം, അഅ്റാബി സ്ഥലം വിട്ടു. അപ്പോാൾ എനിക്കുറക്കം വന്നു; ഉറക്കത്തിൽ ഞാൻ നബി (സ) യെ സ്വപ്നം കണ്ടു. അവിടുന്നു പറഞ്ഞു: 'ഉത്ബീ, നീ ആ ഗ്രാമീണനെ സമീപിച്ചു, അല്ലാഹു അദ്ദേഹത്തിന്ന് എല്ലാം പൊറുത്തുകൊടുത്തു എന്ന സന്തോഷവാർത്ത അറിയിക്കൂ!'' അഅ്റാബീ സംഭവവുമായി ബന്ധപ്പെട്ട പല റിപ്പോർട്ടുകളിൽ രണ്ടെണ്ണമാണ് ഇവ. ഇതിൽ ആദ്യത്തേതൊഴിച്ചുള്ള മററു റിപ്പോർട്ടുകളിലൊന്നിനും ഒരു സനദോ (നിവേ ദനപരമ്പര) അടിസ്ഥാനമോ ഇല്ല. അതുകൊണ്ടു, അവ പരിഗണിക്കാനർഹവുമാകുന്നില്ല. ദുർബ്ബലമെ ങ്കിലും ഒരു സനദിലൂടെ വന്ന ആദ്യ റിപ്പോർട്ടിനെക്കു റിച്ചുമാത്രം ഇവിടെ ചർച്ച ചെയ്യാം.

'സനദു'ള്ളതും ഇല്ലാത്തതുമായി ഈ സംഭവം ഉദ്ധ രിച്ചു വന്ന എല്ലാ റിപ്പോർട്ടുകളിലും സൂറത്തു-ന്നിസാ ഇലെ 64ാം സൂക്തത്തിന്റെ അവസാനഭാഗം പരാമർ ശിച്ചു കാണുന്നു. അതിനാൽ, പ്രസ്തുത ഭാഗം മുഴു വനും ഉദ്ധരിച്ചു ചർച്ചയിലേക്ക് നീങ്ങുന്നതായിരിക്കും കൂടുതൽ ഫലപ്രദം.

وَمَا أَرْسَلْنَا مِنْ رَسُولٍ إِلَّا لِيُطَاعَ بِإِذْنِ اللهِ وَلَوْ أَنَّهُمْ إِذْ ظَلَمُوا أَنْفُسَهُمْ جَاؤُوكَ فَاسْتَغْفَرُوا اللهَ وَاسْتَغْفَرَ لَهُمُ الرَّسُولُ لَوَجَدُوا اللهَ تَوَّابًا رَحِيمًا ۝ — ٤-٦٢

'അല്ലാഹുവിൻെറ അനുവാദപ്രകാരം അനുസരിക്കപ്പെടുവാൻ വേണ്ടിയല്ലാതെ ഒരു പ്രവാചകനേയും നാം നിയോഗിച്ചിട്ടില്ല. സ്വന്തം ശരീരങ്ങളോടുതന്നെ അക്രമം പ്രവർത്തിച്ചവർ നിന്നെ സമീപിക്കുകയും അനന്തരം അല്ലാഹുവോടു മാപ്പിന്നപേക്ഷിക്കുകയും അവർക്ക് വേണ്ടി പ്രവാചകനും മാപ്പിന്നപേക്ഷിക്കുകയും ചെയ്താൽ, പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമായി അല്ലാഹുവിനെ അവർ കണ്ടെത്തുന്നതാണ്".

അർത്ഥത്തിലും ആശയത്തിലും പരസ്പര ബന്ധമുള്ള ഖുർആൻ സൂക്തത്തിൻെറ ആദ്യഭാഗം ഒഴിവാക്കുകയും, അവസാനഭാഗം മാത്രം ഉദ്ധരിക്കുകയുമാണ് ഈ എല്ലാ റിപ്പോർട്ടിലും ചെയ്തു കാണുന്നത്. കഥ കെട്ടിച്ചമക്കുന്നതിനു ആദ്യ ഭാഗം തടസ്ഥമാണെന്ന് കണ്ടതിനാലാവണം ബോധപൂർവ്വം ആ ഭാഗം ഒഴിച്ചു നിർത്താൻ ഒരുമ്പെട്ടിരിക്കുന്നതും.

നബി (സ)ൻെറ തീരുമാനം, തങ്ങളെ സംബന്ധിച്ചേടത്തോളം നഷ്ടകരമാണെന്ന് മനസ്സിലാക്കിയ ചില കപട വിശ്വാസികൾ ആ തീരുമാനം അവഗണിച്ച്, വിധി ആവശ്യപ്പെട്ടുകൊണ്ട് ഒരു 'താഗൂ'ത്തിനെ സമീപിച്ച സംഭവമാണ് ഈ സൂക്തത്തിൻെറ അവതരണ

പശ്ചാത്തലം. അല്ലാഹുവിന്റെ പ്രവാചകനെ അനുസരിക്കാതിരിക്കുക, അവിടുത്തെ തീരുമാനം ധിക്കരിക്കുക, മാത്രമല്ല; അതിന്നെതിരായി താഗൂത്തിന്റെ വിധി ആവശ്യപ്പെടുകയും അതു സ്വീകരിക്കാൻ സന്നദ്ധരാവുകയും ചെയ്യുക, അങ്ങിനെ അല്ലാഹുവിന്റെ മുമ്പിൽ മഹാ പാപിയായിത്തീരുകയും ചെയ്യുക, ഇങ്ങനെയെല്ലാം സംഭവിച്ചതിന്റെ പരിഹാരവും പ്രായശ്ചിത്തവുമായിട്ടാണ് ഈ സൂക്തത്തിൽ ചില മാർഗങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത്. ബോധപൂർവ്വം നബി (സ)നെ അവഗണിച്ചതിന്ന അവർ ആദ്യം തിരുമേനിയെ സമീപിച്ചു ക്ഷമാപണം നടത്തുക. മേലിൽ അവിടുത്തെ തീരുമാനം അനുസരിക്കുവാൻ സന്നദ്ധത കാണിക്കുക; അനന്തരം നബി (സ)യെ ധിക്കരിച്ചതു, അല്ലാഹുവിനെ ധിക്കരിച്ചതുകൂടിയായതു കൊണ്ടു അല്ലാഹുവിനോട് അവരും, അവർക്കുവേണ്ടി നബി (സ)യും പാപമോചനം തേടുക. ഇങ്ങനെയെല്ലാം ആയിത്തീർന്നാൽ അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കാൻ സാധ്യതയുണ്ടെന്നാണ് ഈ വചനത്തിൽ അല്ലാഹു വിവരിക്കുന്നത്. നബി [സ] ജീവിച്ചിരിക്കുമ്പോൾ, അവിടത്തെ ധിക്കരിച്ചതിന്റെ പരിഹാരമായാണ് നബി [സ]യെ സമീപിക്കണമെന്ന നിബന്ധന നിശ്ചയിക്കപ്പെട്ടത്. തിരുമേനിയുടെ മനസമാധാനത്തിന്നും മേലിൽ അത്തരമൊരു ധിക്കാരം ആരിൽ നിന്നുമുണ്ടാകാതിരിക്കാനും ഈ നിബന്ധന കാരണമായിത്തീരുന്നു. എന്നാൽ, നബി [സ]യുടെ വിയോഗശേഷം, അവിടുത്തെ കൽപന നേരിട്ടു നിഷേധിക്കുകയെന്നതു സംഭവിക്കുന്ന കാര്യമല്ല. അതിനാൽ, നബി (സ)യെ നേരിൽ സമീപിച്ചു മാപ്പു പറയുകയെന്ന പ്രശ്നവും ഉത്ഭവിക്കുന്നില്ല. പ്രധാനപ്പെട്ട ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളും

പൂർവ്വകാല പണ്ഡിതൻമാരുടെ വിശദീകരണങ്ങളു മെല്ലാം ഈ നിലക്കാണ് പ്രസ്തുത ആയത്ത് വ്യാഖ്യാ നിച്ചതുമെന്നുകാണാം.

ഇനി, എല്ലാതരം പാപമോചനത്തിൻെറയും മാർ ഗ്ഗം ആദ്യം നബി (സ) നെ സമീപിക്കുക; എന്നിട്ട് തെററുകൾ നബിയോട് പറയുക. നബി (സ) യുടെ വിയോഗത്തിന്ന് ശേഷം അവിടുത്തെ ഖബറിങ്കൾ ചെ ന്ന് വീഴുകയും മണ്ണുവാരി തലയിലിടുകയുമൊക്കെ ചെയ്യുക, അനന്തരം, അല്ലാഹുവോട് പ്രാർത്ഥി ക്കുക........ഇതൊക്കെയാണെങ്കിൽ, ആ മാർഗ്ഗം ഏക ദേശം ക്രിസ്ത്യാനികളുടെ 'കുമ്പസാര' ത്തിൻെറതു പോലെയായി മാറുന്നു. പാതിരിയോടും പോപ്പിനോ ടുമെന്നപോലെ, നബി (സ) യോട് കുററമേററു പറഞ്ഞു മോക്ഷത്തിന്നപേക്ഷിക്കുക. ഒരു വ്യത്യാസംകൂടി യുണ്ട്; ക്രിസ്ത്യാനികൾ ജീവിച്ചിരിക്കുന്ന പാതിരി മാരേയും പോപ്പമാരേയുമാണ് സമീപിക്കുന്നതെങ്കിൽ, ഇവിടെ, നബി (സ) യുടെ ഖബറിടത്തെയാണ് സമീ പിക്കുന്നത്!

യഥാർത്ഥത്തിൽ ഖുർആനിലോ ഹദീസുകളിലോ, പൂർവ്വകാല പണ്ഡിതൻമാരുടെ ഗ്രന്ഥങ്ങളിലോ നിർദ്ദേശിക്കപ്പെടാത്ത, പാപമോചനത്തിന്നുവേണ്ടിയുള്ള ഈ കൃത്രിമമാർഗ്ഗം മുസ്ലിം സമുദായത്തെ കുറെ യേറെ സ്വാധീനിച്ചിട്ടുണ്ടെന്ന് സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. നബി (സ) യുടെ അനുചരൻമാരി ലോ, താബിഉകളിലോ, സലഫുകളിലോ, ഒരാൾപോ ലും പാപമോചനത്തിനായി നബി (സ) യുടെ ഖബറി ടം സമീപിച്ചതായി തെളിയിക്കപ്പെട്ടിട്ടില്ല. മുൻ സൂ ക്തത്തിൻെറ താൽപ്പര്യം അതായിരുന്നുവെങ്കിൽ, തീർ

ച്ചയായും അത്തരം ഒരുപാട് സംഭവങ്ങൾ വളരെ വ്യ ക്തമായിതന്നെ റിപ്പോർട്ട് ചെയ്തു കാണുമായിരുന്നു. മാത്രമല്ല നബി (സ) യുടെ ഖബറിടം സന്ദർശിക്കൽ ഒരു നിർബന്ധകാര്യമായിത്തീരുകയും ചെയ്യുമായി രുന്നു. പക്ഷെ, ഇന്നു മുസ്ലിംകളിൽ പലരും ഹജ്ജ് കർമ്മം നിർവ്വഹിക്കാൻ പോകുന്നതുകൂടി നബി (സ)യുടെ ഖബറിടത്തിൽ ചെന്നു പാപമോചനം നേടാ നാണെന്നു വരുമ്പോൾ, ഇടത്തേട്ടവാദികൾ ഖുർആൻ വാക്യം ദുർവ്യാഖ്യാനം ചെയ്യുന്നതിലും, മേലുദ്ധരിച്ച തരത്തിലുള്ള കള്ളക്കഥകൾ പ്രചരിപ്പിക്കുന്നതിലും വി ജയിക്കുന്നുണ്ടെന്നതിൽ സംശയമില്ല.

ഈ കഥയുടെ ഉള്ളടക്കത്തിൽ ധാരാളം അപാകതകളും അസ്വാഭാവികതകളും പ്രത്യക്ഷത്തിൽ തന്നെ കാണാം.

1. നബി (സ)യുടെ മൃതശരീരം മറവു ചെയ്തി രിക്കുന്നത് ആയിശ (റ)യുടെ വീട്ടിന്റെ മുറിയിലാണ്. ആയിശ (റ) താമസിക്കുന്ന വീട്ടിന്റെ മുറിയിൽ അവ രുടെ അറിവും അനുവാദവുമില്ലാതെ എവിടെ നിന്നോ വന്ന ഒരു 'അഅ്റാബി' യഥേഷ്ടം കടന്നു വരികയും മണ്ണു വാരുകയും തലയിലിടുകയുമൊക്കെ ചെയ് തുവെന്ന് ധരിക്കാൻ ഒരു സാമാന്യ ബുദ്ധിക്കു പോലും സാധ്യമല്ല. ആയിശ (റ)യുടെ അനുവാദ ത്തിന്റെ കാര്യം ഇരിക്കട്ടെ. അവർ ഈ സംഭവം അറി ഞ്ഞതുപോലും ഇതു സംബന്ധിച്ചു വന്ന ഒരു റിപ്പോർ ട്ടിലും ഉദ്ധരിക്കപ്പെട്ടുകാണുന്നില്ല.)

2. മഹാത്മാക്കളുടെ ഖബറുകൾ കെട്ടിപ്പൊക്കുക; അവിടെ പ്രാർത്ഥനകളും നേർച്ചകളും നടത്തുക-തുട

ങ്ങിയ ആരാധനാംശങ്ങൾ കലർന്ന കർമ്മങ്ങൾ അനുഷ്ഠിച്ചു തുടങ്ങിയ കാലഘട്ടത്തിലാണ് (ഹിജ്റാബ്ദം മൂന്നൂറിനു ശേഷം) ഈ കഥ രചിക്കപ്പെട്ടതെന്നു കാണാൻ കഴിയുന്നു.

3. മൂന്നാം നൂററാണ്ടുവരെയും ഖബറിടങ്ങളിൽ ചെന്ന് കുററമേററു പറയുകയും സങ്കടം ബോധിപ്പിക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായം മുസ്ലിംകൾക്കിടയിൽ അറിയപ്പെടുകയോ നടപ്പിൽ വരികയോ ചെയ്തിരുന്നില്ല. പക്ഷേ, ഈ കഥയിൽ വിവരിക്കുന്നതു, നബി (സ) യുടെ ഖബറിടത്തിൽ വെച്ചു 'അഅ്റാബി' കാണിച്ച പേക്കൂത്തുകളൊക്കെ അലി (റ) നോക്കിനില്ക്കുകയും അതിനു മൗനാനുവാദം നൽകുകയും ചെയ്തിരുന്നുവെന്നാണ്. മാത്രമല്ല; ഖുർആൻ ആയത്ത് ഉദ്ധരിച്ചു, അതിൻെറ തെററായ വ്യാഖ്യാന പ്രകാരമുള്ള അഅ്റബിയുടെ കോപ്രാട്ടികളെ സഹാബികളാരും ചോദ്യം ചെയ്തില്ലെന്നും!

4. അഅ്റാബിയുടെ ദോഷം പൊറുക്കപ്പെട്ട വിവരം ഖബറിൽ നിന്നുള്ള വിളിപ്പാടു മൂലമാണുണ്ടായതെന്നു ഒന്നാമത്തെ റിപ്പോർട്ടിലും സ്വപ്നം വഴിയാണെന്നു ഉത്ബിയിൽ നിന്നുള്ള രണ്ടാമത്തെ റിപ്പോർട്ടിലും പറയുന്നു. സ്വപ്നവും അശരീരിയും ഇസ്ലാമിൽ തെളിവല്ലെന്ന്, ഇടതേട്ടവാദികളുടെ ബഹുമാനപ്പെട്ട നേതാവായ ശൈഖ് സൈനീ ദഹ്ലാൻ പോലും വ്യക്തമാക്കിയതാണ്. വഹാബികൾക്കെതിരിൽ ദഹ്ലാനെഴുതിയ الدرر السنية എന്ന ഗ്രന്ഥത്തിൽ പറയുന്നു.

وليس الاســتدلال بالرّأيا للنّبى صلى الله عليه وسلم فانّ رأياه وان كانت حقا لا تثبت بها الاحكام (ص - ٩) وليس محل الاستدلال الرّأيا فانها لا تثبت بها الاحكام لا حتمال حصول الا شباه على الرّأى — ص - ٢١

നബി(സ)യെ സ്വപ്നത്തിൽ കണ്ടു എന്നതു സത്യം തന്നെയാണെന്നിരുന്നാലും തെളിവിന്നു കൊള്ളുകയില്ല എന്തുകൊണ്ടെന്നാൽ, സ്വപ്നം കണ്ടവനു അങ്ങനെ ചില തോന്നലുണ്ടാകുവാനും സാധ്യതയുണ്ടല്ലോ? (പേജ്. 9, 21). അപ്പോഴം, ആരെങ്കിലും കണ്ടുവെന്നു പറയുന്ന ഒരു സ്വപ്നമോ, കേട്ടു എന്ന് പറയുന്ന അശരീരിയോ അടിസ്ഥാനമാക്കി ഖബറാളികളോടു പാപമോചനത്തിന്നായി പ്രാർത്ഥിക്കുന്നതും, സങ്കടം നിവൃത്തിച്ചു കിട്ടാൻ വേണ്ടി അപേക്ഷിക്കുന്നതും ന്യായീകരിക്കാൻ നടത്തുന്ന ശ്രമവും അതിന്റെ പിന്നിലുള്ള ഉദ്ദേശവും ആർക്കും മനസ്സിലാക്കാവുന്നതാകുന്നു.

5. ഈ കള്ളക്കഥയിലെ സ്വപ്നദർശകനായ 'ഉത്ത്ബി' ഹിജ്റ: നൂററമ്പതിനു ശേഷമാണ് ജീവിച്ചിരുന്നതെന്നു കാണുന്നു. അദ്ദേഹത്തിന്റെ മരണം ഇരുനൂററി ഇരുപതിലാണെന്നു 'ഇബ്നു ഖലിക്കാ'ന്റെ വഫയാത്തിൽ അഅ്യാൻ(وفيات الاعيان) ഒന്നാം വാള്യം 522,23 പേജുകളിലും, അശ്ശൈഖ് സുബ്ക്കീ (الشيخ السبكى) യുടെ 'ശിഫാഉ'സ്സഖാമിലും(شفاء السقام) പ്രസ്താവിക്കുന്നു. അപ്പോഴം ഒരു സഹാബിയെപ്പോലും കാണാനിട

യില്ലാത്ത 'ഉത്ത്ബീ' എങ്ങനെനബി (സ) വഫാത്തായ മൂന്നാംദിവസം അവിടുത്തെ ഖബർ സന്ദർശിച്ചു അഅ് റാബിയടെ കോപ്പിരാട്ടികാം കാണുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യും? ഇനി ഇവിടെ മൂന്നാമത്തെ ഒരു റിപ്പോർട്ടിനെ സംബന്ധിച്ചു പറയാറുണ്ട്. അത് അബൂമുഹമ്മദ്

ഹസനുസ്സഅഫറാനിയടേതാണ്. (ابو محمد حسن عفرانی) സഅഫറാനിയുടെ റിപ്പോർട്ടു വെച്ചു നോക്കിയാലും ഇടതേട്ടക്കാർക്കു രക്ഷയുണ്ടാകുകയില്ല കാരണം ഹിജ്റാബ്ദം 249ലാണ് അദ്ദേഹം മരണപ്പെട്ടതെന്നാണ് ചരിത്രകാരൻമാരുടെ നിഗമനം. അപ്പോാം, 'അഅ് റാബി'യുടെ കോമാളിക്കളി കാണാൻ 'സഅഫറാനിക്കം' ഭാഗ്യം സിദ്ധിച്ചിരിക്കയില്ല-തീർച്ച. എങ്കിൽ, ആരിൽ നിന്നാണവർ ഈ സംഭവം റിപ്പോർട്ട ചെയ്തത്? രണ്ടു പരമ്പരയിലും അതു വ്യക്തമാക്കുന്നുമില്ല ആകയാൽ, ഈ കഥ കള്ളമാണെന്നും, ഇടതേട്ട വാദികളിലാരോ ബോധപൂർവ്വം ഇടക്കാലത്ത് കെട്ടിച്ചമച്ചുണ്ടാക്കിയതാണെന്നും സ്വയം വ്യക്തമാകുന്നു.

ഇത്രയും, ഉള്ളടക്കത്തെക്കുറിച്ചുള്ള വിശകലനമാണ് ഇനി സനദിനെ കുറിച്ചാണെങ്കിൽ, ഇതു സംബന്ധിച്ചു വന്ന അധിക റിപ്പോർട്ടുകാംക്കും ഒരു സനദുമില്ലതാനും. ഒന്നാം റിപ്പോർട്ടിന് മാത്രമാണ് ഒരു സനദുള്ളത്. അതതക്കുറിച്ചുള്ള ഹദീസ് ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായം കൂടി ഇവിടെ ഉദ്ധരിക്കാം.

അശ്ശൈഖ് ഇബ്നുൽ ഹാദീ 'അസ്സാരിമുൽ മുൻകി' യിൽ പറയുന്നു:

انّ هذا خبر منكر موضوع وأثر مختلف مصنوع لا يصلح

الاعتماد عليه ولا يحسن المصير اليه واسناده ظلمات بعضها فوق بعض ...

'അവലംബിക്കാനോ അടിസ്ഥാനമാക്കാനോ കൊള്ളാത്ത നിർമ്മിതവും കള്ളവുമായ ഒരു റിപ്പോർട്ടാണിത്. അതിന്റെ സനദ് (നിവേദന പരമ്പര) ഉടനീളം അന്ധകാരമയമാണ്. കെട്ടിച്ചമച്ചുണ്ടാക്കിയ കള്ളക്കഥയുമാണിത്.......'

അലി (റ) വിൽനിന്നു നേരിൽ കേട്ടതായി ഉദ്ധരിക്കുന്ന അബൂസ്വാലിഹിന്നു, അലി (റ) വിൽനിന്നു കേൾക്കാൻ സാദ്ധ്യതയില്ലെന്നാണ് ഹദീസു പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നത്. അങ്ങനെ വരുമ്പോൾ ഇടക്ക് വിട്ടുപോയ ആൾ ആരാണെന്നറിയാത്തതുകൊണ്ടു ഇതു സ്വീകരിക്കാൻ പററാത്ത ഒരു പരമ്പരയായിത്തീരുന്നു. പരമ്പരയിലെ മററൊരു വ്യക്തി 'ഹൈസമുത്ത്വാഇ' (الهيثم الطائى) യാണ്. അദ്ദേഹം വിശ്വസിക്കാൻ കൊള്ളാത്തവനും നുണ പറയുന്നവനും കെട്ടുകഥകൾ ചമച്ചുണ്ടാക്കുന്നവനുമാണെന്നും ഹദീസു പണ്ഡിതൻമാർ പ്രസ്താവിക്കുന്നു. അബ്ബാസുദ്ദൗരീ, അബൂദാവൂദ്, അബൂഹാത്തമിർറാസീ, നസാഈ, സഅദീ, അബൂസുർഅത്ത്, ബുഖാരി(റ).... തുടങ്ങിയ ഹദീസു പണ്ഡിതൻമാരെല്ലാം ഇതേ അഭിപ്രായക്കാരാണ്

قال البخارى : ليس بثقة كان يكذب قال النسائى وغيره

متروك الحديث ٠ ( ميزان )

മററൊരു റിപ്പോർട്ടർ

'മുഹമ്മദുബ്നുൽ ഹൈസമാണ്. (محمد بن الهيثم) ഹദീസു പണ്ഡിതൻമാർക്കിടയിൽ അറിയപ്പെടാത്ത ഒരജ്ഞാതനാണിദ്ദേഹം. അഹമ്മദുബ്നു മുഹമ്മദെന്ന ഇതിലെ മററൊരു റിപ്പോർട്ടറും അറിയപ്പെടാത്ത ഏതോ ഒരു മനുഷ്യനാണത്രെ! അപ്പോഠം ഒരു സനദെങ്കിലുമുണ്ടെന്നു പറയാവുന്ന ഈ ഹദീസ് ഒരു സനദുമില്ലാത്ത മററു ഹദീസുകളേക്കാരം തരംതാണുപോയിരിക്കയാണ്.

## മററൊരു സ്വപ്നത്തിൻെറ കഥ

സ്വപ്നം, ഇസ്ലാമിൽ തെളിവല്ലെന്നു സ്ഥാപിച്ച അശ്ശൈഖ് സൈനീദഹ്ലാൻ, അതേ പുസ്തകത്തിൽ (അദ്ദുററുസ്സുന്നിയ്യ:) തന്നെ സ്വപ്നം തെളിവായുദ്ധരിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ തവസ്സുലും (ഇടതേട്ടം) ഇസ്തിഗാസയും (അല്ലാഹു അല്ലാത്തവരെ നേരിൽ വിളിച്ചു പ്രാർത്ഥിക്കൽ) അനുവദനീയമാണെന്നു പ്രസ്താവിക്കുകയും ചെയ്യുന്നു. (അദ്ദുററുസ്സുന്നിയ്യ: പേജ്. 9) അശ്ശൈഖ് ദഹ്ലാനദ്ധരിച്ച ഈ സ്വപ്നകഥ, അനുയായികളും വലിയ കാര്യമായി തന്നെ എടുത്തു പ്രസ്താവിക്കുന്നു. കഥക്ക് നൽകിയ തലവാചകം തന്നെ തവസ്സുലിന്നും ഇസ്തിഗാസക്കും ശുപാർശകരെ നിശ്ചയിക്കുന്നതിന്നുമെല്ലാം തെളിവാണു അതെന്ന നിലക്കാണ്. ആ തലവാചകം ഇങ്ങിനെയാണ്.

(وهو من باب التوسل والتشفع والاستغاثة به صلى الله عليه
وسلم — ص - ٩

കഥ ഇങ്ങനെയാണ്.

نقلا من كتاب حجة الله على العالمين من معجزات سيد المرسلين للشيخ يوسف بن اسمعيل النبهانى قال السمهودى فى خلاصة الوفاء روى البيهقى و ابن شيبة بسند صحيح عن مالك الدار وكان خازن عمر رضى الله عنه: اصاب الناس قحط فى زمن عمر بن الخطاب رضى الله عنه فجاء رجل الى قبر النبى صلى الله عليه وسلم فقال يا رسول الله استسق لامتك فانهم قد هلكوا فاتاه رسول الله فى المنام فقال ائت عمر فاقرأه السلام واخبره انهم مسقون وقل له عليك الكيس الكيس فاتى الرجل عمر فاخبره فبكى عمر رضى الله عنه ثم قال يا رب ما آلو الا ما عجزت عنه قال الحافظ فى فتح البارى ٤٩٦ - ٢ روى ابن شيبة باسناد صحيح من رواية صالح السمان عن مالك الدار وكان خازن عمر رضى الله عنه

'ഉമർ (റ)വിൻെറ ഭരണകാലം. ജനങ്ങൾക്ക് കഷ്ടാമം നേരിട്ടു. അപ്പോൾ, ഒരാൾ നബി (സ)യുടെ ഖബറിടത്തിൽ ചെന്നു പറഞ്ഞു. അല്ലാഹുവിൻെറ റസൂലേ, നിങ്ങളുടെ സമുദായത്തിന് വേണ്ടി മഴക്ക് പ്രാർത്ഥിക്കുക. തീർച്ചയായും അവർ നാശത്തിൽ അകപ്പെട്ടിരിക്കുന്നു.

അങ്ങനെ, നബി (സ) സ്വപ്നത്തിൽ അദ്ദേഹത്തെ സമീപിച്ചു പറഞ്ഞു, നീ ഉമറിന്റെ അടുക്കൽ ചെന്ന് എന്റെ സലാം അറിയിക്കുകയും, അവർക്ക് മഴ ലഭിക്കുമെന്ന് പറയുകയും ചെയ്യുക, തന്റേടത്തോടെ വർത്തിക്കണമെന്നും ഉമറിനെ ഉണർത്തുക: തുടർന്ന് അയാൾ ഉമറിനെ സമീപിക്കുകയും വിവരങ്ങളെല്ലാം പറയുകയും ചെയ്തു. ഇതു കേട്ട് ഉമർ പൊട്ടിക്കരഞ്ഞു അല്ലാഹുവെ, എന്റെ കഴിവിൽപ്പെടാത്ത കാര്യങ്ങളിലല്ലാതെ ഒരു വീഴ്ചയും 'ഞാൻ വരുത്തിയിട്ടില്ല'.

ആശയപരമായി, ഈ കഥ എത്രത്തോളം ഇസ്ലാമുമായി നിരക്കുമെന്നാണ് ഒന്നാമതായി നമുക്ക് പഠിക്കാനുള്ളത്. മഴക്ക് വേണ്ടി നബി (സ)യുടെ ഖബറിടത്തിൽ ചെന്ന് ആവലാതിപ്പെട്ടു എന്നതാണ് ഈ കഥയിലെ പ്രധാന പ്രതിപാദ്യം. ഇതു തന്നെ പരിശുദ്ധ ഖുർആനിന്റെ തത്വങ്ങൾക്കും നബി [സ]യുടെ ചര്യക്കും സ്വഹാബത്തിന്റേയും താബിഉകളുടെയും സമ്പ്രദായങ്ങൾക്കും ഒട്ടും യോജിക്കാത്തതാണ്. 'സൂറത്തു നൂഹി'ൽ അല്ലാഹു പറയുന്നു.

فَقُلْتُ اسْتَغْفِرُوا رَبَّكُمْ إِنَّهُ كَانَ غَفَّارًا.
يُرْسِلِ السَّمَاءَ عَلَيْكُمْ مِدْرَارًا وَيُمْدِدْكُمْ
بِأَمْوَالٍ وَبَنِينَ وَيَجْعَلْ لَكُمْ أَنْهَارًا (١٠،١١،١٢)

'അപ്പോൾ നൂഹ്നബി (അ) പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോടു പാപമോചനം തേടുവിൻ. തീർച്ചയായും അവൻ വളരെ പൊറുക്കുന്നവനാകുന്നു. അപ്പോൾ, അവൻ നിങ്ങൾക്ക് ആകാശത്തു നിന്ന്

സമൃദ്ധിയായി മഴ വർഷിപ്പിച്ചു തരും; സ്വത്തുക്കളും സന്താനങ്ങളും വർദ്ധിപ്പിച്ചു നിങ്ങളെയവൻ സഹായിക്കും; തോട്ടങ്ങൾ ഉൽപാദിപ്പിക്കുകയും നദികൾ ഒഴുക്കിത്തരികയും ചെയ്യും.

1. ക്ഷാമത്തിൽനിന്നു നിവാരണം ലഭിക്കാനും മഴ വർഷിച്ചു കിട്ടാനും അല്ലാഹുവോടു പ്രാർത്ഥിക്കുകയാണ് വേണ്ടതെന്ന് നൂഹ് നബി (അ) ന്റെ ഈ പ്രസ്താവനയിലൂടെ അല്ലാഹു പഠിപ്പിക്കുന്നു. അല്ലാഹുവോടുള്ള പ്രാർത്ഥന തന്നേയാണ് മഴ സിദ്ധിക്ക് മുഹമ്മദ് നബി (സ) യും തന്റെ അനുയായികൾക്ക് നിർദ്ദേശിച്ച മാർഗ്ഗം. അതിനുവേണ്ടി ഒരു പ്രത്യേക നമസ്കാരം തന്നെ നബി (സ) സുന്നത്താക്കി കല്പിച്ചു. നബി (സ) ക്ക് ശേഷം ജല ക്ഷാമം നേരിട്ടപ്പോൾ, അതേ മാതൃക തന്നെ സ്വഹാബത്തും സ്വീകരിച്ചു. (അബ്ബാസുബ്നു അബ്ദിൽ മുത്തലിബിനെകൊണ്ട് ഉമർ (റ) മഴക്ക് പ്രാർത്ഥിപ്പിച്ച സംഭവം ഇതിൽതന്നെ മുമ്പു വന്നതാണ്.) ആകയാൽ, പ്രവാചകൻമാരോ, അവരെ മാതൃകയാക്കി ജീവിച്ച അനുയായികളോ ആരുംതന്നെ മഴ ക്ഷാമം പരിഹരിക്കാൻ ആരുടെയെങ്കിലും ഖബ്റിടത്തിൽ ചെന്ന് ആവലാതിപ്പെടുകയുണ്ടായില്ല. അതുകൊണ്ടുതന്നെ, ഈ കഥ ഖുർആനിന്നും നബിചര്യക്കും സ്വഹാബത്തിന്റെ മാതൃകക്കും എതിരാണെന്ന് വരുന്നു! ഈ ഒററ കാരണംകൊണ്ട്തന്നെ അതു തള്ളപ്പെടേണ്ടതാണെന്നും സിദ്ധിക്കുന്നു!

2. നബി (സ) യുടെ ഖബ്റിടത്തിൽ ചെന്നു ആവലാതിപ്പെട്ടുവെന്നു പറയുന്ന ആ ‘ഒരാൾ’ ആരാണെന്നുപോലും അറിയപ്പെടുന്നില്ല. നാടും പേരും

കാലവും ആർക്കും അറിയില്ല. എല്ലാ അർത്ഥത്തിലും 'കേവലം അജ്ഞാതൻ' مجهول എന്നാൽ, എല്ലാവർക്കും അറിയാവുന്ന സർവ്വാംഗീകൃതനായ ഒരു സ്വഹാബിയുടെ സ്വപ്നംപോലും ഇസ്ലാമിൽ ഒരു വിധി സ്ഥാപിക്കാനോ നിഷേധിക്കാനോ തെളിവായി സ്വീകരിക്കപ്പെടാവതല്ല എന്ന കാര്യത്തിൽ മുസ്ലിം പണ്ഡിതൻമാർ മുഴുവൻ-ഇടത്തേട്ട സംരക്ഷകനായ ശൈഖ് ദഹ്ലാൻപോലും ഐക്യകണ്ഠേന അഭിപ്രായപ്പെടുന്നു. എന്നിരിക്കെ, ആരുമാകാവുന്ന ഏതോ ഒരജ്ഞാതന്റെ സ്വപ്നം ഇടത്തേട്ടത്തിന്നു തെളിവായുദ്ധരിക്കുന്നത് എന്തുമാത്രം ബാലിശവും ബലഹീനവുമാണ്!.

പേർഷ്യ, റോം മുതലായ മഹാരാഷ്ട്രങ്ങൾ ഇസ്ലാമിന്നു അധീനമായപ്പോൾ, അതിൽ അരിശം പൂണ്ട ധാരാളം വ്യക്തികളും സംഘങ്ങളും മുസ്ലിംകളുടെ വേഷമണിഞ്ഞു ഇസ്ലാമിന്റെ നാശത്തിന്നും മുസ്ലിംകളുടെ തൗഹീദ് [ഏകദൈവ വിശ്വാസം] ബലഹീനമാക്കിത്തീർക്കുന്നതിനും പ്ലാനിട്ടു പ്രവർത്തിച്ചിട്ടുണ്ട്. ലോകം കണ്ട ഏററവും നീതിമാനായ ഉമർ[റ]ന്റെ വധം തുടങ്ങിയ പലതും ഈ വിഭാഗത്തിന്റെ ചെയ്തികളായിരുന്നുവെന്നു ചരിത്രം രേഖപ്പെടുത്തുന്നു. ഇവിടെ ഈ സ്വപ്നത്തിന്റെ കഥയിൽ ഉമർ [റ]വിന്റെ മേൽ ഒരാരോപണം ഉൾപ്പെടുന്നുണ്ട്. അതായത് 'ഉമർ തൻേറടത്തോടെ വർത്തിക്കണമെന്ന നബി [സ]യുടെ ഉപദേശം, ഉമർ തൻേറടത്തോടെ ഇപ്പോൾ വർത്തിക്കുന്നില്ല' എന്ന ഒരു മറുവശവും ദുസ്സൂചനയും അതു ധ്വനിപ്പിക്കുന്നു. ഇതു, മുസ്ലിംകളെ ഉമർ [റ]വിനെതിരിൽ തിരിച്ചുവിടാനുള്ള ഒരു സൂത്രമാണ്. ജൂതനും കപടവിശ്വാസിയുമായ 'അബ്ദുല്ലാഹിബ്നു സബഇ'ന്റെ നേതൃ

ത്വത്തിൽ രൂപം കൊണ്ടതും പിൽക്കാലത്ത് 'ശിയാ കക്ഷി'യായി രൂപാന്തരപ്പെട്ടതുമായ ഇസ്ലാമിന്റെ ശത്രുക്കളിൽ ഏതോ ഒരു കപടവിശ്വാസിയാണ് സ്വപ്ന ദർശിയായ 'അജ്ഞാതൻ' എന്നു ന്യായമായും അനുമാനിക്കാവുന്നതാണ്. മഴക്ക് വേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ട വന്ന ആളോടു ഉമറിന്റെ തന്റേടമില്ലായ്മയെ കുറിച്ച് നബി [സ] ഉണർത്തിയത് വിഷയവുമായി ഒരു നിലക്കും ബന്ധപ്പെടാതെ നിൽക്കുന്നു. ഇനി, ഉമർ (റ) വിനെ ഉപദേശിക്കലാണ് നബി(സ)യുടെ ഉദ്ദേശമെങ്കിൽ, ഉമറിനോട് നേരിട്ട് തന്നെ സ്വപ്നം വഴി അതുണർത്താമായിരുന്നു-ഒരു മദ്ധ്യവർത്തിയുടെ ആവശ്യം നേരിടുന്നില്ല. ഉപദേശത്തിന്റെ മാർഗ്ഗവുമതല്ല. ഇതെല്ലാം വെച്ചു നോക്കുമ്പോൾ അജ്ഞാതനായ ഈ 'ഒരാളും' അയാൾ കണ്ടുവെന്നവകാശപ്പെടുന്ന 'ദർശന'വും തീർച്ചയായും ഇസ്ലാമിന്റെ ശത്രുക്കളുടെ മസ്തിഷ്കത്തിൽ ഉരുത്തിരിഞ്ഞ 'കള്ളനാടകം' മാത്രമാണ്.

3, ഒരു സ്വഹാബി തന്നെ, നബി (സ)യെ സ്വപ്നം കാണുകയും, നബി [സ] വല്ലതും കൽപിക്കുകയും ചെയ്താൽ, ആ കൽപന അനുസരിക്കാനും നടപ്പിൽ വരുത്താനും പ്രസ്തുത സ്വഹാബി പോലും ബാധ്യസ്ഥനല്ലെന്നാണ് മുസ്ലിം പണ്ഡിതൻമാരുടെ ഏകാഭിപ്രായം. അതു സംബന്ധിച്ചുള്ള ശൈഖ് ദഹ്ലാന്റെ അഭിപ്രായവും നാം ഉദ്ധരിച്ചതാണ്.

5. ആ സ്വപ്നം കണ്ടാൾ ആരാണെന്നറിയാത്തതു കൊണ്ട്, ഈ സംഭവം ഒരു തെളിവായി സ്ഥിരപ്പെടുകയില്ലെന്ന് മനസ്സിലാക്കി, അത് 'ബിലാലുബ്നുൽ ഹാരിസ്'' എന്ന സഹാബിയാണെന്ന് വരുത്തിത്തീർ

ക്കുവാൻ ചിലർ ശ്രമിച്ചിട്ടുണ്ട്. 'സൈഫ്ബ്നു ഉമർ' എന്ന കള്ളക്കഥ റിപ്പോർട്ട് ചെയ്യുന്ന ആളാണ് ആ റിപ്പോർട്ട് ഉദ്ധരിക്കുന്നത്.

وقد روى سيف فى الفتوح ان الذى رأى المنام المذكور هو

بلال بن الحارث المزنى احد الصحابة (فتح البارى ٤٩٦ - ٢)

ഈ സ്വപ്നം കണ്ട ആരം സ്വഹാബികളിൽ ഒരാളായ 'ബിലാലുബ്നുൽ ഹാരിസുൽ മുസ്നി'യാണെന്ന് 'ഫുത്തൂഹ്' എന്ന ഗ്രന്ഥത്തിൽ സൈഫ് ഉദ്ധരിച്ചിരിക്കുന്നു' (ഫത്ഹുൽബാരി 2-496) എന്നാൽ ഈ സൈഫിനെകുറിച്ച് ഹദീസ് പണ്ഡിതൻമാർ രേഖപ്പെടുത്തിയ അഭിപ്രായം 'മീസാനുൽ ഇഅ്ത്തിദാലിൽ' ഇമാം ദഹബീ ഉദ്ധരിക്കുന്നത് ശ്രദ്ധേയമാണ്.

യഹ്‌യ: സൈഫ് ബലഹീനനാണ്. ഒരു പൈസയാണ് അദ്ദേഹത്തേക്കാൾ വിലമതിക്കുന്നത്.

(ضعيف - فلس خير منه)

അബൂദാവൂദ്: പറയപ്പെടാൻ പററാത്ത വ്യക്തയാണ്.

(ليس بشيئ)

അബൂഹാത്തിം: തള്ളപ്പെടേണ്ട ആളാണ് സൈഫു.

(متروك)

ഇബ്നു ഹിബ്ബാൻ: മതനിഷേധിയാണെന്ന് സംശയിക്കപ്പെടുന്ന ആളാണ് സൈഫ്. (أتهم بالزندقة)

ഇബ്നു അദിയ്യ്: അദ്ദേഹത്തിൻെറ അധിക റി പ്പോർട്ടുകളും നിഷേധാർഹമാണ്. (عامة حديثه منكر)

മക്ഹൂൽ: ഹദീസുകൾ കെട്ടിച്ചമക്കുന്ന മത നിഷേധി. ( يضع الحديث وقد اتهم بالزندقة )

ഇങ്ങനെയെല്ലാമാണ് 'സൈഫി'നെകുറിച്ചു ഹദീസ പണ്ഡിതന്മാരുടെ അഭിപ്രായമെങ്കിൽ അദ്ദേഹത്തിൻെറ റിപ്പോർട്ട് എങ്ങനെ സ്വീകാര്യയോഗ്യമാകും? അലി [റ] ആകാശത്തിൽ ജീവിച്ചിരിക്കുകയാണെന്നും, ഒരിക്കൽ ജീവനോടു കൂടി അദ്ദേഹം ദുനിയാവിലേക്ക് തിരിച്ചു വരുമെന്നും വിശ്വസിക്കുന്ന 'റാഫിസീ' കക്ഷിയിൽ പെട്ട 'ജാബിറുൽ ജുഅ്ഫീ'യിൽ നിന്നുപോലും ഹദീസ റിപ്പോർട്ട് ചെയ്യുന്ന വ്യക്തിയെന്ന നിലക്ക് 'സൈഫു' നിവേദനം ചെയ്യുന്ന ഹദീസുകൾ മുഴുവൻ ഹദീസു പണ്ഡിതൻമാരും അവഗണിച്ചു കളയുന്നു.

يروى عن هشام بن عروة وعبيد الله بن عمر وجابر الجعفي
وخلق كثير من المجهولين ، ميزان الاعتدال

'ഹിശാമുബ്നു ഉർവ:, ഉബൈദുല്ലാഹിബ്നു ഉമർ ജാബി റുൽ ജു അഫി തുടങ്ങി അജ്ഞാതമായ ഒരുപാട് ആള കളിൽ നിന്നു അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്, ഇങ്ങിനെയു ള്ള സൈഫിൻെറ റിപ്പോർട്ട് അവലംബമാക്കി ഒരു മത വിധി തീരുമാനിക്കുക എന്നതു എത്ര ബാലിശമാണ്.

ഇനി, അഥവാ പ്രസ്തുത സ്വപ്നം കണ്ട വ്യക്തി സ്വഹാബിയായ ബിലാലുബ്നു ഹാരിസുതന്നെയാ

യിരുന്നുവെന്നും സംഭവം സത്യമയിരുന്നുവെന്നു മൊക്കെ സമ്മതിച്ചാൽ തന്നെയും, അതു ഇസ്ലാമിൽ തെളിവിന്നു സ്വീകരിപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ, ഏതെങ്കിലും സ്വഹാബിയുടെമാത്രം പ്രവൃത്തിയോ അഭിപ്രായമോ ഇസലാമിൽ തെളിവായി സ്വീകരിക്കപ്പെടുകയില്ലെന്നാണ് മുസ്ലിം പണ്ഡിതൻമാരുടെ ഏകോപിച്ച അഭിപ്രായം; എന്നാൽ സ്വഹാബത്തിൻെറ ഏകാഭിപ്രായം (اجماع الصحابة) തെളിവിന്നു സ്വീകരിക്കപ്പെടുകയും ചെയ്യുന്നു. ഇമാം ഗസ്സാലി (റ) തൻെറ 'അൽമുശ്തശ്ഫാ' (المستصفى) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു: 'പിഴവും മറതിയും സംഭവിക്കാവുന്നതും അതു രണ്ടിൽനിന്നും സുരക്ഷിതരാണെന്ന് സ്ഥാപിക്കപ്പെടാത്തതുമായ ആരുടേയും പ്രവർത്തിയോ അഭിപ്രായമോ ഇസ്ലാമിൽ തെളിവായി അംഗീകരിക്കപ്പെടുകയില്ല. [1-138] ഇതേ അഭിപ്രായം തന്നെ جمع الجوامع [ജംഉൽ ജവാമിഅ്]ലും പ്രസ്താവിക്കുന്നു. (2-226] അപ്പോൾ. മേൽപറഞ്ഞ 'സ്വപ്ന സംഭവം' ഒരു സ്വഹാബിയുടെ അഭിപ്രായമാണെന്നു തെളിഞ്ഞാൽതന്നെയും (ഇവിടെ തെളിഞ്ഞിട്ടില്ല) തെളിവിന്നു സ്വീകരിക്കപ്പെടാവതല്ല. പ്രത്യേകിച്ചും, ഖുർആനിന്നും നബിചര്യക്കും സ്വഹാബത്തിൻെറ കൂട്ടായ മാതൃകക്കമെതിരായി വരുന്ന ഇത്തരം സ്വപ്ന ദർശനങ്ങളിലും സംഭവങ്ങളിലും.

ചുരുക്കത്തിൽ, ഏതോ ഒരജ്ഞാത മനുഷ്യൻ കണ്ടുവെന്നു പറയപ്പെടുന്ന 'പേക്കിനാവ്' അടിസ്ഥാനപ്പെടുത്തി, ഇടതേട്ടവും ദൈവേതരൻമാരോടുള്ള സ

ഹായാത്യര്‍ഥനയുമൊക്കെ ന്യായീകരിക്കാനുള്ള ശൈഖ് സൈനീദഹ്ലാന്‍േറയും അനുയായികളുടേയും ശ്രമം അങ്ങേയററം പരിഹാസ്യമാണ്.

## സമാപനം

തവസ്സുല്‍ എന്ന അറബിപദത്തിന്‍െറ ഭാഷാപരമായ അര്‍ത്ഥത്തില്‍ നിന്നാരംഭിച്ചു ഇസ്ലാമില്‍ അതിനു കല്‍പ്പിക്കപ്പെട്ട സ്ഥാനങ്ങളും പദവികളും യഥാര്‍ത്ഥ വിവക്ഷയും വരെയുള്ള എല്ലാ കാര്യങ്ങളും പ്രമാണങ്ങളുദ്ധരിച്ചുകൊണ്ടു നടത്തിയ ഈ പഠനത്തില്‍ അതിനനുകൂലമായി തല്‍പര കക്ഷികളുദ്ധരിക്കുന്ന തെളിവുകളെക്കുറിച്ചും അവയുടെ ബാലിശതകളെക്കുറിച്ചും നാം വിവരിക്കുകയുണ്ടായി. ഈ വിഷയകമായി ഇനിയും വല്ലതും അവശേഷിക്കുന്നുണ്ടെങ്കില്‍, അവ 'ആരെങ്കിലും' ജല്‍പ്പിക്കുന്ന 'എന്തെങ്കിലുകളും' മാത്രമാണ്. തീരെ ബാലിശങ്ങളും പഠനത്തിനു വിധേയമാക്കാന്‍ അനര്‍ഹങ്ങളുമാകയാല്‍ അവയെ അവഗണിക്കുകയേ നമുക്ക് നിവൃത്തിയുള്ളു.

തവസ്സുലിന്നു 'ഇടതേട്ടം' എന്നു അര്‍ത്ഥം പറയുന്നതു തന്നെ യഥാര്‍ത്ഥത്തില്‍ പൂര്‍ണ്ണമായും ശരിയല്ല. 'ഇസ്തിഗാസയുമായിട്ടാണ് ഇടതേട്ടത്തിന്നു കൂടുതല്‍ അടുപ്പം. പക്ഷെ, പലരും ഇടതേട്ടത്തെ തവസ്സുലുമായി ബന്ധിപ്പിച്ചു മനസ്സിലാക്കുന്നതുകൊണ്ടു ആ അര്‍ത്ഥകല്പനയില്‍ നാമും ചര്‍ച്ച നടത്തി എന്നുമാത്രം. 'ഇടതേട്ടം' കൊണ്ട് ജനങ്ങള്‍ അര്‍ത്ഥമാക്കുന്നതു ഉന്നത സ്ഥാനായ അല്ലാഹുവിലേക്ക് സാധാരണക്കാരും പാപികളുമായ ആളുകള്‍ നേരിട്ടു അടുക്കുവാന്‍ ശ്രമിക്കുന്നതും സഹായത്തിന്നും രക്ഷക്കും വേണ്ടി നേരില്‍

പ്രാർത്ഥിക്കുന്നതും ഉചിതമല്ല. അതുകൊണ്ട് അല്ലാഹു കൂടുതൽ ഇഷ്ടപ്പെടുന്ന അമ്പിയാക്കളേയും ഔലിയാക്കളേയും സ്വാലിഹീങ്ങളേയും അല്ലാഹുവിൻേറയും തങ്ങളുടേയും ഇടയിൽ മദ്ധ്യസ്ഥരും മാധ്യമങ്ങളുമാക്കി നിർത്തുക. എന്നിട്ടു അവരവരുടെ ആവശ്യങ്ങളും ആവലാതികളും ഈ മാദ്ധ്യമങ്ങളിലൂടെ അല്ലാഹുവിനോടാവശ്യപ്പെടുകയും ചെയ്യുക. അങ്ങിനെയാകുമ്പോൾ തൻെറ ഇഷ്ടജനങ്ങളുടെ പ്രാർത്ഥനയും ശുപാർശയും അല്ലാഹു സ്വീകരിക്കാതിരിക്കുകയില്ല.

ഈ സങ്കൽപപ്രകാരം, അല്ലാഹു ഒരു രാജാവോ. മന്ത്രിയോ ഉയർന്ന ഉദ്യോഗസ്ഥനോ ആയി മാറുന്നു. രാജാക്കളുടേയും മന്ത്രിമാരുടേയും ഉദ്യോഗസ്ഥൻമാരുടേയും അടുക്കൽ അവരുടെ ബന്ധുക്കളേയും സ്വന്തക്കാരേയും സേവകൻമാരേയും ശുപാർശകരാക്കുന്നതു പോലെ അല്ലാഹുവിലേക്കും അവൻെറ ഇഷ്ടദാസന്മാരെ ശുപാർശകരാക്കണമെന്നു വരുന്നു. ഈ നിലക്കാണ് ഇടതേട്ട വാദികൾ തവസ്സുലിനെക്കുറിച്ച് പ്രചരണം നടത്തുന്നതും. എന്നാൽ, മനുഷ്യരായ ഭരണാധികാരികളെപോലെ കാര്യങ്ങൾ നേരിട്ടു ഗ്രഹിക്കാൻ കഴിയാത്തവനല്ല സർവ്വജ്ഞനായ അല്ലാഹു. അതുകൊണ്ടു ആർക്കും സംഗതികൾ അവനെ പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യം നേരിടുന്നില്ല. അതുപോലെ, ഭരണാധികാരികൾക്ക് ശുപാർശക്കാരുടെ ഉപദ്രവം ഭയന്നോ, ഉപകാരം കാംക്ഷിച്ചോ മററാ അവരുടെ ശുപാർശക്ക് വഴങ്ങേണ്ടി വരുന്നു അല്ലാഹുവിനാകട്ടെ, അങ്ങനെ ആരേയും പ്രീണിപ്പിക്കേണ്ട ആവശ്യവുമില്ല. ഇതെല്ലാം സർവ്വരും അംഗീകരിക്കുന്ന യാഥാർത്ഥ്യങ്ങളാണ്, അതിനാൽ എല്ലാം സൂക്ഷമാ

മായറിയുന്ന നീതിമാനും കാരുണികനും സർവ്വരാലും ആശ്രയിക്കപ്പെടുന്നവനും ആരുടേയും ആശ്രയം ആവശ്യമില്ലാത്തവനുമായ അല്ലാഹുവുമായി നേരിട്ടു അടുക്കുവാനും നേരിൽ പ്രാർത്ഥിക്കുവാനും യാതൊരു മദ്ധ്യവർത്തികളുടേയും ആവശ്യമില്ലെന്നും ആർക്കും ഏതവസരത്തിലും അവനോടു പ്രാർത്ഥിക്കാമെന്നും തന്റെ പ്രവാചകൻമാർ മുഖേനെ, അവൻ അറിയിക്കുകയും ചെയ്തതാണ്. ഏകദൈവ വിശ്വാസത്തിന്റെ (തൗഹീദ്) പ്രധാന ഭാഗമത്രെ ഇത്. ഇതിനെതിരിൽ എക്കാലത്തെയും ബഹുദൈവാരാധകർ സ്വയം സങ്കൽപ്പിച്ചെടുത്തതാണ് മേൽപറഞ്ഞ വിധമുള്ള ഇടതേട്ട മാധ്യമ തത്വം. ഇതിനെ തുടർന്നാണ് ഇടയാളൻമാർക്ക് നേർച്ച വഴിപാടുകൾ നൽകുക, അവരുടെ പേരിൽ ബലിയറുക്കുക, അവരുടെ ജാറങ്ങളിലും മഖ്ബറകളിലും സിയാറത്തുകളുടെ പേരിൽ ഉറൂസും ഉൽസവങ്ങളും സംഘടിപ്പിക്കുക, അവരുടെ ജൻമദിനങ്ങളും ആണ്ടുനേർച്ചകളും കൊണ്ടാടുക തുടങ്ങിയ പലതും ജൻമമെടുക്കുന്നത്. എല്ലാ സമുദായത്തിലും മതവിഭാഗത്തിലും ഇത്തരം സമ്പ്രദായങ്ങൾ നിരാക്ഷേപം നടത്തിവരികയും ചെയ്യുന്നു. യഥാർത്ഥത്തിൽ, ഏകദൈവാരാധനയിൽ നിന്നും വ്യതിചലിച്ചു ബഹുദൈവാരാധനയിൽ ചെന്നെത്തുവാൻ ഏറിയ കൂറും ഇവ കാരണങ്ങളായിത്തീരുന്നു.

وَالَّذِينَ اتَّخَذُوا مِنْ دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ
إِلَّا لِيُقَرِّبُونَا إِلَى اللَّهِ زُلْفَىٰ ، إِنَّ اللَّهَ يَحْكُمُ بَيْنَهُمْ
فِيمَا هُمْ فِيهِ يَخْتَلِفُونَ ۝ إِنَّ اللَّهَ لَا يَهْدِي مَنْ
هُوَ كَاذِبٌ كَفَّارٌ ( الزمر ٣ )

അല്ലാഹുവിന്നു പുറമെ ഔലിയാക്കളെ (സഹായികളെ വരിക്കുന്നവർ (പറയുന്നു). അല്ലാഹുവിലേക്ക് ഞങ്ങളെ കൂടുതൽ അടുപ്പിക്കാൻവേണ്ടി മാത്രമാണ് ഞങ്ങളവരെ ആരാധിക്കുന്നതു എന്നു. തീർച്ചയായും അല്ലാഹു അവർ തർക്കിക്കുന്ന കാര്യത്തിൽ അവർക്കിടയിൽ വിധി പറയുന്നതാകുന്നു. കളവു പറയുന്നവനും ധിക്കാരിയുമായവനെ അല്ലാഹു സൻമാർഗ്ഗത്തിൽ ചേർക്കുകയില്ലതന്നെ'

അല്ലാഹുവിന്നും മനുഷ്യർക്കുമിടയിൽ മദ്ധ്യവർത്തികളെ നിർത്തി അവരെ പ്രസാദിപ്പിച്ചു അല്ലാഹുവിലേക്ക് ശുപാർശക്കാരാക്കുന്നവരുടെ അടിസ്ഥാന ധാരണയും തത്വവുമാണ് ഈ സൂക്തം വ്യക്തമായി തന്നെ ഖണ്ഡിച്ചു പറഞ്ഞിരിക്കുന്നത്. അമ്പിയാ-ഔലിയാക്കളെ സംബന്ധിച്ചും ഇന്നത്തെ അധിക മുസ്ലിംകളുടെ ധാരണയും എല്ലാ നിലക്കും ഇതുതന്നെയാണെന്നു കാണാം.

ശൈഖ് ഇബ്നു ഹജറുൽ ഹൈതമി (റ) ശാഫി മദ്ഹബിലെ അറിയപ്പെട്ട ഒരു പണ്ഡിതനാണ്. മദ്ധ്യവർത്തി സങ്കൽപ്പത്തെ കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായം കാണുക.

ومن ذلك أن يجعل بينه وبين الله وسائطاً يتوكل عليهم ويدعوهم ويسألهم قالوا اجماعا – الا علام بقواطع الإسلام .

( هامش الزواجر ١٦٩ – ٢ )

'അല്ലാഹുവിന്നും മനുഷ്യർക്കുമിടയിൽ ഇടയാളരെ നിർത്തി കാര്യങ്ങൾ അവരുടെ മേൽ ഭരമേൽപ്പിക്കുകയും അവരെ

വിളിച്ചു പ്രാർത്ഥിക്കുകയും അവരിൽ നിന്ന സഹായം ചോദിക്കുകയും ചെയ്യുകയെന്നതു ഇസ്ലാമിൽ നിന്ന പുറത്തു പോകുന്ന കാര്യങ്ങളിൽ പെട്ടതാകുന്നു. അതിൽ പണ്ഡിതൻമാരുടെ ഏകാഭിപ്രായവും ( اجماع ) ഉണ്ട്". ഈ അഭിപ്രായം ഇബ്നു ഹജർ അംഗീകരിച്ചതായി 'ഫത്താവൽകുർദി'യിലും എടുത്തുദ്ധരിക്കുന്നു.

ഇമാം ശൗക്കാനീ അഭിപ്രായപ്പെടുന്നു:

فنقلا عن الشوكانى رضى الله عنه فى كتابه الدرّ النضيد

فالاجماع الصّحيح هو ما ذكره شيخ الاسلام رضى الله عنه

وتلقاه عنه الفقهاء فى كتبهم فانّه قال : ومن جعل بينه وبين الله

وسائط يدعوهم ويسألهم ويتوكل عليهم كفر اجماعا .

( صيانة الانسان ١٨٤ )

'ശൈഖുൽ ഇസ്ലാം ഉദ്ധരിക്കുകയും, മററു പണ്ഡിതൻമാർ അദ്ദേഹത്തിൽ നിന്നു സ്വീകരിച്ചു അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്തു—അല്ലാഹുവിന്നും മനുഷ്യർക്കുമിടയിൽ ഇടയാളരെ നിശ്ചയിച്ചു അവരോടു പ്രാർത്ഥിക്കുകയും, അവരോടു സഹായമഭ്യർത്ഥിക്കുകയും അവരുടെ മേൽ കാര്യങ്ങൾ ഭരമേൽപ്പിക്കുകയും ചെയ്യുകയെന്നത് തനി കുഫ്റാണെന്നും, അതിൽ മുസ്ലിം ലോകത്തിൻെറ ഐക്യം ( اجماع ) ഉണ്ടെന്നുമാകുന്നു'. (സിയാനത്തുൽ ഇൻസാൻ 184).

അല്ലാഹുവിനെ രാജാക്കന്മാരോടും ഭരണാധികാരികളോടും തുല്യപ്പെടുത്തുന്നതും ആ നിലക്ക് അവരോട്

വർത്തിക്കുന്നതും വിരോധിക്കപ്പെട്ട മഹാപാപം തന്നെയാണ്.

والمقصود هنا انّ من اثبت وسائط بين الله وبين خلقه كالو سائط التى تكون بين الملوك والرّعية فهو مشرك بل هذا دين المشركين حقا والاوثان ( صيانة ١٨٦ )

'അല്ലാഹുവിന്നും സൃഷ്ടികൾക്കുമിടയിൽ, രാജാക്കൾക്കും പ്രജകൾക്കുമിടയിലെന്നപോലെ മദ്ധ്യവർത്തികളെ വരിക്കുന്നവർ തീർച്ചയായും ബഹു ദൈവാരാധകൻ (മുശ്രിക്ക്) തന്നെയാകുന്നു. മാത്രമല്ല അതു ബഹു ദൈവാരാധകരുടെ മതവുമാകുന്നു'

[സിയാനത്ത്-186]

അപ്പോൾ, രാജാക്കൻമാരുടേയും മന്ത്രിമാരുടേയും ജഡ്ജിമാരുടേയുമൊക്കെ അടുത്തുനിന്നു കാര്യം സാധിക്കാൻ ശുപാർശകരേയും മദ്ധ്യ വർത്തികളേയും നിശ്ചയിക്കുന്നതുപോലെ, ഇടയാളർ മുഖേനെ, അവരോട് ആവശ്യങ്ങൾ ബോധിപ്പിച്ച്, അവർ അല്ലാഹുവിൽ നിന്നു കാര്യം സാധിച്ചുതരുമെന്ന വിശ്വാസത്തിൽ നടത്തുന്ന ഇടതേട്ടം (തവസ്സുൽ) കുഫ്റും ശിർക്കുമാണെന്നതിൽ പണ്ഡിതൻമാർക്ക് സംശയമില്ല. പക്ഷെ, ഈ നിലക്കുള്ള തവസ്സുലു തന്നെയാണ് ഇന്ന് ഏറിയ കുറും നടന്നു വരുന്നതും. അതുകൊണ്ടാണ്, ഇതെല്ലാം തവസ്സുലിൽപെട്ട നിലക്ക് നാം വിശകലനം ചെയ്തതും. അല്ലെങ്കിലും തവസ്സുലും ഇസ്തിഗാസയും തമ്മിൽ കൂട്ടിക്കുഴച്ചു, അനന്തരം തവസ്സുലെന്ന പേരിൽ എല്ലാം ന്യായീകരിക്കുകയാണല്ലോ ഇവിടെ ഇടതേട്ട വാദികൾ?

ശൈഖ് ദഹ്ലാൻ വ്യക്തമായിതന്നെ അങ്ങനെ പ്രസ്താവിച്ചത് മുൻ അദ്ധ്യായത്തിൽ നാം എടുത്തുദ്ധരിച്ചതുമാണ്.

അല്ലാഹുവിനോട് പ്രാർത്ഥിക്കുമ്പോൾ, മഹാന്മാരെക്കൊണ്ടും, അവരുടെ 'ഹഖ്' (അവകാശം) 'ജാഹ്' (സ്ഥാന ബഹുമാനം) 'ബർക്കത്ത്' (ഗുണ വർദ്ധനവ്) 'ഹുർമത്ത്' (ആദരവ്) തുടങ്ങിയ കാര്യങ്ങൾ മുൻനിർത്തി ചോദിക്കുന്ന സമ്പ്രദായവും ഇവിടെ നടപ്പിലുണ്ട്. 'മുഹ്യിദ്ദീൻ ശൈഖിനെകൊണ്ടു, അല്ലെങ്കിൽ ബദ്രീങ്ങളെക്കൊണ്ട് എന്റെ രോഗം മാററിത്തരേണമേ അല്ലാഹുവേ' എന്ന് പ്രാർത്ഥിക്കുന്നതു പോലെ. ഈ പ്രാർത്ഥനയും തവസ്സുലിൽപെട്ടതു തന്നെ. എന്നല്ല; ഇതാണ് തവസ്സുലിന്റെ ശരിയായ രൂപവും. ഈ പ്രാർത്ഥനയുടെ അർത്ഥവും ആശയവും അങ്ങേയററം ദുരൂഹമാണ്. എന്താണിതുകൊണ്ടുദ്ദേശിക്കപ്പെടുന്നത് എന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ട്. കത്തികൊണ്ടു മുറിച്ചു; പേനകൊണ്ടെഴുതി, വെള്ളംകൊണ്ടു ദാഹം തീർന്നു എന്നൊക്കെ പറഞ്ഞാൽ മുറിക്കാനും എഴുതാനും ദാഹം തീർക്കാനുമുള്ള വസ്തുക്കളാണ് കത്തിയും പേനയും വെള്ളവുമെന്ന് മനസ്സിലാക്കാം. എന്നാൽ, മുഹ്യിദ്ദീൻ ശൈഖിനെകൊണ്ടു എന്റെ രോഗം മാറി, ബദ്രീങ്ങളെകൊണ്ടു ഞാൻ രക്ഷപ്പെട്ടു എന്നൊക്കെ പറഞ്ഞാൽ, രോഗം മാറാനും രക്ഷപ്പെടാനുമുള്ള വസ്തുക്കളാണ് മുഹ്യിദ്ദീൻ ശൈഖും ബദ്രീങ്ങളുമെന്നാണോ ഉദ്ദേശം? ഇനി അവരുടെ 'മഹത്വം'കൊണ്ട് എന്നാണുദ്ദേശമെങ്കിൽ, അവരുടെ മഹത്വവും രോഗ ശാന്തിയും രക്ഷപ്പെടലുമൊക്കെയായി എന്താണ് ബന്ധം? ഇനി 'കൊണ്ട്' എന്നർത്ഥം

കുറിക്കുന്ന 'ബി', 'സത്യ'ത്തിന്റെ അർത്ഥത്തിലാണെങ്കിൽ, മുഹ്യിദ്ദീൻ ശൈഖിനെകൊണ്ടും ബദ്രീങ്ങളെകൊണ്ടും സത്യം ചെയ്താണ് ഈ പ്രാർത്ഥനയെങ്കിൽ, അതു, അല്ലാഹുവല്ലാത്തവരെകൊണ്ടു 'സത്യം' ചെയ്യുകയെന്ന 'ശിർക്കി'ൽ ഉൾപ്പെടുന്നു. ഏതടിസ്ഥാനത്തിൽ വ്യാഖ്യാനിച്ചാലും നിരർത്ഥവും ആപൽക്കരവുമാണ് മഹാൻമാരെ വിളിച്ചുകൊണ്ടുള്ള പ്രാർത്ഥ എന്നതിൽ ഒരു സംശയവുമില്ല.

ഇനി, ഔലിയാക്കൾക്കും മഹാൻമാർക്കും അല്ലാഹുവിന്റെ മേലുള്ള 'ഹഖ്' (അവകാശം) കൊണ്ടു രോഗം മാറുമെന്നും കാര്യം സാധിക്കുമെന്നമാണുദ്ദേശമെങ്കിൽ, സൃഷ്ടികളിൽ ആർക്കം അങ്ങനെയൊരു 'ഹഖും' അല്ലാഹുവിങ്കൽ ഇല്ലെന്നതാണ് പരമാർത്ഥം. എങ്കിൽ, ആർക്കം ഉടമപ്പെടാത്ത ഒരവകാശം എങ്ങനെ അവലംബമാക്കാൻ പററും? എന്നിരുന്നാലും താരതമ്യേന അപകടം കുറഞ്ഞ ഈ അർത്ഥത്തിലുള്ള തവസ്സുലും തെററും കുററവുമാണെന്ന് ഇമാം അബൂ ഹനീഫ (റ) പ്രസ്താവിക്കുന്നു. ഹനഫീ മദ്ഹബിലെ ആധികാരിക ഗ്രന്ഥമായ 'അദ്ദുറുൽ മുഖ്താറി'ൽ ( الدّر المختار ) പ്രസ്താവിക്കുന്നു.

وكره قوله بحق رسلك وانبيائك واوليائك وبحق البيت لانّه لا حق للخلق على الخالق تعالى ( ٢ - ٤٣٠ )

'നിന്റെ ദൂതൻമാരുടെ, അല്ലെങ്കിൽ പ്രവാചകന്മാരുടെ, അല്ലെങ്കിൽ ഔലിയാക്കളുടെ ഹഖ് കൊണ്ട്' എന്നോ 'കഅ്ബ'യുടെ ഹഖ്കൊണ്ട്' എന്നോ പറഞ്ഞു അല്ലാഹു

വോട് ചോദിക്കൽ തെററായ (വെറുക്കപ്പെട്ട) കാര്യമാകുന്നു. എന്തുകൊണ്ടെന്നാൽ സൃഷ്ടാവായ അല്ലാഹുവിൻെറ മേൽ അവനെയൊരു ഹഖും സൃഷ്ടികാംക്കില്ല'.

ഈ വചനത്തിലെ كره എന്ന പദം تحريم (വിരോധത്തിൻേറതാണെന്നും പരലോകത്ത് ശിക്ഷ ലഭിക്കുന്ന പാപങ്ങാംക്ക് പ്രയോഗിക്കപ്പെടുന്നതാണെന്നുമത്രെ ഹനഫീ മദ്ഹബിലെ പ്രമാണം. ഇമാം അബൂ ഹനീഫയുടെ ഇതേ അഭിപ്രായം തന്നെ ശൈഖ് മഹമൂദുൽ ആലൂസിയും രേഖപ്പെടുത്തുന്നു.

ومن النّاس من منع التوسل بالذّات والقسم على الله باحد

من خلقه مطلقا وهو الذى ترشح اليه كلام المجد ابن تيمة

ونقله عن الامام ابى حنيفة وابى يوسف وغيره من العلماء الا

علام ( تفسير روح المعانى سورة النور )

'ദാത്ത് (തടി) കൊണ്ടുള്ള തവസ്സുലും സൃഷ്ടികളിൽ ആരെയെങ്കിലും കൊണ്ടു അല്ലാഹുവോടു ചോദിക്കലും വിരോധിച്ചു പറഞ്ഞവരുണ്ട്. ഇബ്നു തീമിയ്യയുടെ വാക്കുകാം നിർദ്ദേശിക്കുന്നതു അതുതന്നെയാണ്. ഇമാം അബൂ ഹനീഫാ (റ), അബു യൂസുഫ് (റ) മുതലായ പണ്ഡിതൻമാരിൽ നിന്നു അദ്ദേഹം അതെടുത്തുദ്ധരിക്കുകയും ചെയ്തിരിക്കുന്നു'. (തഫ്സീറു റൂഹുൽ മആനീ–സൂറത്തുത്തുന്നൂർ.)

ഇടത്തേട്ടവാദികളുടെ ഗുരുവും ഇമാമുമായ ശൈഖ് ദഹ്ലാൻ, തൻെറ അണികളെ ഒതുക്കി നിർത്താൻ വേണ്ടി

അബൂ ഹനീഫ (റ)യുടേയും ശൈഖ് മഹ്മൂദു ആലൂസി (റ)യുടേയും മേൽ പ്രസ്താവന നിഷേധിക്കുകയും കള്ളമാണെന്നു പ്രസ്താവിക്കുകയും ചെയ്യുന്നു. അദ്ദേഹം പറയുന്നു:

فهو نقل غير صحيح اذ لم ينقله عن الامام احد من اهل مذهبه ( الدرر السنية ٣٤)

'ഇമാം അബൂഹനീഫ (റ) തവസ്സുൽ നിഷേധിച്ചുവെന്നു ശൈഖ് ആലൂസി (റ) ഉദ്ധരിച്ചത് ശരിയല്ലാത്ത റിപ്പോർട്ടാകുന്നു. ഹനഫീ മദ്ഹബിൽ പെട്ട ആരും അബൂ ഹനീഫയിൽ നിന്നു അങ്ങനെ ഉദ്ധരിച്ചിട്ടില്ല'. എന്നാൽ, സ്വന്തം കണ്ണടക്കുകയും താനൊന്നും കാണാത്തതുപോലെ മററുള്ളവരും ഒന്നും കാണുന്നില്ലെന്നു വാദിക്കുകയുമാണ് ദഹ്‌ലാൻ ഇവിടെ ചെയ്യുന്നത്. എന്തെന്നാൽ, ഹനഫീ മദ്ഹബിലെ അംഗീകൃതവും ആധികാരികവുമായ 'അദ്ദുർറുൽ മുഖ്താർ' എന്ന ഗ്രന്ഥത്തിൽ നിന്നു തവസ്സുലിനെതിരിലുള്ള ഇമാം അബൂ ഹനീഫയുടെ അഭിപ്രായം നാം മേലെ ഉദ്ധരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥം ദഹ്‌ലാൻ കാണാത്തതുകൊണ്ടോ, അല്ലെങ്കിൽ, ശൈഖു ആലൂസിയുടെ മേൽ കരുതിക്കൂട്ടി ഒരു നുണ ആരോപിക്കാൻ ഉദ്ദേശിക്കുന്നതുകൊണ്ടോ-അല്ലെങ്കിൽ തൻെറ അനുയായികളെ തെററുകളിൽ തന്നെ തളച്ചിടുവാനോ-ഏതു നിലക്കാണ് ഈ നിഷേധം നടത്തിയതെന്നറിയില്ല. ഇടതേട്ടം ന്യായീകരിക്കാനുള്ള തത്രപ്പാടിൽ അറിവും വിവേകവും നഷ്ടപ്പെട്ടുവെന്നതായിരിക്കാം കാരണം. ഇതുപോലെ, ശക്തിയായ ഭാഷയിൽ തവസ്സുൽ വിരോധിച്ചു പറഞ്ഞ

അബൂ ഹനീഫയുടെ ഖബറിടത്തിൽ ചെന്നു ഇമാം ശാഫിഈ (റ) അബൂ ഹനീഫാ (റ) വിനെക്കൊണ്ട് 'ഇടതേടി' എന്ന ഒരു കഥയും അദ്ദേഹം കെട്ടിച്ചമച്ചുണ്ടാക്കുന്നു. പറയാൻ തുടങ്ങിയാൽ എന്തും പറയാമല്ലോ?

ജാഹ്, ഹുർമത്ത്, ബർക്കത്ത്...തുടങ്ങിയവകൾ കൊണ്ടുള്ള തവസ്സുലും അനുവദനീയങ്ങളല്ല. ഇസ്ലാമിൽ അവയ്ക്കൊന്നിനും ഒരു തെളിവുമില്ലെന്നതു തന്നെ കാരണം. ശൈഖു മഹമൂദുൽ ആലൂസി (റ) പറയുന്നു:

نعم، لم يعهد التوسل بالجاه والحرمة عن احد من الصحابة

رضى الله عنهم ( روح المعانى - مائدة )

'ജാഹ്കൊണ്ടും ഹുർമത്തുകൊണ്ടുമൊക്കെയുള്ള തവസ്സുൽ സമ്പ്രദായം സ്വഹാബത്തിൽ ആരിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ചുരുക്കത്തിൽ, മഹാൻമാരെക്കൊണ്ടോ, അവരുടെ ഹഖ്, ജാഹ്, ഹുർമത്ത്, ബർക്കത്തുകൾകൊണ്ടോ ഇടതേട്ടം നടത്തുന്നതിന്നു സ്വീകാര്യയോഗ്യമായ ഒരു തെളിവും ഇസ്ലാമിലില്ല. നബിയോ സ്വഹാബത്തിൽ നിന്നാരെങ്കിലുമോ അതു ചെയ്തു കാണിച്ചിട്ടുമില്ല. അതുകൊണ്ടുതന്നെ അതു നിഷിദ്ധമായ ബിദ്അത്ത് ആണെന്നതിൽ സംശയിക്കാനില്ല. ബിദ്അത്തുകൾ സൻമാർഗ്ഗത്തിൽനിന്നുള്ള വ്യതിചലനമാണെന്നതിലും രണ്ടു പക്ഷമില്ല. പൂർവ്വ സമുദായങ്ങൾ യഥാർത്ഥ മത നിയമങ്ങളിൽനിന്നു അകന്നു

പോകുവാനുണ്ടായ ഏററവും പ്രധാന കാരണം അവർ മതത്തിൽ ബിദ്അത്തുകൾ കെട്ടിച്ചമച്ചുണ്ടാക്കി അതു അവരുടെ മതത്തിൽ കൂട്ടിച്ചേർത്തു എന്നതാണെന്ന വസ്തുത നാം ഒരിക്കലും മറക്കരുത്. അതുകൊണ്ടെല്ലാംതന്നെ പൂർവ്വ സമുദായത്തെ പിൻ പററുന്നതിനെ എത്ര ഗൗരവത്തോടെയാണ് നബി (സ) വിരോധിച്ചിട്ടുള്ളത്. ബിദ്അത്തുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച് നബി (സ) പറയുന്നത് ശ്രദ്ധയിൽ ഇരിക്കട്ടെ

عن عائشة رضى الله عنها قالت قال رسول الله صلى الله

عليه وسلم : من احدث فى امرنا هذا ما ليس منه فهو رد ٥

متفق عليه ( مشكاة المصابيح ٢٧ - ١ )

'നമ്മുടെ ഈ (മത) കാര്യത്തിൽ ആരെങ്കിലും അതിൽ പെടാത്ത പുതിയ വല്ലതും നിർമ്മിച്ചുണ്ടാക്കിയാൽ അതു തള്ളപ്പെടേണ്ടതാകുന്നു'. [ബുഖാരി, മുസ്ലിം] മുസ്ലിം റിവായത്തു ചെയ്ത മറെറാരു നബി വചനം ശ്രദ്ധേയമാണ്. അതു എല്ലാ പ്രസംഗത്തിൻെറയും ആരംഭത്തിൽ ജനങ്ങളെ കേൾപ്പിക്കാറുണ്ടായിരുന്നു. അത് ഇവിടെ യോജിക്കുന്നു.

عن جابر رضي الله عنه قال قال رسول الله صلى الله عليه وسلم

أما بعد فان خير الحديث كتاب الله وخير الهدى هـدى محمـد

صلى الله عليه وسلم وشر الأمور محدثاتها وكل بدعة ضلالة

ـــ رواه مسلم مشكاه المصابيح

'വാക്കുകളിൽവെച്ച് ഏററവും ഉത്തമമായിട്ടുള്ളത് അല്ലാഹുവിൻെറ കിത്താബാകുന്നു. ജീവിതചര്യകളിൽ ഏററവും ഉത്തമമായിട്ടുള്ളത് മുഹമ്മദ് നബിയുടെ ജീവിതചര്യയാകുന്നു. കാര്യങ്ങളിൽ ഏററവും ചീത്ത യായിട്ടുള്ളത് മതത്തിൽ പുതുതായി നിർമ്മിക്കപ്പെട്ട താകുന്നു. എല്ലാ ബിദ്അത്തുകളും വഴിപിഴച്ചതു മാണ്. (മുസ്ലിം) ബിദ്അത്തുകളിൽനിന്ന് അല്ലാ ഹു നമ്മളെ കാത്തു രക്ഷിക്കട്ടെ-ആമീൻ.

مطابع الحميضي
AL-HOMAIDHI PRESS - TEL. : 4981000 - FAX : 4980217

**سئلت اللجنة الدائمة للبحوث العلمية والإفتاء بالمملكة العربية السعودية هذا السؤال ،وأجابت عليه بالفتوى رقم ( ٢٠٠٦٢ ).**

**السؤال / هل طباعة الكتب الشرعية الصحيحة ينتفع بها الإنسان بعد موته ، ويدخل في العلم الذي ينتفع به كما جاء في الحديث ؟**

**الجواب /** طباعة الكتب المفيدة التي ينتفع بها الناس في أمور دينهم ودنياهم هي من **الأعمال الصالحة** التي يثاب عليها في حياته ، ويبقى أجرها ، ويجري نفعها له بعد مماته ، ويدخل في عموم قوله ﷺ فيما صح عنه من حديث أبي هريرة رضي الله عنه أن رسول الله ﷺ قال " إذا مات الإنسان انقطع عمله إلا من ثلاث صدقة جارية أو علم ينتفع به أو ولد صالح يدعو له " رواه مسلم في صحيحه والترمذي والنسائي والإمام أحمد . وكل من ساهم في إخراج هذا العلم النافع يحصل على الثواب العظيم سواء كان مؤلفا له أو ناشرا له بين الناس أو مخرجا أو مساهما في طباعته كل بحسب جهده ومشاركته في ذلك .

**اللجنة الدائمة للبحوث العلمية والإفتاء**

المملكة العربية السعودية
وزارة الشؤون الإسلامية والأوقاف والدعوة والإرشاد
المكتب التعاوني للدعوة والإرشاد
وتوعية الجاليات بغرب الديرة

٦٣




# അത്തവസ്സുൽ

## കെ.വി.മുഹമ്മദുബ്നു അഹ്മദ്(റ)

# التوسل

المليبارية

مع تحيات المكتب التعاوني للدعوة والإرشاد وتوعية الجاليات بغرب الديرة
هاتف : ٤٣٩١٩٤٢ ناسوخ : ٤٣٩١٨٥١ ص.ب : ١٥٤٤٨٨ الرياض : ١١٧٣٦
حساب رقم : ٤/٩٣٤٠ شركة الراجحي المصرفية فرع سلطانة

مطابع الحميضي
هاتف : ٤٥٨١٠٠٠